لا اله الا الله محمد رسول الله

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


പുസ്തകം 76
ലക്കം 8
ആഗസ്റ്റ് - സെപ്റ്റംബർ 2005
സുഹൂർ -തബൂക്ക് 1384
ജ: ആഖർ-റജബ്-ശഹബാൻ 1426



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**



4 ***യുഗശബ്ദം***

5 ***മുഖക്കുറിപ്പ്***

**ലേഖനം**

6 ***ആത്മസംസ്ക്കരണം***
ഹദ്റത്ത് അഹ്മദ് (അ)

9 ***ഭീതിയാണോ ദൈവത്തെ സൃഷ്ടിച്ചത്?***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

13 ***പരിസ്ഥിതി: ഖുർആനിക വീക്ഷണം***
മാഹ ഡാബ്ബസ് യു. കെ.

19 ***രമ്യമനോഹരമായ പ്രപഞ്ച വ്യവസ്ഥ***
മുഹമ്മദ് സഫറുല്ലാഹ് ഖാൻ

22 ***വംശീയതയും ഇസ്‌ലാമും***
എ.എം. മുഹമ്മദ് സലീം

26 ***ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി (റ)***
ഏ. പി. അബ്ദുറഹിം

29 ***ലണ്ടൻ സ്ഫോടനവും അഹ്മദിയ്യത്തിന്റെ വിമർശകരും***
ഇ. അബ്ദുറഹിമാൻ, കൊടിയത്തൂർ

32 ***'നാലാം ഖലീഫയുടെ ഹിജ്റത്തും സിയാവുൽ ഹഖിന്റെ വിമാന ദുരന്തവും'***
ഏ. ക്യു. മഹ്ദി

40 ***ആണവ യുദ്ധാനന്തരം മനുഷ്യസമൂഹത്തിന്റെ ഭാവിയെന്ത്?***
ഏ.പി. കുഞ്ഞാമു

42 ***ഏ. പി. കുഞ്ഞാമു സാഹിബ് കേരള ഇമാറത്തിൽ , സേവനത്തിന്റെ ഒരു വ്യാഴവട്ടം***
ഏ.എം.

**കവിത**

28 ***ഒരു ബോട്ടുയാത്ര***
മുഹമ്മദ് ഫസൽ

***കുറിപ്പുകൾ, വാർത്തകൾ, അനുസ്മരണം***


*മുഖചിത്രം :* **സുൽത്താൻ മോസ്ക്, സിങ്കപ്പൂർ (മുഗൾ വാസ്തുശില്പത്തിന്റെ സ്വാധീനം പ്രകടമാണ് ).**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

വിശ്വസിച്ചവരെ, അല്ലാഹുവിനെ അനുസരിക്കുക ദൂതനേയും അനുസരിക്കുക നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. ***(അന്നിസാഅ്: 60)***


സമാധാനത്തിന്റെയോ ഭീതിയുടെയോ വല്ല വാർത്തയും അവർക്കെത്തിയാൽ അവർ അത് പ്രചരിപ്പിക്കുന്നു. അതിനെ അവർ ദൈവദൂതനിലേക്കും അവരിൽ നിന്നുള്ള അധികാരസ്ഥരിലേക്കും തിരിച്ചിരുന്നുവെങ്കിൽ അവരിൽ നിന്ന് സൂക്ഷ്മാവസ്ഥ കണ്ടുപിടിക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുമായിരുന്നു.

***(അന്നിസാഅ്: 84)***

## നബിവചനം

അവുഫ്ബ്നു മാലിക്കിൽ നിന്നും നിവേദനം: 'ഏറ്റവും നല്ല ഭരണാധികാരി നിങ്ങളാൽ സ്നേഹിക്കപ്പെടുന്നവനും നിങ്ങളെ സ്നേഹിക്കുന്നവനുമാണ്. നിങ്ങളാൽ പ്രാർത്ഥിക്കപ്പെടുന്നവനും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നവനുമാണ്. നിങ്ങളുടെ ഏറ്റവും മോശപ്പെട്ട ഭരണാധികാരി നിങ്ങളാൽ ശപിക്കപ്പെടുന്നവനും നിങ്ങളെ ശപിക്കുന്നവനുമാണ്.' ***(മുസ്‌ലിം)***

# ഇത് പരീക്ഷണത്തിന്റെ കാലം



**വാഗ്ദത്ത മസീഹ്**

അല്ലയോ എന്റെ 'ബൈഅത്തിൽ' പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരെ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ; ഇന്നു നിങ്ങൾ വളരെ കുറച്ചു പേരാണ്. നിങ്ങൾ നിന്ദാദൃഷ്ടിയോടെ വീക്ഷിക്കപ്പെടുകയും ചെയ്യുന്നു. നിങ്ങൾ ഒരു പരീക്ഷണകാലഘട്ടത്തെ തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. പണ്ടുപണ്ടേ നടന്നുപോന്ന അല്ലാഹുവിന്റെ ഒരു സുന്നത്തനുസരിച്ചുള്ളതാണിത്. നിങ്ങൾ തോറ്റുപോകുന്നതിന് എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള ശ്രമങ്ങളുണ്ടാകും. നിങ്ങൾ എല്ലാ പ്രകാരത്തിലും ഭർത്സിക്കപ്പെടുകയും പലവിധങ്ങളായ ദുർഭാഷണങ്ങൾ നിങ്ങൾക്ക് കേൾക്കേണ്ടി വരികയും ചെയ്യും. നാവുകൊണ്ടോ കൈകൊണ്ടോ നിങ്ങളെ ദുഃഖിപ്പിക്കുന്ന ഓരോ ആളും തങ്ങൾ ഇസ്‌ലാമിനെ സഹായിക്കുകയാണെന്നു കരുതും. ദൈവികമായ ചില പരീക്ഷണങ്ങളും നിങ്ങളുടെ മേൽവരും. എല്ലാതരത്തിലും നിങ്ങൾ പരീക്ഷിക്കപ്പെടാൻ വേണ്ടിത്തന്നെ. ***(ഇസാലയെ ഔഹാം)***

മുഖക്കുറിപ്പ്

# കേരളത്തിൽ ആറ് അമീർമാർ

കാശ്മീർ, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്ന സുബായി ഇമാറത്തിനു പകരം മേഖലകളായി വിഭജിച്ച് ഓരോ അമീറിനു കീഴിലായി ജമാഅത്ത് പുനഃസംഘടിപ്പിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് തിരുമനസ്സിൽ നിന്ന് ഉത്തരവായിരിക്കുന്നു. അതിന്റെ ഭാഗമായി 2005 ജൂലൈ മാസം മുതൽ കേരളത്തിൽ സംസ്ഥാന ഇമാറത്തിനുപകരം ആറു മേഖലകളിലായി ആറു അമീർമാർ നിയമിതരായിരിക്കുകയാണ്. എൻ കുഞ്ഞഹമ്മദ് മാസ്റ്റർ (കാസർകോട്, കണ്ണൂർ), എ.പി. കുഞ്ഞാമു സാഹിബ് (കോഴിക്കോട്, വയനാട്) പി. മുഹമ്മദലി മാസ്റ്റർ (മലപ്പുറം) പ്രൊഫ: അബ്ദുൾ കരീം സാഹിബ് (തൃശൂർ, പാലക്കട്) ബി.ബി. അഹ്മദ് കബീർ സാഹിബ് (എറണാകുളം, ആലപ്പുഴ, ഇടുക്കി) പ്രൊഫ. അബ്ദുൾ ജലീൽ സാഹിബ് (കൊല്ലം, തിരുവനന്തപുരം) എന്നിവരാണ് പുതിയ അമീർമാർ. ഖലീഫത്തുൽ മസീഹ് തിരുമനസ്സിന്റെ ഈ അനുഗൃഹീത സംവിധാനത്തിനു കീഴിൽ കേരളത്തിൽ അഹ്മദിയ്യാ ജമാഅത്ത് ഒരു വൻകുതിച്ചുചാട്ടത്തിന് തയ്യാറെടുക്കുകയാണ്. കേരളത്തിലെങ്ങും അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് പഠിക്കാനും, മനസ്സിലാക്കാനും, സ്വീകരിക്കാനും ആവേശകരമായ ഔത്സുക്യം പ്രകടിതമായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഈ പുന:സ്സംഘടന കേരളത്തിലെ അഹ്മദിയ്യ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറുകയാണ്. ആറു അമീർമാർക്കും സത്യദൂതന്റെ അകമഴിഞ്ഞ ആശംസകൾ. അവരുടെ എല്ലാ പ്രവർത്തനങ്ങളിലും അല്ലാഹുവിന്റെ അനുഗ്രഹവർഷം ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വാഗ്ദത്ത മസീഹിന്റെ കാലത്ത് തന്നെ അഹ്മദിയ്യത്തിന്റെ ഇസ്ലാമിക സന്ദേശം കേരളത്തിൽ എത്തിയിരുന്നു. കണ്ണൂരിലെ പ്രമുഖ വ്യാപാരിയായിരുന്ന എടപ്പകത്ത് അബ്ദുൾ ഖാദിർ കുട്ടി സാഹിബും മറ്റു ആറു വ്യക്തികളും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവർഷങ്ങളിൽ കണ്ണൂരിൽ നിന്നു തന്നെ അഹ്മദിയ്യത്ത് അംഗീകരിച്ചതായി മനസ്സിലാവുന്നു. 1915 നവം. 23ാം തിയ്യതിയാണ് കണ്ണൂരിൽ ആദ്യമായി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സ്ഥാപിതമായത്. കളത്തിൽ അബ്ദുൾ ഖാദിർക്കോയ സാഹിബായിരുന്നു പ്രസിഡണ്ട്. പിന്നീട് പഴയങ്ങാടി കൂടാളി, കോഴിക്കോട് എന്നിവിടങ്ങളിൽ ജമാഅത്ത് രൂപീകൃതമായി. അറുപതുകളിൽ 'അഹ്മദിയ്യാ സെൻട്രൽ കമ്മിറ്റി, കേരള' എന്ന പേരിൽ ഒരു സംസ്ഥാന നേതൃസംവിധാനം വന്നുവെങ്കിലും പൂർണ്ണമായ സംസ്ഥാന ഇമാറത്ത് 1985 സപ്തം 18നാണ് രൂപീകൃതമായത്. ആദരണീയനായ സിദ്ധീക് അമീറലി സാഹിബ് ആയിരുന്നു പ്രഥമ അമീർ. അദ്ദേഹം വഫാത്തായതിനു ശേഷം 1989ൽ ഡോ. ബി. മൻസൂർ അഹ്മദ് സാഹിബ് ആണ് സംസ്ഥാന അമീറായി നിയോഗിതനായത്. 1993 മുതൽ ആ സ്ഥാനം വഹിക്കുന്നത് എ.പി. കുഞ്ഞാമു സാഹിബ് ആയിരുന്നു. സംസ്ഥാന ഇമാറത്ത് സംവിധാനം അവസാനിപ്പിക്കുന്നത് വരെ 12 വർഷം അദ്ദേഹമായിരുന്നു അമീർ. ഇന്ന് കേരളത്തിൽ 51 സ്ഥലങ്ങളിൽ ജമാഅത്ത് രൂപീകൃതമായിട്ടുണ്ട്.

അഗ്നിപരീക്ഷണങ്ങളുടെ തീക്കനൽ താണ്ടിയാണ് കേരളത്തിൽ അഹ്മദിയ്യാ ജമാഅത്ത് വളർന്നുവന്നത്. പ്രവാചക പ്രസ്ഥാനങ്ങൾക്ക് മാത്രം വിധിച്ച ത്യാഗത്തിന്റെയും, സമർപ്പണത്തിന്റെയും, സാത്വികവിശുദ്ധിയുടെയും വീഥിയിൽ റസൂൽ തിരുമേനി(സ) കൊളുത്തിയ ദീനുൽ ഇസ്ലാമിന്റെ ദീപശിഖയുമേന്തി വാഗ്ദത്ത മസീഹിന്റെ ഈ സാർത്ഥവാഹക സംഘം ലക്ഷ്യത്തിലേക്കുള്ള പ്രയാണം തുടരുകയാണ്. റസൂൽ തിരുമേനി(സ)യുടെ ഈ പ്രകാശ ദീപത്തെ ഊതിക്കെടുത്തുവാൻ ശ്രമിക്കുന്നവരെല്ലാം നിരാശയുടേയും പരാജയത്തിന്റേയും പടുകുഴിയിൽ ആപതിക്കുക തന്നെ ചെയ്യും. ചരിത്രത്തിന്റെ ഗതിമാറ്റങ്ങൾ നോക്കി പാർത്തുകൊണ്ടിരിക്കുന്നവർ അറിഞ്ഞു കൊള്ളുക. ആറുകേന്ദ്രങ്ങളിൽ നിന്നും അല്ലാഹുവിന്റെ പിന്തുണയുള്ള അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തനം ആരംഭിക്കുമ്പോൾ, ഭാവിയിലെ കേരളത്തിന്റെ ഇസ്ലാമിക ചരിത്രത്തിന്റെ ഗതി ക്രമേണ അഹ്മദിയ്യാ ധാരയിലേക്ക് പ്രവഹിക്കുന്നത് അവർക്ക് കാണാം. ഇൻശാ അല്ലാഹ്. □

സ്വന്തം തൂലികയിലൂടെ

# ആത്മസംസ്കരണം

## ഹദ്റത്ത് അഹ്മദ് (അ)

ഓരോരുത്തരും അവരവരുടെ ശുദ്ധീകരണം നടത്തേണ്ടതാണ്. ഒരു കർമ്മവും ചെയ്യാതെ 'ഞാൻ ബയ്അത്തു ചെയ്തു' എന്നു പറയുന്നതു കൊണ്ടു മാത്രം ഒരു കാര്യവുമില്ല. 'ലിമ തഖൂലൂന മാലാ തഫ്അലൂൻ' വിശ്വസിച്ചവരേ, നിങ്ങൾ പ്രവർത്തിക്കാത്തതെന്തിന് നിങ്ങൾ പറയുന്നു: എന്ന് വിശുദ്ധ ഖുർആനിൽ ചോദിക്കുന്നു. സാബിഖുനിൽ – സ്വഹാബാക്കളായ മഹാത്മാക്കളുടെ കൂട്ടത്തിൽ പ്രവേശിക്കാനുള്ള കാലമാണിത്. അതായത് നന്മകൾ ചെയ്യുന്നതിൽ മുൻകടക്കുക. ഓരോരുത്തർക്കും അവരവരുടെ കർമ്മങ്ങൾ മാത്രമേ പ്രയോജനം ചെയ്യുകയുള്ളൂ. പൊള്ളയായ വാദവും പൊങ്ങച്ചവും ഒന്നിനും ഉപകരിക്കുകയില്ല. ഹദ്റത് ഫാത്വിമ(റ)യോട് നബി(സ) തിരുമേനി പറഞ്ഞു: ''ഫാത്വിമാ, നിന്റെ ആത്മാവിനെക്കുറിച്ച് നീ തന്നെ ചിന്തിച്ചുകൊള്ളുക. (അന്നാളിൽ) ഞാൻ നിനക്ക് ഉപയോഗപ്പെടുകയില്ല. അല്ലാഹുവിന് ആരോടും കുടുംബബന്ധമൊന്നും ഇല്ലെന്ന കാര്യം ഓർത്തു കൊള്ളുക. നിന്റെ പിതാവ് ആരെന്ന് അവിടെ ചോദിക്കുകയില്ല. കർമ്മങ്ങളെ കുറിച്ചായിരിക്കും ചോദിക്കുക."

മനുഷ്യരിൽ ചെറുതും വലുതുമായ പല തരത്തിലുള്ള പാപങ്ങൾ – ആലസ്യം, അഹങ്കാരം, അച്ചടക്കരാഹിത്യം തുടങ്ങിയവ ഉണ്ടാകാറുണ്ട്. അവയിൽ നിന്നെല്ലാം രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. മനുഷ്യാത്മാവിന്റെ മൂന്നു അവസ്ഥകൾ അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്. അമ്മാറ, ലവ്വാമ, മുത്മയിന്ന. നഫ്സ് അമ്മാറ – ദോഷപ്രവണമായ ആത്മാവ് എപ്പോഴും മനുഷ്യനെ പാപകർമ്മത്തിലേക്കും അനുസരണക്കേടിലേക്കും വലിച്ചുകൊണ്ടിരിക്കുന്നു. ഇത് അപകടകരമാണ്. നഫ്സ്‌ലവ്വാമ: സ്വയം ശാസകാത്മാവ് എന്നു പറയുന്നത് വല്ലപ്പോഴും തിന്മ വന്നുപോയാൽ ശകാരിക്കുന്ന ആത്മാവാണ്. എന്നാൽ, ഇതും സമാധാനയോഗ്യമല്ല. അല്ലാഹു നഫ്സ് മുത് മയിന്ന' എന്നു നാമകരണം ചെയ്ത് വിളിച്ചിട്ടുള്ള ആത്മാവ് മാത്രമാണ് സമാധാനയോഗ്യമായിട്ടുള്ളത്. അത് തന്നെയാണ് ഉൽക്കൃഷ്ടമായതും. മനുഷ്യൻ അല്ലാഹുവിനോട് താദാത്മ്യം പ്രാപിക്കുന്ന അവസ്ഥയുടെ പേരാണത്. ഈ അവസ്ഥ പ്രാപിക്കുമ്പോഴാണ് മനുഷ്യൻ പാപത്തിന്റെ മാലിന്യങ്ങളിൽ നിന്ന് ശുദ്ധനാക്കപ്പെടുന്നത്. പാപങ്ങളെല്ലാം കരിച്ചുകളയുന്ന അവസ്ഥയും അതു തന്നെ. ഈ ദർജ(പദവി) കരസ്ഥമാക്കിയവരോടാണ് അല്ലാഹുവിന്റെ അനുഗ്രഹ വാഗ്ദാനമുള്ളത്. അവരിൽ അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങുന്നു. യഥാർത്ഥമായ നന്മയും പരിശുദ്ധിയും അവർക്കു മാത്രമുള്ളതാണ്.

വെറും നാവുകൊണ്ടുള്ള പ്രതിജ്ഞ അല്ലാഹുവിന്റെ പക്കൽ ഒരു വിലയും അർഹിക്കുന്നില്ല. വഞ്ചിക്കുകയും തുലാസിൽ കൃത്രിമം കാണിക്കുകയും കളവു പറയുകയും ചെയ്യുന്ന പല അമുസ്‌ലിംകളേയും നാം കണ്ടിട്ടുണ്ട്. ഭൗതികലോകത്തോടുള്ള സ്നേഹത്തിൽ അവർ മരിക്കാൻ കിടക്കുകയാണ്. എങ്കിലും നാവുകൊണ്ട് അവർ പറയുന്നു: 'അതേ, സാഹിബേ! ലോകം നശ്വരമാണ്. നിലനില്ക്കാത്തതാണ്.'

അല്ലാഹുവിന്റെ ഇച്ഛ നിങ്ങളുടെ ഇച്ഛയായി മാറണം. അവന്റെ തൃപ്തിയിൽ തൃപ്തരാകണം, നിങ്ങളുടെതായിട്ട് ഒന്നും തന്നെ ഉണ്ടാവാൻ പാടില്ല. സർവ്വതും അവന്റേതായിരിക്കണം. പരിശുദ്ധി എന്നതിന്റെ അർത്ഥം അല്ലാഹുവിനോടുള്ള പ്രവർത്തനപരവും വിശ്വാസപരവുമായ ഭിന്നിപ്പ് ഹൃദയത്തിൽ നിന്ന് ഇല്ലാതാക്കുക എന്നാണ്. മനുഷ്യന്റെ ഇച്ഛ തന്റെ ഇച്ഛയിലും അവന്റെ തൃപ്തിയിലും ലയിക്കുന്നുണ്ടോ എന്ന് നോക്കുന്നതുവരെ അല്ലാഹു ആരേയും സഹായിക്കുന്നതല്ല.

ജമാഅത്തിന്റെ വർദ്ധനവിൽ ഞാനൊരിക്കലും സന്തോഷിക്കുകയില്ല. ഇപ്പോഴാണെങ്കിൽ നാല് ലക്ഷമോ അതിലധികമോ ഉണ്ട്. യഥാർഥ ജമാഅത്തു കൊണ്ട് എന്താണോ ഉദ്ദേശിക്കുന്നത് അതിനെ അവഗണിച്ച് കൈയിൽ കൈവച്ചുകൊണ്ട് വെറും ബയ്അത്തു ചെയ്യുക' എന്നതിൽ കാര്യമില്ല. പ്രത്യുത ബയ്അത്തിന്റെ നിബന്ധനയനുസരിച്ച് ജീവിക്കുമ്പോഴാണ് ജമാഅത്ത് യഥാർത്ഥ ജമാഅത്ത് എന്നു പറയാൻ അർഹത നേടുന്നത്. ജമാഅത്തിലുള്ള അംഗ

ങ്ങൾക്ക് ശരിയായ നിലയിലുള്ള പരിശുദ്ധമായ ഒരു മാറ്റം ഉണ്ടാകണം. അവരുടെ ജീവിതം പാപത്തിന്റെ മാലിന്യങ്ങളിൽ നിന്ന് പൂർണ്ണമായും സംശുദ്ധമാവണം. ശാരീരികേച്ഛകളിൽ നിന്നും ശയ്ത്വാന്റെ പിടിയിൽ നിന്നും പുറത്തുചാടി അല്ലാഹുവിന്റെ തൃപ്തിയിൽ ലയിക്കണം. അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള കടപ്പാട് വിശാലഹൃദയത്തോടും പൂർണ്ണമായ നിലയിലും നിറവേറ്റണം. ദീനിനും അതിന്റെ പ്രചാരണത്തിനും വേണ്ടി ഉൽക്കടമായ അഭിലാഷം അവരിൽ ഉണ്ടാകണം. സ്വന്തം ആഗ്രഹങ്ങളും ആശങ്കകളുമെല്ലാം ഉന്മൂലനം ചെയ്ത് അല്ലാഹുവിന്റേതായി മാറണം. അല്ലാഹു പറയുന്നു: 'ഞാൻ സന്മാർഗ്ഗം നല്കുന്നവരൊഴികെ നിങ്ങളെല്ലാം വഴിപിഴച്ചവരാണ്. ഞാൻ പ്രകാശം നല്കുന്നവരൊഴികെ നിങ്ങളെല്ലാം അന്ധരാണ്. ഞാൻ ആത്മീയജീവിതത്തിന്റെ മധുരപാനീയം കുടിപ്പിക്കുന്നവരൊഴികെ നിങ്ങളെല്ലാം മരിച്ചവരാണ്. അല്ലാഹുവിന്റെ, ദോഷങ്ങൾ മറച്ചുവയ്ക്കുക (സത്താരിയ്യത്ത്) എന്ന വിശേഷ ഗുണം (സ്വിഫത്ത്) മനുഷ്യനെ മൂടിയിരിക്കുന്നു. ജനങ്ങളുടെ ആന്തരീകാവസ്ഥ ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തുകയാണെങ്കിൽ അവർ പരസ്പരം മുഖം നോക്കാൻ പോലും ഇഷ്ടപ്പെടുകയില്ല. അല്ലാഹു സത്താർ (ദോഷങ്ങൾ മറച്ചുവയ്ക്കുന്നവൻ) ആകുന്നു. മനുഷ്യന്റെ ന്യൂനതകളെക്കുറിച്ച് അവൻ എല്ലാവർക്കും അറിയിച്ചുകൊടുക്കുകയില്ല. അതുകൊണ്ട് മനുഷ്യൻ നന്മ ചെയ്യാൻ ശ്രമിക്കുകയും ദുആയിൽ മുഴുകുകയും ചെയ്യേണ്ടതാണ്.

ജമാഅത്തിലുള്ളവരും അന്യരും തമ്മിൽ എടുത്തു പറയാൻ തക്കവണ്ണം വ്യത്യാസമില്ലെങ്കിൽ അല്ലാഹു ആരുടേയും കുടുംബക്കാരനല്ലെന്ന് അറിഞ്ഞുകൊള്ളുക. അവരെ ആദരിക്കാനും എല്ലാ തരത്തിലും സംരക്ഷിക്കാനും ഇവരെ നിന്ദിക്കാനും ശിക്ഷയിൽ അകപ്പെടുത്താനും എന്തു കാരണമാണുള്ളത്.?

അല്ലാഹുവിനെ ഭയന്നുകൊണ്ട് ദൈവേച്ഛയ്ക്ക് വിരുദ്ധമായിട്ടുള്ള കാര്യങ്ങളെ ഉപേക്ഷിക്കുന്നവരാണ് മുത്തഖികൾ. (5:28) അതുകൊണ്ട് ശരീരവും ശരീരേച്ഛകളും ലോകവും ലോകത്തിലുള്ളതും അല്ലാഹുവിന്നെതിരിൽ ഒന്നുമല്ലെന്ന് മനസ്സിലാക്കുക. വിശ്വാസത്തിന്റെ അറിവ് എതിർപ്പിന്റെ സമയത്താണ് പ്രകടമാകുന്നത്.

ഒരു കാതിലൂടെ കേൾക്കുകയും മറ്റേ കാതിലൂടെ കേട്ട കാര്യം ഇറക്കിവിടുകയും ചെയ്യുന്ന ആളുകളുണ്ട്. അവർ കാര്യങ്ങളൊന്നും ഹൃദയത്തിലേക്ക് പ്രവേശിപ്പിക്കുന്നില്ല. എത്രതന്നെ ഉപദേശിച്ചാലും അവരിൽ ഒരു പ്രതികരണവും ഉണ്ടാവുന്നുമില്ല. അല്ലാഹു പരാശ്രയരഹിതനാണെന്ന കാര്യം ഓർത്തുകൊള്ളുക. അധികമധികമായും ആവർത്തിച്ചാവർത്തിച്ചും താണുകേണ് ദുആ ചെയ്യാത്തിടത്തോളം അവൻ ആരേയും പരിഗണിക്കുകയില്ല. ഒരാളുടെ സന്താനത്തിനോ ഭാര്യയ്ക്കോ സുഖമില്ലാതായാൽ അല്ലെങ്കിൽ ഒരാളുടെ മേൽ അപ്രതീക്ഷിതമായി ഒരു കേസ്സ് വന്നാൽ അയാൾക്ക് എത്രമാത്രം വിഷമമുണ്ടാകും. അതുകൊണ്ട് പ്രാർത്ഥനയിലും അത്തരം വിഷമസ്ഥിതിയും ഉത്സാഹവും ഉണ്ടാകുന്നില്ലെങ്കിൽ പ്രാർത്ഥന നിഷ്ഫലവും നിരർത്ഥകവുമായ പ്രവൃത്തിയായി മാറും. ദുആ സ്വീകരിക്കപ്പെടുന്നതിന് വിഷമാവസ്ഥ ഉണ്ടാകേണ്ടത് ഒരു നിബന്ധനയാണ്. അല്ലാഹു ചോദിക്കുന്നു:

“ഗതി മുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നല്കുകയും ക്ലേശം ദൂരീകരിക്കുകയും ചെയ്യുന്നതാരാണ്.”(27:63) നമ്മുടെ ജമാഅത്തിലെ ആളുകൾ മറ്റുള്ളവർക്ക് മാതൃകയായിരിക്കേണ്ടതാണ്. ബയ്അത്ത് ചെയ്തതിനുശേഷവും ഒരാളുടെ ജീവിതം അതിനു മുമ്പേയുള്ള ജീവിത ത്തെപ്പോലെ അവിശുദ്ധവും മലിനവുമായതാണെങ്കിൽ അതുകൊണ്ട് ഒരു കാര്യവുമില്ല. നമ്മുടെ ജമാഅത്തിൽ ചേർന്നുകൊണ്ട് ആരാണോ ചീത്ത മാതൃക കാണിക്കുന്നത് പ്രവർത്തനപരവും വിശ്വാസപരവുമായ ദുർബ്ബലത കാണിക്കുന്നത് അവൻ ദ്വാലിമാകുന്നു. എന്തുകൊണ്ടെന്നാൽ അവൻ ജമാഅത്തിന് ഒന്നടങ്കം ദുഷ്പേരുണ്ടാക്കുന്നു. എന്നേയും ആക്ഷേപത്തിന് കുറിമാനമാക്കുന്നു. ചീത്ത മാതൃക കൊണ്ട് മറ്റുള്ളവർക്ക് വെറുപ്പാണുണ്ടാകുക; നല്ല മാതൃക കൊ ണ്ട് താൽപര്യവും. ചിലരുടെ കത്തുകൾ എനിക്ക് ലഭിക്കാറുണ്ട്. അവരെഴുതുന്നു: 'ഞങ്ങൾ താങ്കളുടെ ജമാഅത്തിലെ അംഗങ്ങളല്ലെങ്കിലും താങ്കളുടെ ജമാഅത്തിലെ ചിലയാളുകളുടെ നല്ല സ്വഭാവം കാണുമ്പോൾ, ഈ ജമാഅത്തിന്റെ അധ്യാപനം നന്മയിലധിഷ്ഠിതം തന്നെയെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു'.

സൂക്ഷ്മത കൈക്കൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു. (16:129). അല്ലാഹു മനുഷ്യന്റെ കർമ്മങ്ങൾ എഴുതിവയ്ക്കാറുണ്ട്. അതുകൊണ്ട് മനുഷ്യനും തന്റെ സ്ഥിതിഗതികൾ രേഖപ്പെടുത്താൻ ഒരു ഡയറി തയ്യാറാക്കിവയ്ക്കേണ്ടതാണ്. അതിലൂടെ തങ്ങളുടെ ജീവിതത്തിൽ നന്മ എത്രത്തോളം അഭിവൃദ്ധപ്പെട്ടുവരുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. മനുഷ്യന്റെ ഇന്നും നാളെയും സമമാവാൻ പാടില്ല. നന്മയുടെ അടിസ്ഥാനത്തിൽ ഇന്നും നാളെയും സമമായിരിക്കുന്നവർ നഷ്ടത്തിലാണ്. അല്ലാഹുവിൽ പൂർണ്ണമായി വിശ്വാസമർപ്പിക്കുന്നവനെ അല്ലാഹു ഒരിക്കലും നഷ്ടത്തിലാക്കുകയില്ല. എന്നല്ല, ആ ഒരേയൊരാൾക്കുവേണ്ടി ലക്ഷക്കണക്കിന്നാളുകളെ രക്ഷപ്പെടുത്തുന്നതുമാണ്.

അല്ലാഹുവിന്റെ 'വലി'മാരിൽപ്പെട്ട ഒരു മഹാത്മാവിനെക്കുറിച്ച് പറയുന്നു: അദ്ദേഹം കപ്പലിൽ യാത്ര ചെയ്യുകയായിരുന്നു. കടലിൽ കൊടുങ്കാറ്റടിച്ചു. കപ്പൽ മുങ്ങാറായി. അപ്പോൾ ആ മഹാത്മാവ് ദുആ ചെയ്തു. അദ്ദേഹത്തിന്റെ ദുആ മുഖേന അവരെല്ലാം രക്ഷപ്പെട്ടു.

ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിൽ ഇൽഹാം ഇറങ്ങി: 'നിനക്കു വേണ്ടിയാണ് നാം എല്ലാവരേയും രക്ഷപ്പെടുത്തിയത്.' എന്നാൽ ഈ അവസ്ഥ പൊള്ളയായ വാദം കൊണ്ട് നേടാവുന്നതല്ല. നോക്കൂ! അല്ലാഹു എന്നോടു വാഗ്ദാനം ചെയ്തു. 'ഇന്നീ ഉഹാ ഫിദുകുല്ല മൻ ഫിദ്ദാരി' നിശ്ചയമായും നിന്റെ വസതിയിലുള്ളവരെ ഞാൻ സംരക്ഷിക്കുന്നതാണ് എന്ന്. പക്ഷേ, അവരിൽ അശ്രദ്ധരായ സ്ത്രീകളുണ്ട്. വിവിധ പ്രകൃതിക്കാരും തരക്കാരുമുണ്ട്. നിർഭാഗ്യവശാൽ അവരിലാരെങ്കിലും പ്ലേഗ് പിടിച്ചു മരിച്ചാൽ – ചിലയാളുകൾ മരിച്ചതു പോലെ – അപ്പോൾ ശത്രുക്കൾക്ക് ആക്ഷേപത്തിനുള്ള അവസരം കൈവരുന്നു. വാസ്തവത്തിൽ അല്ലാഹു ഇങ്ങനെയും പറഞ്ഞിട്ടുണ്ട്.

'വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അനീതിയുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവർക്കാണ് രക്ഷയുള്ളത്' (6:83) എന്തായാലും ജമാഅത്തംഗങ്ങളുടെ ദൗർബല്യങ്ങളും മോശമായ മാതൃകയും മറ്റു ജനങ്ങളിലുണ്ടാക്കുന്ന സ്വാധീനം എന്നെയും ബാധിക്കും. അതുമുഖേന എന്നെ അനാവശ്യമായി ആക്ഷേപിക്കാനുള്ള അവസരം ശത്രുക്കൾക്കുണ്ടാകുന്നു. അതുകൊണ്ട് എനിക്കു നിങ്ങൾക്കു തരാനുള്ള ഉപദേശം, നിങ്ങൾ നിങ്ങളെ മറ്റുള്ളവർക്ക് നല്ല മാതൃകയാക്കിത്തീർക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക എന്നതാണ്. മലക്കുക്കളപ്പോലുള്ള ഒരു ജീവിതം നിങ്ങളിൽ ഉണ്ടാകാത്തിടത്തോളം നിങ്ങൾ പരിശുദ്ധിയാർജ്ജിച്ചുവെന്ന് എങ്ങനെയാണ് പറയാൻ കഴിയുക? മലക്കുകളെക്കുറിച്ച് അല്ലാഹു പറയുന്നതിപ്രകാരമാണ്. 'യഫ്അുലൂന മാ യുഅ്മറൂൻ" അവരോട് ശാസിക്കപ്പെടുന്നത് അവർ പ്രവർത്തിക്കുന്നു. (16:55).

അതേപോലെ നിങ്ങൾ അല്ലാഹുവിൽ ലയിക്കുന്നവരായിത്തീരണം. നിങ്ങൾക്കും നിങ്ങളുടെ ഭാര്യാമക്കൾക്കും ബന്ധുമിത്രാദികൾക്കും നമുക്കും കാരുണ്യത്തിന് പാത്രമായിത്തീരാൻ. നിങ്ങൾ എല്ലാ ഇച്ഛകളും ആഗ്രഹങ്ങളും കൈവെടിഞ്ഞ് വെറും അല്ലാഹുവിന്റെ ഇച്ഛകളും കല്പനകളുമനുസരിച്ച് ജീവിക്കുക. എതിരാളികൾക്ക് അവസരം ഒരിക്കലും നിങ്ങളുണ്ടാക്കരുത്. അല്ലാഹു പറയുന്നു: 'മിൻഹും ദ്വാലിമുൻല്ലിനഫ്സിഹീ വമിൻഹുംമ്മുഖ്ത്തസ്വിദുൻ വമിൻഹും സാബിഖുൻബിൽ ഖയ്റാത്തി'. ആദ്യം പറഞ്ഞ രണ്ട് ഗുണങ്ങളും താഴെക്കിടയിലുള്ളതാണ്. നിങ്ങൾ 'സാബിഖുൻബിൽ ഖയ്റാത്ത്' ആയിത്തീരണം. ഒരേ സ്ഥാനത്തുതന്നെ ഉറച്ചുനിൽക്കുക എന്നത് നല്ല ഒരു ഗുണമല്ല. നോക്കുക! കെട്ടിനിൽക്കുന്ന വെള്ളം അവസാനം കെട്ടുപോകുകയും ചെളിയുമായിട്ടുള്ള സമ്പർക്കം നിമിത്തം അത് ദുർഗന്ധ പൂരിതവും ദുസ്സ്വാദുമുള്ളതുമായിതീരുകയും ചെയ്യും. ഒഴുകുന്ന വെള്ളം താഴെ ചെളിയാണെങ്കിൽത്തന്നെയും എപ്പോഴും ശുദ്ധവും രുചികരവുമായിരിക്കും. അതിനെ മലിനമാക്കുവാൻ ചെളിക്കുപോലും സാധ്യമല്ല. ഇതേ അവസ്ഥ തന്നെയാണ് മനുഷ്യന്റേതും. ഒരേ സ്ഥാനത്തു തന്നെ ഉറച്ചു നിൽക്കാൻ പാടില്ല. അത് അപകടകരമാണ്. എപ്പോഴും മുന്നോട്ടു ചുവട് വയ്ക്കണം. നന്മയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കണം. ഇല്ലെങ്കിൽ അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ സഹായമില്ലെങ്കിൽ മനുഷ്യൻ നിഷ്പ്രഭനായിപ്പോകും. അവൻ ചിലപ്പോൾ മതപരിത്യാഗിയായിത്തീരും. അങ്ങനെ ഹൃദയം അന്ധമായിത്തീർന്നു എന്നു വരും.

ഒരു സ്ഥലത്ത് നിലയുറപ്പിക്കാതെ നന്മയുടെ വഴിയിൽ മുന്നോട്ട് മുന്നോട്ട് ചുവടുവയ്ക്കുന്നവർക്കാണ് സദാ അല്ലാഹുവിന്റെ സഹായം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അവരുടെ പര്യവസാനം ശുഭകരമായിരിക്കും. ആദ്യമൊക്കെ വളരെ താൽപര്യത്തോടും ഉത്സാഹത്തോടും വിനയത്തോടുംകൂടി മുന്നോട്ടു ഗമിക്കുകയും പിന്നീട് ഒരിടത്ത് ഉറച്ചുനിന്നുപോകുകയും ചെയ്യുന്ന ചിലരെ നാം കണ്ടിട്ടുണ്ട്. അവരുടെ പര്യവസാനം ശുഭകരമായിരിക്കുകയില്ല. അല്ലാഹു ഖുർആനിലൂടെ ഒരു ദുആ പഠിപ്പിച്ചിരിക്കുന്നു. അസ്വലിഹ്ലീ ഫീ ദുർയ്യത്തി. എന്റെ ഭാര്യാമക്കളേയും പരിഷ്ക്കരിക്കേണമേ (46:16) സ്വന്തം അവസ്ഥയുടെ പരിശുദ്ധമായ മാറ്റത്തിനും ഭാര്യാമക്കൾക്കു വേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, മിക്ക പരീക്ഷണങ്ങളും ഉണ്ടാകുന്നത് മക്കളും ഭാര്യയും മുഖേനയാണ്. ആദ്യപരീക്ഷണം ആദമിനുണ്ടായതും ഭാര്യയിൽ നിന്നായിരുന്നു. ഹദ്റത് മൂസാ (അ)യിലുള്ള വിശ്വാസം ബൽഅമിന് നഷ്ടപ്പെടാനുണ്ടായ കാരണവും തൗറാത്തിൽ നിന്ന് മനസ്സിലാകുന്നത് രാജാവ് ചില ആഭരണങ്ങൾ കാണിച്ച് ബൽഅമിന്റെ ഭാര്യയെ മോഹിപ്പിച്ചു എന്നതുകൊണ്ടാണ്. പിന്നീട് അവൾ ഹദ്റത് മൂസാ (അ)യുടെ മേൽ ശാപ പ്രാർത്ഥന നടത്താൻ ബൽഅമിനെ പ്രേരിപ്പിച്ചു. ചുരുക്കത്തിൽ സ്ത്രീകൾ കാരണം മിക്ക പുരുഷന്റെ മേലും കഠിനമായ വിപത്തുകൾ ഇറങ്ങുന്നു. അവരെ നന്നാക്കിയെടുക്കാൻ കഴിവിന്റെ പരമാവധി ശ്രദ്ധിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

**(മൽഫൂസാത് വാള്യം 10**
**പേ. 135. 139)**
**വിവ: മുഹമ്മദ് ഇസ്മായിൽ**

## അല്ലാഹുവിന്റെ പെരുമാറ്റം

ഞാനെന്റെ ദാസനോട് പെരുമാറുന്നത് എന്നോടുള്ള അവന്റെ വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ്. അതുകൊണ്ട് അവനെന്നെ പറ്റി അവനുദ്ദേശിച്ചവിധം പ്രതീക്ഷിച്ചുകൊള്ളട്ടെ.

***നബിവചനം (ബുഖാരി)***

ലേഖനം

# ഭീതിയാണോ ദൈവത്തെ സൃഷ്ടിച്ചത് ?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**പ്രാകൃതമനുഷ്യന്റെ ഭയമാണ് ദൈവത്തെ സൃഷ്ടിച്ചതെന്ന സോഷ്യോളജിസ്റ്റുകളുടെ നിരർത്ഥകമായ ജല്പനങ്ങൾക്ക് യുക്തിയുടേയോ ശാസ്ത്രത്തിന്റേയോ പിൻബലമില്ല.**

നാം ഭയപ്പെടുന്നതിനെ യഥാർത്ഥത്തിൽ നാം ആരാധിക്കാറുണ്ടോ? ഒരു വസ്തുവിനോടുള്ള നിരന്തരമായ അത്യാഗ്രഹം ആ വസ്തുവിനു നേരെ ആരാധനാഭാവത്തിൽ തല കുനിക്കാൻ നമ്മെ പ്രേരിപ്പിക്കുമോ? ഈ രണ്ട്ഘടകങ്ങൾക്കും പ്രാകൃതമായ ഒരു മതത്തെപ്പോലും സൃഷ്ടിക്കുവാൻ സാധ്യമല്ല. ഭയം അതുണ്ടാക്കുന്ന വസ്തുവിൽ നിന്നും ഒരാളെ ഓടിയകലാൻ പ്രേരിപ്പിക്കുന്നു. നിസ്സഹായനും ഹതഭാഗ്യനുമായി പീഡിപ്പിക്കപ്പെട്ടവനും ഓടിയകലാൻ കഴിയാത്തവനുമായ ഇരകൾ അവരുടെ മർദ്ദകരോടു കരുണക്ക് യാചിക്കും എന്ന് ഒരാൾക്ക് തീർച്ചയായും സങ്കല്പിക്കാം. പക്ഷേ, ആ ഇരകൾ മർദ്ദകരെ ആരാധിക്കുമെന്ന് സങ്കല്പിക്കാൻ സാധ്യമല്ല. തന്റെ മർദ്ദകരിൽ നിന്നും മോചിതനായാൽ ആ ഇര മർദ്ദകനെ അങ്ങേയറ്റം ഹീനവും സഭ്യേതരവുമായ ഭാഷയിൽ ചീത്ത വിളിച്ചേക്കാം. ആ മർദ്ദകനെ ആരാധിക്കണമെന്ന വിദൂരമായ ഒരു സങ്കല്പം പോലും അയാളുടെ മനസ്സിൽ വരില്ല. പീഢനം കൊണ്ട് പ്രവർത്തന നിരതനാകുന്ന ഒരു എം.15 ഏജന്റ് തന്റെ കെ.ജി.ബി. മർദ്ദകനെ ആരാധിക്കാൻ ആരംഭിക്കുന്നതായി നാം ഒരു ചാരക്കഥയിലും വായിച്ചിട്ടില്ല. വെളിപാടു മതങ്ങളിൽ പ്രതിപാദിക്കപ്പെട്ട ദൈവഭയം കാട്ടുമൃഗത്തിൽ നിന്നുണ്ടാകുന്ന ഭയമോ മറ്റു ഭയമുണ്ടാക്കുന്ന വസ്തുക്കളുമായി ബന്ധപ്പെട്ട ഭയമോ അല്ല. ദൈവിക ശിക്ഷയെ കുറിച്ചുള്ള താക്കീത് കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ഒരു പ്രതിരോധകം എന്ന നിലക്കാണ് ഉപയോഗിക്കപ്പെടുന്നത്. അത് ആളുകളെ സ്വയം പാപങ്ങളിൽ നിന്നും തടയുന്നു. പ്രാകൃത സമൂഹത്തിലുണ്ടായിരുന്ന കാട്ടുമൃഗങ്ങളെക്കുറിച്ചുള്ള പേടിയിൽ നിന്നോ ഇടിമിന്നലിന്റെ ഭയത്തിൽ നിന്നോ അത്തരത്തിലുള്ള പാപങ്ങളെ ഇല്ലാതാക്കുന്ന ഒരു ശിക്ഷയെ സംബന്ധിച്ച വാഗ്ദാനങ്ങളൊന്നും ലഭിക്കുന്നില്ല. ദൈവവിശ്വാസം മൂലമുണ്ടാകുന്ന കുറ്റകൃത്യം ചെയ്യുന്നതിലുള്ള ഭീതിയോ, കുറ്റം ചെയ്താൽ ശിക്ഷിക്കപ്പെടുമെന്ന താക്കീതോ കാട്ടുമൃഗത്തിൽ നിന്നോ പ്രകൃതിയുടെ സംഹാരശക്തികളിൽ നിന്നോ പ്രാകൃതസമൂഹത്തിന് ലഭിച്ചിരുന്നതായി നമുക്കറിയില്ല. പോലീസ് അധികാരികൾ, ട്രാഫിക് പാലകന്മാർ, മജിസ്ട്രേറ്റുമാർ മുതലായവരെ ഭയപ്പെടുകയും അവർ വെറുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവരാരും ആരാധിക്കപ്പെട്ടിട്ടില്ല! അതിപുരാതനകാലത്ത് പോലും അപകടകാരിയായ ഒരു സിംഹത്തെ പേടിച്ചു കൊണ്ട് ഒരാൾ അതിന്റെ മുമ്പിൽ നിന്നും ജീവനും കൊണ്ട് ഓടുകയാണ് ചെയ്യുക. പകരം അതിന്റെ മുമ്പിൽ മുട്ടുമടക്കി സാഷ്ടാംഗപ്രണാമം നടത്തുകയോ അതിനോട് കാരുണ്യത്തിന് യാചിക്കുകയോ അതിന്റെ മഹത്വവും രാജത്വവും വാഴ്ത്തുകയോ ചെയ്യാറില്ല. ഭയങ്കരമായ ഇടിമിന്നലും പേമാരിയും, കത്തുന്ന വേനൽ സൂര്യന്റെ കൊടും താപവും പുരാതന മനുഷ്യനെ ഒരു അഭയം തേടാനോ അല്ലെങ്കിൽ എന്തെങ്കിലും സുരക്ഷിതത്വസം വിധാനങ്ങൾ ചെയ്യാനോ ഓടിപ്പിക്കുകയാണ് ചെയ്യാറ്. ശക്തമായ ഇടിമിന്നൽ നടക്കുന്ന അവസരത്തിൽ അഭയത്തിന് ഇടം തേടുന്നതിന് പകരം ആദിമനുഷ്യൻ ഗുഹയിൽ നിന്നും ചാടി വന്ന് പുറത്ത് വന്ന് സാഷ്ടാംഗ പ്രണാമം ചെയ്തിരുന്നുവെന്ന് ഒരു സാമൂഹ്യശാസ്ത്രജ്ഞന് യഥാർത്ഥത്തിൽ വിശ്വസിക്കാനാവുമോ? സൂര്യാരാധനയും നക്ഷത്രാരാധനയും യാതൊരുവിധത്തിലും തന്നെ ഭീതിയിൽ നിന്നോ, അത്യാഗ്രഹത്തിൽ നിന്നോ ക്രമേണ രൂപം കൊണ്ട

ആരാധനാ രീതിയല്ല. ചെറിയ ഭൗമിക വസ്തുക്കളിൽ നിന്നും കാലക്രമേണ പരിണമിച്ചാണ് കൂടുതൽ ഉന്നതവും ഭാവാത്മകവുമായ അസ്തിത്വവുമായി ബന്ധപ്പെട്ട ആരാധനകളിലേക്ക് മനുഷ്യനെ നയിച്ചത് എന്നതിന് യാതൊരു തെളിവും ഇല്ല.

സാമൂഹ്യശാസ്ത്രജ്ഞന്മാർ അവരുടെ സങ്കല്പം തെളിയിക്കാൻ യാതൊരു ശാസ്ത്രീയ മാർഗ്ഗവും അവലംബിക്കാതെ പരിണാമത്തെക്കുറിച്ച് വെറുതെ വാചകമടിക്കുകയാണ്. ശാസ്ത്രജ്ഞന്മാർ ജീവിപരിണാമത്തെക്കുറിച്ച് പറയുമ്പോൾ അവർ കോടിക്കണക്കിന് വർഷത്തെ രൂപരേഖയിലൂടെ ഘട്ടം ഘട്ടമായുള്ള ജീവന്റെ വ്യക്തമായ വളർച്ച വിവരിക്കുന്നു. അപ്രകാരം ദൈവത്തെ സംബന്ധിച്ച ഭാവന രൂപപ്പെട്ടു വന്ന പരിണാമപ്രക്രിയയുടെ ഒരു തരി തെളിവെങ്കിലും സമർപ്പിക്കാൻ അവർക്ക് കഴിയുമോ? അന്ധവിശ്വാസികളും ബിംബാരാധകരുമായ ഏത് സമൂഹമാണ് ഏകദൈവവിശ്വാസികളായി പരിണമിച്ചത്? ഒരിക്കലും അത് സംഭവിച്ചിട്ടില്ല.

എന്നിട്ടും സാമൂഹ്യശാസ്ത്രജ്ഞന്മാർ ശഠിച്ചു പറയുന്നത് മനുഷ്യനിലെ പ്രാകൃത ഗ്രഹണശേഷിയാണ് ദൈവ സൃഷ്ടിയിൽ കലാശിച്ചത് എന്നാണ്. മുകളിൽ പ്രസ്താവിച്ചത് പോലെ അറിയാത്തതിനെക്കുറിച്ചുള്ള ഭീതി ദൈവ രൂപങ്ങൾ സൃഷ്ടിക്കുന്നതിൽ അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട് എന്ന് അവർ ശക്തമായി വിശ്വസിക്കുന്നു. അജ്ഞത അതിന്റെ വിളയാട്ടം നടത്തിയെന്നാണ് അവർ പറയുന്നത്. മനുഷ്യൻ അവന്റെ അജ്ഞത കാരണം മനസ്സിലാക്കാൻ കഴിയാതെ മറഞ്ഞു കിടന്നിരുന്ന വിപത്തുകളെ ബഹുമാനിക്കാൻ ആരംഭിച്ചു. പുരാതന മനുഷ്യൻ സർപ്പം, തേൾ, കാട്ടുപൂച്ച, നരി, സിംഹം മുതലായവയെ ആരാധിക്കാൻ തുടങ്ങി. ഭൂമികുലുക്കം ഭൂമിയെ വിറപ്പിച്ചു. ഇടിമിന്നൽ മരങ്ങളെ നെടുകേ പിളർത്തി. കൊടുങ്കാറ്റ് നിർദയമായും വന്യമായും തകർത്തു വീശി. അങ്ങനെ ദൈവത്തിന്റെ ആശയം ഉടലെടുത്തു പോലും. മനുഷ്യന്റെ ഹൃദയത്തിൽ ഭീതി ആഞ്ഞുപതിച്ചപ്പോൾ പ്രകൃതി പ്രതിഭാസങ്ങളെ ആരാധിക്കുന്നതിൽ നിന്നും ഭൗതിക വസ്തുക്കളെ ആരാധിക്കുന്ന നിലക്ക് അവർ പുരോഗമിച്ചു. ക്രമേണ അജൈവ വസ്തുക്കളെ ആരാധിക്കുന്നതിൽ നിന്നും ജീവികളെ ആരാധിക്കുന്നതിലേക്ക് പുരോഗമിച്ചു. തേൾ, സർപ്പം മുതലായവയെ ആരാധിക്കുന്നതിൽ നിന്നും പൂച്ചയേയും മറ്റ് കാട്ടുമൃഗങ്ങളേയും ആരാധിക്കുന്നതിലേക്ക് അത് ഗതിമാറി. കുരങ്ങന്മാർ വരെ ദൈവങ്ങളായി മാറി. മിന്നൽപിണറിന്റെ ഉന്നതമായ ഉത്ഭവ കേന്ദ്രം അവർക്ക് എത്തിപ്പിടിക്കാനായില്ല. അവരെ സൃഷ്ടിച്ച പ്രകൃതി ശക്തികൾ എന്താണെന്ന് അവർക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ അവയെയെല്ലാം അവർ ഒരുപോലെ ഭയപ്പെട്ടു.

**തീർച്ചയായും ആദിമ മനുഷ്യരുടെ പ്രാകൃതമായ ധാരണകൾക്ക് അത്യന്തം അതിരുകവിഞ്ഞ സ്തുതിയാണ് ഇവിടെ സോഷ്യോളജിസ്റ്റുകൾ അഥവാ സാമൂഹ്യശാസ്ത്രജ്ഞന്മാർ നൽകിയിരിക്കുന്നത്. ഈ സ്തുതി കൂടുതൽ യോജിക്കുക, പ്രാകൃതമായ ധാരണകൾ പുലർത്തിയ ആദിമമനുഷ്യന്റെ പേരിൽ ഇത്തരം ഉന്നതമായ ആകാശകോട്ടകൾ പണിത സോഷ്യോളജിസ്റ്റുകളുടെ ബുദ്ധിവൈഭവത്തിന്നാണ്.**

മേഘത്തിരശ്ശീലയുടെ പിന്നിലിരിക്കുന്ന ചില ഭയാനകങ്ങളായ ദൈവങ്ങളുടെ ക്രോധത്തിന്റെ പ്രകടനങ്ങളാണ് പ്രകൃതിയിലെ ശക്തിമത്തായ എല്ലാ പ്രതിഭാസങ്ങളും എന്നവർ കരുതിയിരുന്നിരിക്കണം. ആയതിനാൽ അവരുടെ പ്രാകൃത മനസ്സ് അന്ധവിശ്വാസങ്ങൾ നെയ്തെടുക്കാൻ ആരംഭിച്ചു. ക്രുദ്ധരായ ദൈവത്തെ പ്രീതിപ്പെടുത്താനും ചുരുങ്ങിയത് അവരുടെ കോപത്തിൽ നിന്ന് രക്ഷ നേടാനും ആദിമമനുഷ്യൻ ധാർമ്മികാദ്ധ്യാപനങ്ങളും സ്വഭാവസംഹിതകളും കണ്ടുപിടിച്ചു. ആരാധനാലയങ്ങൾ പണിതു. ബലികൾ അർപ്പിച്ചു. നന്മതിന്മകളെപറ്റിയുള്ള ആശയങ്ങൾ രൂപം കൊണ്ടു. നിരവധി ആചാരങ്ങളും ചടങ്ങുകളും ഉരുവം കൊണ്ടു. അവസാനം വേദഗ്രന്ഥങ്ങളും ആവിർഭവിച്ചു. തീർച്ചയായും ആദിമ മനുഷ്യരുടെ പ്രാകൃതമായ ധാരണകൾക്ക് അത്യന്തം അതിരുകവിഞ്ഞ സ്തുതിയാണ് ഇവിടെ സോഷ്യോളജിസ്റ്റുകൾ അഥവാ സാമൂഹ്യശാസ്ത്രജ്ഞന്മാർ നൽകിയിരിക്കുന്നത്. ഈ സ്തുതി കൂടുതൽ യോജിക്കുക പ്രാകൃതമായ ധാരണകൾ പുലർത്തിയ ആദിമമനുഷ്യന്റെ പേരിൽ ഇത്തരം ഉന്നതമായ ആകാശകോട്ടകൾ പണിത സോഷ്യോളജിസ്റ്റുകളുടെ ബുദ്ധിവൈഭവത്തിന്നാണ്.

പ്രാകൃത സമൂഹങ്ങളിലെ വിശ്വാസങ്ങളും ലോകത്തിലെ വെളിപാടു മതങ്ങളിലെ വിശ്വാസങ്ങളും തമ്മിലുള്ള അന്തരം വിവേചിച്ചറിയുന്നതിൽ സോഷ്യോളജിസ്റ്റുകൾ പരാജയപ്പെടുന്നു. പൗരാണിക പരമ്പരാ

ഗത പ്രാകൃത വിശ്വാസങ്ങളിലെല്ലാം കാണുന്ന മുഖ്യതന്ത്രിയും, സഹത ന്ത്രികളും, വെളിച്ചപ്പാടുകളും, എല്ലാം തന്നെ വെളിപാടുകളുടെ അടിസ്ഥാ നത്തിലുള്ള ഒരു പുതിയ ജീവിത സംഹിത ലഭിച്ചതായി അവകാശപ്പെ ടുന്നില്ല. അതുപോലെ ഇക്കൂട്ടരുടെ ദൈവിക മാധ്യമം എന്ന ആധികാരി കത സമൂഹത്തിൽ ആരും ചോദ്യം ചെയ്യപ്പെടുന്നുമില്ല. കാരണം അവ രുടെ ആ സ്ഥാനം പൂർവ്വികരിൽ നിന്നും പരമ്പരാഗതമായി ലഭിച്ചതാ ണ്. അത് സമൂഹം അതേപടി അംഗീ കരിക്കുകയാണ് ചെയ്തത്. അവർ തങ്ങളുടെ ദൈവ മാധ്യമം എന്ന അവ കാശവാദത്തിന് തെളിവിന്നായി ദിവ്യാടയാളങ്ങൾ കാണിക്കാൻ ഒരി ക്കലും വെല്ലുവിളിക്കപ്പെട്ടിട്ടില്ല. തങ്ങ ളുടെ അവകാശവാദം സ്ഥാപിക്കുന്ന തിന്നായി ചെപ്പടിവിദ്യകൾ കാണി ക്കേണ്ട ആവശ്യമില്ലായിരുന്നു. അതിൽ കൂടുതലായി എന്തും, എളു പ്പത്തിൽ വിശ്വസിക്കുന്ന ദുർബല വിശ്വാസികൾ അവർക്കുണ്ടെന്ന് പറ യപ്പെടുന്ന ദൈവസംപ്രാപ്തിയിൽ ആകൃഷ്ടരുമായിരുന്നു. അത് ഒരു സൂത്രപ്പണിയല്ലാതെ മറ്റൊന്നുമല്ല. വ്യാജദൈവങ്ങൾ വ്യാജവാദികളാൽ പിന്തുണക്കപ്പെടുകയാണ് ചെയ്തത്.

മേൽപറഞ്ഞ രീതിയിലുള്ള സിദ്ധന്മാരും ലോകത്തിലെ മഹ ത്തായ മതങ്ങളുടെ സ്ഥാപകന്മാരും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാൻ താഴെ പറയുന്ന വസ്തുതകൾ മന സ്സിലാക്കുന്നത് നന്നായിരിക്കും. ആ പ്രത്യേകതകൾ ഇപ്രകാരമാണ്.

1. വിഗ്രഹാരാധകരായ പുരോ ഹിതന്മാർ നിലവിൽ സ്ഥാപിതമായ ആരാധനാലയത്തിന്നുള്ളിൽ തന്നെ അംഗീകരിക്കപ്പെടുന്നു.

2. പഴയ മതവ്യവസ്ഥയുമായി വിവാദത്തിലേർപ്പെടുകയോ അതിന്റെ പ്രാബല്യത്തെ ചോദ്യം ചെയ്യുന്നതോ ആയ ഒരു മതസിദ്ധാന്തവും അവർ ആവിഷ്ക്കരിച്ചിട്ടില്ല. സമൂഹത്തിന്റെ മൂല്യങ്ങളും, സ്വഭാവങ്ങളും മാറ്റുവാൻ അവർ ശ്രമിക്കാറില്ല. അവർ പല വിശ്വാസങ്ങളേയും ആചാരങ്ങളേയും നിലനിർത്തുകയാണ്. ഒരിക്കലും തന്നെ ജനകീയവും വ്യാപകവുമായ അന്ധവിശ്വാസങ്ങളെയും മിഥ്യാവി ശ്വാസങ്ങളെയും അവർ എതിർക്കു ന്നില്ല.

3. അവർ നിലവിലുള്ള രാഷ്ട്രീയ സംവിധാനത്തെ മിക്ക വാറും അംഗീകരിക്കുന്നു. ഭരണാധി കാരിയുടെ മതവിശ്വാസത്തെ ഒരി ക്കലും ചോദ്യം ചെയ്യുന്നില്ല. എന്നി രുന്നാലും ചില രാജാക്കന്മാർക്കെതി രിൽ അക്കാലത്തെ മതനേതാക്കന്മാർ കലാപമഴിച്ചുവിടുന്നതായി കാണാറു ണ്ട്. ഇത് മത കാര്യങ്ങളിൽ രാജാക്ക ന്മാർ പരിധി കവിഞ്ഞ് ഇടപെടുന്നത് കൊണ്ടാണെന്ന് കാണാം. ചിലപ്പോൾ മതനേതാക്കന്മാരുടെ രാഷ്ട്രീയ വ്യാമോഹങ്ങൾ കൊണ്ടാണെന്നും വരാം. എങ്കിലും ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. സാർവ്വത്രികമായി കാണപ്പെടുന്നത് ഇതാണ്. കളങ്കങ്ങൾ നിറഞ്ഞ വിഗ്രഹാരാധകരുടെ നേ തൃത്വം അധികാരത്തിന്റെ ശക്തമായ തറയിൽ വേരോട്ടമുള്ള ജനങ്ങൾക്കി ടയിലെ വ്യാപകമായ മിത്തുകളേയും തത്ത്വങ്ങളേയും താങ്ങി നിർത്തുന്ന വരായിട്ടാണ്.

ദൈവത്തിന്റെ ഏകത്വം ഉയർ ത്തിപ്പിടിച്ച ജൂത, ക്രൈസ്തവ, ഇസ് ലാം സെറോസ്റ്റർ മതങ്ങളുടെ സ്ഥാപ കന്മാരുടെ ചരിത്രം ഇതിൽ നിന്നും അടിസ്ഥാനപരമായി എത്ര വ്യത്യ സ്തമാണ്.മോസസ് (അ) ജീസസ് (അ) മുഹമ്മദ് (സ) എന്നിവരുടേയും അതുപോലെ മറ്റു ദൈവത്താൽ അയ ക്കപ്പെട്ട മറ്റു പ്രവാചകന്മാരുടേയും ജീവിതം നാം പരിശോധിക്കുകയാ ണെങ്കിൽ അവരാരും തന്നെ അക്കാ ലത്തെ വ്യവസ്ഥാപിതവും ജനകീ യവുമായ മതസംവിധാനത്തെ പ്രതി നിധീകരിച്ചിരുന്നില്ല. അവരുടെ വാദ ങ്ങൾ മുഴുവനും തന്നെ ദിവ്യവെളിപാ ടുകളെ അടിസ്ഥാനമാക്കിയുള്ളതായി രുന്നു അവരാകട്ടെ പുതിയൊരു ജീവി തവഴി ആവശ്യപ്പെടുന്ന ഒരു പുത്തൻ തത്ത്വശാസ്ത്രത്തിന്റെ വക്താക്കളാ യിരുന്നു. നിലവിലുള്ള ആചാരത്തി നും നടപ്പുകളിൽ നിന്നും വിഭിന്നമായ മൂല്യങ്ങളാണ് അവർ പ്രബോധിച്ചിരു ന്നത്. അവർ ഒരു നവലോകക്രമ ത്തിന്റെ മുന്നൊരുക്കക്കാരായിട്ടായി രിക്കും പ്രത്യക്ഷപ്പെടുക. നിലവി ലുള്ള മതത്തിന്റെ അധികാരികളെ അവർ വെല്ലുവിളിക്കാനാഗ്രഹിക്കു കയും ചെയ്യുന്നു. അക്കാലത്തെ പ്രബലമായ മതങ്ങളിൽ ഭിന്നിപ്പുണ്ടാ വുകയും അത് പല ഭാഗങ്ങളും ചേരി കളുമായും പിരിയുകയും ചെയ്യുന്നു. അജ്ഞരായ സാധാരണക്കാരുടെ ഭൂരിപക്ഷത്തെയും തങ്ങളുടെ വരുതി യിലാക്കാൻ അവർ പരസ്പരം പോര ടിക്കുകയും ചെയ്യുന്ന ഒരു കാലഘട്ട ത്തിലായിരിക്കും ഈ ദൈവദൂതന്മാർ പ്രത്യക്ഷപ്പെടുക. അത്തരം ഒരു കാലഘട്ടത്തിലാണ് മേൽപറഞ്ഞ രീതിയിലുള്ള ദൈവിക സന്ദേശവാ ഹകർ ആവിർഭവിക്കുക. ഇതിന്റെ ഫലമായി അദ്ദേഹത്തിന്റെ എതിരാ ളികൾ കൃത്രിമമായ ഒരു ഐക്യനിര സൃഷ്ടിക്കുന്നു. തൽക്കാലത്തേക്ക് അവർ തമ്മിലുള്ള ഭിന്നിപ്പ് മറക്കു കയും പുതുതായി വന്ന ആത്മീയ സംവിധാനത്തിനെതിരെ അവരുടെ ശക്തികൾ സമാഹരിച്ചുകൊണ്ട് ഒരു വമ്പിച്ച പ്രതിരോധ നിര കെട്ടിപ്പടുക്കു കയും ചെയ്യുന്നു. അങ്ങനെ കഠിന മായ എതിർപ്പ് പ്രകടിപ്പിക്കുന്ന ഒരു ഐക്യമുന്നണി രൂപപ്പെടും. ദൈവദൂ തന് മനുഷ്യരുടെ ഭാഗത്ത് നിന്ന് യാതൊരു സഹായവും ലഭ്യമാകു ന്നില്ല. സാധാരണക്കാരായ ജനങ്ങളു ടേയോ അധികാരിവർഗ്ഗത്തിന്റെയോ പിന്തുണ അദ്ദേഹത്തിന് കിട്ടുന്നില്ല. അദ്ദേഹം ഒരു രാഷ്ട്രീയ ശക്തിയു ടെയും സംപ്രീതനായിരിക്കുകയില്ല. അദ്ദേഹം ഏകനായി ഉപേക്ഷിക്കപ്പെ ട്ടവനും, പരിത്യക്തനും, നിഷേധിക്ക പ്പെട്ടവനുമായിരുന്നു.

അന്ധവിശ്വാസങ്ങളുടെ വന്യ മായ പ്രവണതയോടെ വളർന്നുവിക സിക്കുന്ന മലിനപൂരിതമായ സമൂഹ ങ്ങളിലാണ് അത്തരം മനുഷ്യർ ഉയർന്നുവരുന്നത്. നവലോകക്രമ

ണം ചെയ്യുന്നത് നിഷേധിക്കപ്പെടാൻ കഴിയാത്തതാണ്. പക്ഷേ ഈ പ്രക്രിയ, ആശയങ്ങളുടെ ക്രമിക മായ പരിണാമത്തെ സൃഷ്ടിച്ചു വെന്നും അത് അവസാനം ഏക ദൈവ വിശ്വാസത്തിലെത്തിച്ചു എന്ന അഭിപ്രായവും ഞങ്ങൾ തള്ളിക്കളയുന്നു. വിഗ്രഹാരാധകരുടെ അന്ധവിശ്വാസങ്ങൾ പരിണമിച്ചാണ് ഏക ദൈവാരാധന ഉണ്ടായത് എന്ന വാദം ചരിത്രവസ്തുതകളുടെ പിൻബലമില്ലാത്തതാണ്. അത് സാമൂഹിക ശാസ്ത്രജ്ഞന്മാരുടെ ചപല മോഹങ്ങളുടെ ഒരു സങ്കല്പം മാത്രമാണ്.

ബഹു ദൈവാരാധാന രൂപാന്തരപ്പെട്ടാണ് ഏക ദൈവാരാധാനയുണ്ടായത് എന്ന സിദ്ധാന്തത്തിന് ചരിത്രത്തിൽ നിന്നും യാതൊരു തെളിവും ലഭ്യമല്ല. ബഹു. ദൈവാരാധനയിൽ നിന്നും ഏകദൈവാരാധനയിലേക്കുള്ള ഏതെങ്കിലുമൊരു സമൂഹത്തിന്റെ രൂപാന്തരഘട്ടത്തെ സംബന്ധിച്ച് ഒരു സാക്ഷ്യവും ലഭ്യമല്ല.

മറിച്ച്, പൊടുന്നനെ, പെട്ടെന്ന് ഒരു മഹാത്മാവ് പ്രത്യക്ഷപ്പെടുകയാണ് ചെയ്യുക. അതോടെ അദ്ദേഹത്തെ പിന്തുടരാനാഗ്രഹിക്കുന്നവർക്ക് മുമ്പിൽ ഉജ്വലത്യാഗങ്ങൾ ആവശ്യപ്പെടുന്ന വമ്പിച്ച യാതനകളുടെ സംഭവ പരമ്പരകൾ ചലിച്ചു തുടങ്ങുകയും ചെയ്യുന്നു.

ലഭിക്കുന്നില്ല. ശക്തന്മാരിൽ നിന്നോ അശക്തന്മാരിൽ നിന്നോ സമൂഹത്തിന്റെ രൂക്ഷമായ എതിർപ്പിനെതിരെ ചെറുസഹായം പോലും പ്രവാചകന്മാർക്ക് ലഭിക്കുന്നില്ല.

അവരുടെ സന്ദേശത്തിന്റെ മഹത്വവും സ്വഭാവത്തിന്റെ വൈശിഷ്ട്യവും കഠിനമായ ആകുലാവസ്ഥയിലും അന്തിമ വിജയത്തെക്കുറിച്ചുള്ള അചഞ്ചലമായ വിശ്വാസവും എല്ലാം തന്നെ അവരുടെ സത്യത്തിന്റെ സാക്ഷ്യങ്ങളാകുന്നു.

അവരുടേത് ആത്യന്തികമായ ത്യാഗത്തിന്റെ കഥയാണ് അത്യാർത്തിയുടേതല്ല. അവരുടെ ഉദാത്ത ലക്ഷ്യത്തിനു വേണ്ടി അവർ നേടിയതെല്ലാം നഷ്ടപ്പെടുത്തി. അവർ മാത്രമല്ല അവരുടെ അനുയായികളായി അനസ്യൂതം ചേർന്നുകൊണ്ടിരുന്നവർ എല്ലാ പ്രയാസങ്ങളേയും അതിജീവിച്ചുകൊണ്ട് പരമമായ ത്യാഗത്തിന്റെ അതേ പാത തന്നെ പിന്തുടരുന്നു. ആക്ഷേപിച്ചു കൊണ്ടു ചൂണ്ടിയ വിരലുകളൊന്നും തന്നെ അത്തരം ആളുകളെ നിരുത്സാഹപ്പെടുത്തിയില്ല.

മനുഷ്യന്റെ അജ്ഞതയിൽ നിന്നും വ്യാജദൈവങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന ഈ സിദ്ധാന്തം മനുഷ്യ ചരിത്രത്തിലെ അജ്ഞതയും അപക്വതയും മുറ്റിനിന്ന ചില പ്രത്യേക സന്ദർഭങ്ങളിൽ ഭാഗികമായി ശരിയായിരിക്കാം. അജ്ഞരായ സാധാരണക്കാരെ മതപുരോഹിതന്മാർ ചൂഷ

ത്തിന്റെ ഈ മാർഗ്ഗദർശകർ ഏകദൈവത്തിന്റെ സിദ്ധാന്തം പ്രബോധിക്കുകയും എല്ലാ രൂപത്തിലുമുള്ള വിഗ്രഹാരാധനയേയും വിപാടനം ചെയ്യുകയും ചെയ്തു. ദൈവദൂതന്മാരുടെ ശത്രുക്കളുടെ ഐക്യം എന്ത് തന്നെയായിരുന്നാലും അത് അവരിൽ ത്തന്നെ വ്യാജത്വം സൃഷ്ടിക്കുന്നു. അത് പ്രവാചകന്മാർക്കെതിരായ കൃത്രിമമായ ഐക്യം മാത്രമാണ്. അവർ മുമ്പെത്തേത് പോലെ തന്നെ അഗാധമായ ഭിന്നിപ്പിൽ തന്നെയാണ്. ദൈവത്തിന്റെ ഏകത്വം ഉയർത്തിപ്പിടിക്കുന്നവർ വ്യാജവാദികളാണെങ്കിൽ അവരുടേത് ഒരു അസാധ്യമായ ദൗത്യമായിരിക്കും. ഒരു വ്യാജവാദിക്കും തന്റെ ദൃഷ്ടിയിൽ നിന്നും മറഞ്ഞിരിക്കുന്ന ലക്ഷ്യത്തിനുവേണ്ടി സുസ്ഥിരമായ ദൃഢചിത്തതയോടെ നിൽക്കുവാൻ സാധ്യമല്ല. എന്നാൽ പ്രവാചകന്മാരുടെ വിശ്വാസം ദൈവത്തിന്റെ യാഥാർത്ഥ്യത്തിൽ അത്യഗാധമായി കെട്ടിപ്പടുത്തതാണ്. അല്ലാത്തപക്ഷം അവർ നശിപ്പിക്കപ്പെടുകയോ അവരുടെ അസ്തിത്വം തന്നെ തുടച്ചുനീക്കപ്പെടുകയോ ചെയ്യപ്പെടുമായിരുന്നു. ദൈവം ഇല്ലായിരുന്നുവെങ്കിൽ ഒരു ഭ്രാന്തനെപോലെ ദൈവദൂതന്മാർ സമൂഹത്താൽ നിരാകരിക്കപ്പെടുമായിരുന്നു. മൂന്നാമതൊരു വിധി ഇക്കാര്യത്തിലുണ്ടാകുമായിരുന്നില്ല. അവർ ബുദ്ധിയും ഇല്ലാത്തവരാണെങ്കിൽ അവരുടെ വിശ്വാസങ്ങളിൽ ഇത്രയും ദൃഢമാനസരായി സർവ്വവും ത്യജിച്ച് നിഷ്ഫലവും അയഥാർത്ഥവുമായ ഒരു കാര്യത്തിന് വേണ്ടി എങ്ങിനെ അവർക്ക് പിടിച്ചുനിൽക്കാൻ കഴിയും. അവരെ ഭ്രാന്തന്മാരാണെന്ന് പറഞ്ഞ് എഴുതിത്തള്ളാനാവുമോ? മാനസികഭ്രമം ഉള്ളവരുടെ അസ്ഥിരബുദ്ധിയാൽ അങ്ങോട്ടും ഇങ്ങോട്ടും ഇളകിക്കൊണ്ടിരിക്കും. പ്രവാചകന്മാരുടെ നേരെ അദ്ദേഹത്തിന്റെ കാൽപാദങ്ങളിലെ ഭൂമി നഷ്ടപ്പെടുമാറ് സമൂഹം അതിഭീകരമായി പ്രതികരിക്കുന്നു. പാവപ്പെട്ടവരോ പണക്കാരോ ആയ യാതൊരു മനുഷ്യന്റെ പിന്തുണയും അവർക്ക്

(Revelation Rationality Knowledge & Truth എന്ന പുസ്തകത്തിൽ നിന്ന്)

## പൊങ്ങച്ചവും സൗന്ദര്യബോധവും

അബ്ദുല്ലാഹിബ്നു മസ്ഊദിൽ (റ) നിന്നും നിവേദനം : 'തന്റെ ഹൃദയത്തിൽ അണു അളവ് അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല' അപ്പോൾ ഒരാൾ ചോദിച്ചു (തന്റെ വസ്ത്രവും പാദുകവും ഭംഗിയുള്ളതാവണമെന്നു ആഗ്രഹിക്കുന്ന ഒരാളിനെപറ്റി എന്തു പറയുന്നു? പ്രവാചകൻ പ്രതിവചിച്ചു: 'അല്ലാഹു സുന്ദരനാകുന്നു. അല്ലാഹു സൗന്ദര്യത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അഹംഭാവം സത്യത്തെ നിഷേധിക്കലും ജനങ്ങളെ താഴ്ത്തലുമാണ്. ***(നബി വചനം - മുസ്‌ലിം)***

## ലേഖനം

# പരിസ്ഥിതി : ഖുർആനിക വീക്ഷണം

മാഹ ഡാബ്ബസ് യു.കെ.

### ഭൗതികവും, ആത്മീയവുമായി ദ്വയാർത്ഥങ്ങളുള്ള പാരിസ്ഥിതിക പാഠങ്ങളാണ് ഖുർആൻ നൽകുന്നത്

പരിസ്ഥിതി സംക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വർത്തമാനകാല ലോകത്തെ നേരിടുന്ന പ്രശ്നങ്ങളിൽ ഒന്ന്. പ്രകൃതിക്ക് ഭീഷണിയായി നിൽക്കുന്ന അപകടങ്ങളെക്കുറിച്ച് ജനങ്ങളെ ഉണർത്തു ന്ന മുറവിളികൾ നാം കേൾക്കുന്നു. ആധുനിക ജീവിതരീതികൾ സമൂഹത്തിലുണ്ടാക്കുന്ന ദുഷ്ഫലങ്ങളിൽ നിന്നും ലോകത്തെ രക്ഷിക്കാനുള്ള നടപടികൾ ഉടൻ ഉണ്ടാവണമെന്നു ആഹ്വാനവും നാം കേട്ടുകൊണ്ടിരിക്കുന്നു. അന്തരീക്ഷമലിനീകരണം അവസാനിപ്പിച്ചില്ലെങ്കിൽ അത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവെക്കുമെന്നുമുള്ള മുന്നറിയിപ്പും ആഹ്വാനത്തിലുണ്ട്. പ്രകൃതിയെയും വന്യജീവികളെയും സംരക്ഷിക്കാൻ നിരവധി സംഘടനകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നാം കഴിക്കുന്ന ഭക്ഷണം തിരഞ്ഞെടുക്കുന്നതിൽ വളരെയധികം ജാഗ്രത പുലർത്തണമെന്ന് വേറെ ചിലർ ഓർമ്മപ്പെടുത്തുന്നു. ആരോഗ്യത്തെ ക്ഷതപ്പെടുത്തുന്ന ഭക്ഷണം ഉപേക്ഷിക്കണമെന്ന ആഹ്വാനവും കാണപ്പെടുന്നു. ഇതിന്റെ ഫലമായി ജനങ്ങൾ ഈ പ്രശ്നത്തെക്കുറിച്ച് ബോധവാന്മാരായിക്കൊണ്ടിരിക്കയാണ്. ഭക്ഷണം തിരഞ്ഞെടുക്കുന്നതിൽ ജനങ്ങൾ വളരെ നിഷ്കർഷ പാലിക്കുന്നു. തങ്ങൾ ശ്വസിക്കുന്ന വായുവിനെക്കുറിച്ചുപോലും അവർ അസ്വസ്ഥരാണ്.

അന്തരീക്ഷ മലിനീകരണം കാരണമായുണ്ടാകുന്ന ശാരീരികരോഗങ്ങളാലും മറ്റു യാതനകളാലും ജനങ്ങൾ ദുരിതമനുഭവിക്കുന്നതിനാൽ അവരുടെ ആശങ്ക അസ്ഥാനത്തല്ല. അന്തരീക്ഷ മലിനീകരണം കാരണമായി നമുക്ക് പ്രശ്നങ്ങളെ നേരിടേണ്ടി വരികയും, ജനങ്ങൾ ഇക്കാര്യത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും അതിന്നുള്ള പരിഹാരങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുമ്പോൾ, എല്ലാം അറിയുന്ന പ്രപഞ്ച സ്രഷ്ടാവു ഇക്കാര്യത്തിൽ അജ്ഞനാണെന്നോ ഇക്കാര്യത്തിൽ പരിഹാരങ്ങളൊന്നും നിർദ്ദേശിക്കുന്നില്ലെന്നോ വിചാരിക്കുന്നത് എത്രമാത്രം ശരിയായിരിക്കും?

മനുഷ്യകുലത്തിന് എല്ലാ കാലത്തേക്കും ആവശ്യമായ പരിപൂർണ്ണവും അന്തിമവുമായ ദൈവികാദ്ധ്യാപനങ്ങൾ വിശുദ്ധ ഖുർആനിലടങ്ങിയിരിക്കുന്നുവെന്ന് ഓരോ മുസ്ലിമും വിശ്വസിക്കുന്നു. സ്വാഭാവികമായും, ഇന്ന് ലോകത്തെ അഭിമുഖീകരിക്കുന്ന എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അതിനെക്കുറിച്ച് നിസ്സംശയമെന്യേ, പരാമർശമുണ്ടാവും. ദൈവികമാർഗ്ഗദർശനങ്ങൾ പ്രാവർത്തികമാക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാനും സാധിക്കും.

അതിനാൽ ഇക്കാര്യത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ എന്താണ് പറയുന്നതെന്നു കണ്ടെത്താൻ നാം അതിലേക്ക് തിരിയേണ്ടിയിരിക്കുന്നു. പക്ഷേ, അതിന് ശ്രമിക്കുന്നതിനു മുമ്പ് പരിസ്ഥിതി എന്നതിന്റെ അർത്ഥം നാം നിർവ്വചിക്കുകയും അതിന് മനുഷ്യകുലവുമായുള്ള ബന്ധം നാം മനസ്സിലാക്കുകയും വേണം.

ഒരു പ്രത്യേക വസ്തുവുമായി ബന്ധപ്പെടുകയും അതിന്മേൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്ന ചുറ്റുപാടുമുള്ള അവസ്ഥകളാണ് പരിസ്ഥിതി എന്നു പറയുന്നത്. മനുഷ്യർ വെറും ഒരു ഭൗതിക വസ്തുവല്ലാത്തതിനാലും അവന് ഒരു ആത്മാവുള്ളതിനാലും അവനെ ഒരു ആത്മീയ ജീവി എന്നു വിളിക്കാവുന്നതാണ്. മനുഷ്യനെ സംബന്ധിച്ചേടത്തോളം പരിസ്ഥിതി എന്നാൽ അവനെ ശാരീരികമായോ, ധാർമ്മികമായോ ആത്മീയമായോ ബാധിക്കുന്ന ചുറ്റുപാടുമുള്ള അവസ്ഥകൾ എന്ന് നിർവ്വചിക്കാവുന്നതാണ്. അതിനാൽ, ഈ നിർവ്വചനപ്രകാരം മനുഷ്യന്റെ പരിസ്ഥിതി എന്നാൽ അവന്റെ ശരീരത്തെ ബാധിക്കുന്ന ചുറ്റുമുള്ള ഭൗതികലോകം മാത്രമല്ല. അതിൽ അവന്റെ ധാർമ്മികതയും ആത്മീയ പദവിക്ക് നിദാനമായ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്നു.

ഭൂമിയിലുള്ള എല്ലാ ഓരോ സൃഷ്ടിയുടെയും ആരോഗ്യകരമായ ജീവിതത്തിന് ആവശ്യമായതെല്ലാം

അല്ലാഹു പ്രദാനം ചെയ്തിരിക്കുന്നു എന്ന് വിശുദ്ധ ഖുർആൻ നമ്മെ അറിയിക്കുന്നു!

ഭൂമിയിൽ ചലിക്കുന്ന ഒരു ജീവിക്കും, അതിന് ആഹാരം നൽകി പരിപാലിക്കുന്നതിനുള്ള ബാധ്യത അല്ലാഹുവിങ്കലായിട്ടല്ലാതെയില്ല. അതിന്റെ താൽക്കാലിക വാസസ്ഥലവും സ്ഥിര വാസസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.' (വി. ഖു. 11:7)

തന്റെ സൃഷ്ടികളുടെ ശാരീരികപോഷണത്തിന്നാവശ്യമായതു മാത്രമല്ല ആത്മീയ പോഷണത്തിന്നാവശ്യമായ എല്ലാം പ്രദാനം ചെയ്യുന്നു എന്ന് അല്ലാഹു ഈ വാകൃത്തിൽ പ്രഖ്യാപിക്കുകയാണ്. മേൽ ഖുർആനിക പ്രയോഗത്തിൽ നിന്ന് മനസ്സിലാവുന്നതു പോലെ, അതിന്റെ താൽക്കാലിക വാസസ്ഥലവും സ്ഥിര വാസ സ്ഥലവും അവൻ അറിയുന്നു. അത് വ്യക്തമായും ചൂണ്ടിക്കാണിക്കുന്നത് ഈ ഭൂമിയിലുള്ള താൽക്കാലിക ജീവിതം മാത്രമല്ല, പരലോകത്തു ള്ള ശാശ്വതമായ വാസം കൂടിയാണ്.

മനുഷ്യന് മുമ്പ്, അല്ലാഹു പ്രപഞ്ചത്തിലെ മറ്റെല്ലാ വസ്തുക്കളും സൃഷ്ടിക്കുകയും പല വിധത്തിലുള്ള ജീവിരൂപങ്ങളും വികാസം പ്രാപിക്കുകയും ചെയ്തു. മനുഷ്യന്റെ സൃഷ്ടിപ്പ് താരതമ്യേന പിന്നീടുള്ള ഘട്ടത്തിലാണുണ്ടായത്. അല്ലാഹു ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ ഇച്ഛിച്ചപ്പോൾ അവൻ ഈ ഉദ്ദേശ്യാർത്ഥം മനുഷ്യനെ തിരഞ്ഞെടുത്തു.

ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകയാണ് (വി.ഖു. 2:31).

ഭൂമിയിൽ തന്റെ പ്രതിനിധിയായി നിയമിക്കപ്പെടാൻ അല്ലാഹു തിരഞ്ഞെടുത്ത അതുല്യസൃഷ്ടിയായിരുന്നു മനുഷ്യൻ. മനുഷ്യനായിരുന്നു ക്രമസമാധാനം നിലനിർത്തുകയും ദൈവികനിയമങ്ങൾ നടപ്പിൽ വരുത്തുകയും ലോകത്ത് നീതി പരത്തുകയും ചെയ്യേണ്ടിയിരുന്നത്. ഈ ഉദ്ദേശ്യാർത്ഥം അല്ലാഹു സൃഷ്ടികളുടെ കിരീടവും ഉത്തമനുമായ മനുഷ്യനെയും സൃഷ്ടിച്ചു. അല്ലാഹു മനുഷ്യനിൽ മഹത്തായ പ്രകൃതിയും സ്വഭാവഗുണങ്ങളും ദൈവത്തിന്റെ ഗുണങ്ങൾ പ്രതിഫലിപ്പിക്കാനുള്ള കണ്ണാടിയാവാനുള്ള കഴിവും നിക്ഷേപിച്ചു. ഇങ്ങനെ, ഏതൊരു മഹത്തായ ഉദ്ദേശ്യനിർവ്വഹണത്തിനായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുവോ അതിന്നായി മനുഷ്യൻ സജ്ജമായി. മനുഷ്യന് ഈ ഉദ്ദേശ്യം പ്രാപിക്കാൻ സഹായകമാകുമാറ് അവനെ മറ്റെല്ലാ സൃഷ്ടികളുടെയും മേൽ ഉയർത്തുകയും മുഴുപ്രപഞ്ചത്തെയും മനുഷ്യന് കീഴ്പ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ആകാശവും അതിലെ എല്ലാ ഗ്രഹങ്ങളും ഭൂമിയും അതിന്റെ നിക്ഷേപങ്ങളും അഗാധമായ സമുദ്രങ്ങളും ഉന്നതമായ പർവ്വതങ്ങളും എല്ലാം മനുഷ്യന്റെ സേവനത്തിന്നായി നിലകൊണ്ടു.

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നതും അവന്റെ ബാഹ്യവും ആന്തരവുമായ അനുഗ്രഹങ്ങൾ നിങ്ങൾക്ക് പൂർത്തിയാക്കി തന്നിരിക്കുന്നതും നിങ്ങൾ കണ്ടില്ലേ? (എന്നിട്ടും) ഒരു അറിവും മാർഗ്ഗദർശനവും വെളിച്ചം നൽകുന്ന ഒരു ഗ്രന്ഥവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്ന ചിലർ മനുഷ്യരിലുണ്ട്. (വി.ഖു. 31:21)

മനുഷ്യനാണ് ലോകത്തിന്റെ യജമാനൻ എന്ന് ഇതിനർത്ഥമില്ല. പ്രപഞ്ചം സൃഷ്ടിച്ച യഥാർത്ഥ യജമാനൻ നിശ്ചയിച്ച ഒരു രക്ഷാകർത്താവായി മാത്രം അവൻ വർത്തിക്കുകയാണ്. മനുഷ്യനടക്കമുള്ള മുഴുപ്രപഞ്ചവും അല്ലാഹുവിന്നവകാശപ്പെട്ടതാണ്. മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ട എല്ലാറ്റിൽ നിന്നും പ്രയോജനമുൾക്കൊള്ളാൻ അല്ലാഹു മനുഷ്യനെ അനുവദിക്കുന്നു. പക്ഷേ, ഏതൊരു ഉദ്ദേശ്യാർത്ഥം മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുവോ ആ ഉദ്ദേശ്യപൂർത്തീകരണമായിരിക്കണം മനുഷ്യന്റെ ലക്ഷ്യം.

ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവനിൽ നിന്ന് നിങ്ങൾക്കായി അവൻ അധീനപ്പെടുത്തിത്തന്നിരിക്കുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. (വി.ഖു. 45:14)

അല്ലാഹു തന്റെ മതത്തിന്റെ അദ്ധ്യാപനങ്ങളുടെ രൂപത്തിൽ സ്വയം വെളിപ്പെടുത്തിയ ദൈവികനിയമങ്ങൾ അനുസരിക്കുന്നതിലൂടെ മാത്രമെ മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം നേടാനാവൂ. ഈ ദൈവികാദ്ധ്യാപനങ്ങൾ, മനുഷ്യകുലത്തിന്മേൽ നിർബന്ധപൂർവ്വം അടിച്ചേല്പിച്ച അല്ലാഹുവിന്റെ ഏകപക്ഷീയമായ കല്പനകളുടെ പരമ്പരയല്ല. അവയിലോരോന്നിന്റെയും പിന്നിൽ മഹത്തായ പ്രതിഭയുണ്ട്. അവ ഏതൊരു വ്യക്തിയുടേയും ശാരീരികവും ധാർമ്മികവും ആത്മീയവുമായ പുരോഗതിയെ സഹായിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

മനുഷ്യസൃഷ്ടിപ്പിനുമുമ്പ് തന്നെ അവന്റെ ചുററുമുള്ള പരിസ്ഥിതി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ഇത് മനുഷ്യസേവനാർത്ഥവും അവന്റെ സൃഷ്ടിയുദ്ദേശ്യം പ്രാപിക്കാനുമാണ്. എന്നിരിക്കിലും ഈ ലക്ഷ്യപ്രാപ്തിയിൽ നിന്നും മനുഷ്യരിൽ ഭൂരിപക്ഷവും ഇന്ന് വ്യതിചലിച്ചുപോയിരിക്കുന്നുവെന്ന് നമുക്ക് കാണാം. അല്ലാഹു മനുഷ്യന്റെ സ്വന്തം നന്മക്ക് വേണ്ടി പ്രദാനം ചെയ്ത വസ്തുക്കൾ പ്രയോജനപ്പെടുത്തുന്നതിൽ അവൻ പരാജയപ്പെട്ടുവെന്നു മാത്രമല്ല, അല്ലാഹു മനുഷ്യന് നൽകിയ വിഭവങ്ങളെ അവൻ ദുഷിപ്പിക്കുകയും തനിക്കും മറ്റുള്ളവർക്കു വേണ്ടിയും അവയെ നശിപ്പിക്കുകയും ചെയ്തിരിക്കുന്നു.

'അവർ അധികാരം കരസ്ഥമാക്കിക്കഴിഞ്ഞാൽ നാട്ടിൽ കുഴപ്പമുണ്ടാക്കുകയും ഉല്പന്നങ്ങളെയും മനുഷ്യസന്തതികളെയും നശിപ്പിക്കു

കയും ചെയ്യുവാൻ ഓടിനടക്കുന്നതാണ്. എന്നാൽ, അല്ലാഹു കുഴപ്പത്തെ ഇഷ്ടപ്പെടുന്നില്ല.' (വി.ഖു. 2:206) ഇങ്ങനെ ചെയ്തുകൊണ്ട്, അല്ലാഹു മനുഷ്യന് നിയമവിധേയമാക്കിയ നല്ലതും പരിശുദ്ധവുമായ വിഭവങ്ങളെ ദോഷകരമാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി അനുവദനീയമായ ഈ വിഭവങ്ങൾ മനുഷ്യോപയോഗത്തിന് പറ്റാത്തവിധം പങ്കിലമാക്കിയിരിക്കുന്നു. എന്തെന്നാൽ നല്ലതും പരിശുദ്ധവുമായത് മാത്രം ഭക്ഷിക്കാനാണ് അല്ലാഹു അനുവദിച്ചിരിക്കുന്നത്.

"സത്യവിശ്വാസികളേ, നാം നിങ്ങൾക്ക് നൽകിയിട്ടുള്ള നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. അല്ലാഹുവിനോട് നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുക; അവനെ തന്നെയാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ' (വി.ഖു. 2:173)

നിയമവിധേയമായതിനെ നിയമവിരുദ്ധമാക്കുന്നതിന് കാരണക്കാരായി തീരരുതെന്ന് അല്ലാഹു വിശ്വാസികളോട് വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു.

വിശ്വസിച്ചവരേ, അല്ലാഹു നിങ്ങൾക്ക് വിഹിതമാക്കിത്തന്നതിൽ നിന്നുള്ള നല്ല വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്; നിങ്ങൾ അതിരുകവിയുകയുമരുത് (നിശ്ചിത) അതിരുകൾ മറികടക്കുന്നവരെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് നിയമാനുസൃതവും നല്ലതുമായ വസ്തുക്കൾ നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. നിങ്ങൾ വിശ്വസിക്കുന്ന അല്ലാഹുവിനെ (അവന്റെ നിയമങ്ങളെ) സൂക്ഷിക്കുക. (വി.ഖു. 65:88–89)

വിശ്വാസികൾ തങ്ങൾ ജീവിക്കുന്ന പരിസ്ഥിതിയെ സംരക്ഷിക്കണമെന്ന വ്യക്തമായ സൂചന ഇതിലുണ്ട്. എത്രത്തോളം പരിസ്ഥിതിയെ മലിനീകരിക്കുന്നുവോ അത്രത്തോളം വസ്തുക്കൾ യോഗ്യമല്ലാതായിത്തീരുകയും അത് ഉപയോഗിക്കുന്നത് അവർക്ക് ദോഷകരമായിത്തീരുകയും ചെയ്യുന്നു. ഇത് ഒരാൾ കഴിക്കുന്ന ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രം ബാധകമാകുന്ന ഒന്നല്ല. മനുഷ്യകുലത്തിന് നൽകപ്പെട്ട ഏതൊന്നിനേയും ബാധകമാക്കാവുന്ന പൊതു നിർദ്ദേശമാണിത്.

പക്ഷേ, ഇന്ന് നാം കാണുന്നവിധം, മനുഷ്യരിൽ ഭൂരിപക്ഷവും ഈ ലളിതമായ നിർദ്ദേശങ്ങൾ അനുസരിക്കുന്നില്ല. മറിച്ച്, തങ്ങൾ സ്വയം ഉപദ്രവകരമാകുംവിധം പരിസ്ഥിതി മലിനീകരണം തുടർന്നുകൊണ്ടിരിക്കുന്നു. നിമയലംഘനം നടത്തുന്ന ആൾക്ക് തന്നെ അതിന്റെ ദുരന്തഫലം അനുഭവിക്കേണ്ടി വരുന്നവിധമാണ് അല്ലാഹു നിയമങ്ങൾ വെച്ചിട്ടുള്ളത്. മനുഷ്യകുലം പരിസ്ഥിതിക്ക് ഏല്പിച്ചിരിക്കുന്ന ദുരന്തങ്ങൾ എല്ലാവർക്കും ഗോചരമാണ്. മനുഷ്യകുലം ഇതുമുഖേന അനുഭവിക്കുന്ന ദുരിതങ്ങളും ഇന്ന് വളരെ പ്രകടമാണ്. എന്നിരിക്കിലും, അല്ലാഹുവിന്റെ എല്ലാ പ്രവൃത്തികളും നമ്മുടെ നന്മയ്ക്ക് വേണ്ടിയാണ്. അല്ലാഹു പറയുന്നു:

മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു; അവർ (ദുഷ്കൃത്യങ്ങളിൽ നിന്ന്) മടങ്ങുന്നതിനുവേണ്ടി. (വി.ഖു.30 :42)

ഭൗതിക പരിസ്ഥിതിയിൽ ഈ ക്ഷതം ദൃശ്യമാക്കിയെന്നതിന്റെ കാരണം അല്ലാഹു മേൽ ഖുർആൻ വാക്യത്തിന്റെ അവസാനഭാഗത്ത് വിവരിക്കുന്നു. ഈ ദുഷിപ്പു ജനങ്ങൾക്ക് വളരെ പ്രകടമാക്കിയിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. (അവർ തിന്മയിൽ നിന്നും പിന്തിരിയാൻ വേണ്ടിയാണിത്). മനുഷ്യൻ കൈകാര്യം ചെയ്യേണ്ട കൂടുതൽ പ്രധാനപ്പെട്ട ഒരു ദുഷിപ്പിലേക്കാണ് അല്ലാഹു മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുന്നത് അത് ആത്മാവിന്റെ തിന്മയാണ്.

ലോകത്തിലെ നാഗരികരായ ജനതയിൽ ഭൂരിപക്ഷവും നമ്മുടെ ഭൗതിക പരിസ്ഥിതിയെ പരിരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാണെങ്കിലും പരിസ്ഥിതി ദുഷിച്ചുപോകുന്നതിന്റെ ധാർമ്മിക വശത്തെക്കുറിച്ച് വളരെ കുറച്ചുപേർ മാത്രമേ ചിന്തിച്ചിട്ടുള്ളൂ. എന്നാൽ ആത്മീയമണ്ഡലത്തിന്റെ അസ്തിത്വത്തെക്കുറിച്ച് ബോധമുള്ളവർ ഇല്ലെന്നു തന്നെ പറയാം. ഇതിനെയും പരിസ്ഥിതി ബാധിക്കുന്നുണ്ട്.

എന്നിരിക്കിലും, ഈ പ്രധാന പ്രശ്നത്തെ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ അവഗണിച്ചിട്ടില്ല. മനുഷ്യതലത്തിന്റെ ശാരീരികവും, ധാർമ്മികവും ആത്മീയവുമായ ആരോഗ്യപൂർണ്ണ ജീവിതം ഉറപ്പുവരുത്താൻ പരിസ്ഥിതി സംരക്ഷണത്തിന്റെ എല്ലാ വശങ്ങളും സംരക്ഷിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. തങ്ങൾ ജീവിക്കുന്ന പരിസ്ഥിതി വിശ്വാസികൾ സംരക്ഷിക്കണമെന്ന് വിശുദ്ധ ഖുർആൻ ആജ്ഞാപിക്കുന്നു. പരിസ്ഥിതി തങ്ങളുമായി പങ്കുവെക്കുന്ന മറ്റുള്ളവരുടെ കാര്യവും ശ്രദ്ധിക്കണമെന്ന് അവൻ നമ്മെ പഠിപ്പിക്കുന്നു.

'ഭൂമിയിൽ നന്മ വരുത്തിയ ശേഷം അതിൽ കുഴപ്പമുണ്ടാക്കരുത്. ഭയത്തോടും പ്രത്യാശയോടും കൂടി നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സുകൃതവാന്മാരുമായി അടുത്തതാണ്.' (വി.ഖു. 7:57) എന്നിരിക്കിലും ജീവിതത്തിന്റെ ആത്മീയ വശത്തിന്നാണ് വിശുദ്ധ ഖുർആൻ എപ്പോഴും പ്രത്യേക ഊന്നൽ നൽകുന്നത്.

'ആ പാരത്രിക ഭവനമാകട്ടെ, ഭൂമിയിൽ ഔദ്ധത്യം നടിക്കാനോ കുഴപ്പമുണ്ടാക്കാനോ ഉദ്ദേശിക്കാത്തവർക്ക് നാം അത് നൽകുന്നതാണ്. ശുഭപര്യവസാനം ദോഷബാധയെ സൂക്ഷിക്കുന്നവർക്കാകുന്നു'. (വി. ഖു:

28:84) കൂടാതെ ഇങ്ങനെ നിർദ്ദേശിക്കപ്പെട്ടതിന്റെ കാരണവും യുക്തിയും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. സദാസമയവും തങ്ങളുടെ ശാരീരികവും ധാർമ്മികവും ആത്മീയവുമായ അവസ്ഥകളെ ആരോഗ്യപരമായി നിലനിർത്താൻ വിശുദ്ധ ഖുർആൻ അതിന്റെ അനുയായികൾക്ക് മാർഗ്ഗദർശനം നൽകുന്നു.

പക്ഷേ, വിശുദ്ധ ഖുർആൻ അതിന്റെ ആശയങ്ങൾ പ്രകടമാക്കുന്നത് ഭൗതികമായ അടിസ്ഥാനത്തിലാണ് എന്ന കാര്യം നാം ഓർക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഭൗതിക വസ്തുക്കൾ ഭൗതികമായ ബോധേന്ദ്രിയങ്ങൾ കൊണ്ടേ മനസ്സിലാക്കാൻ പറ്റൂ. അപ്പോൾ അവ വളരെ എളുപ്പവുമായി തീരുന്നു. ദൈവികമായ ഈ നിർദ്ദേശങ്ങൾ വളരെ ആഴത്തിൽ പരിഗണിക്കണം. ഈ ഭൗതികമായ ഉദാഹരണങ്ങളെ ആലങ്കാരികമായും കണക്കിലെടുക്കേണ്ടതാണ്. ഭൗതികമായ ക്ഷേമത്തിനു പുറമേ ധാർമ്മികവും ആത്മീയവുമായ മനുഷ്യന്റെ അഭിവൃദ്ധിയെ ബാധിക്കുന്ന ദൈവിക മാർഗ്ഗദർശനം ഉൾക്കൊള്ളാൻ ഇതാവശ്യമാണ്

'തീർച്ചയായും നാം മനുഷ്യർക്ക് ഈ ഖുർആനിൽ എല്ലാ വിധത്തിലുള്ള ഉപമകളും എടുത്തുകാണിച്ചിട്ടുണ്ട്. അവർ ഉപദേശം ഗ്രഹിക്കാൻ വേണ്ടി' (വി.ഖു. 39:28)

ഇതിനുദാഹരണമായി, മാംസം കഴിക്കുന്നതിനെക്കുറിച്ചുള്ള ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നമുക്കു നോക്കാം. ഭൗതികമായ പരിസ്ഥിതിയിൽ മനുഷ്യന്റെ സേവനത്തിനായി അല്ലാഹു പലവിധത്തിലുള്ള മൃഗങ്ങളെയും സൃഷ്ടിച്ചിരിക്കുന്നു. ഈ മൃഗങ്ങളിൽ നിന്ന് മനുഷ്യനുള്ള നേട്ടങ്ങളിൽ ഒന്ന് അവയുടെ മാംസം ഭക്ഷിക്കാം എന്നതാണ്. എന്തെന്നാൽ മൃഗത്തിന്റെ പ്രോട്ടീൻ മനുഷ്യന്റെ ആഹാര ക്രമത്തിന്റെ ഗുണകരമായ ഒരു ഭാഗമാണ്. അതിനാൽ ഈ മൃഗങ്ങളിൽ ചിലവയുടെ മാംസം ആഹാരത്തിന്നായി ഉപയോഗിക്കാൻ മനുഷ്യൻ അനുവദിക്കപ്പെട്ടിരിക്കുന്നു. അതേസമയം, ചില നിബന്ധനകൾക്ക് വിധേയമാണ് ഈ മാംസം ഉപയോഗിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ളത്. ഭക്ഷണത്തിനുവേണ്ടി ഉപയോഗിക്കാവുന്ന മാംസമുള്ള മൃഗങ്ങളെ ആദ്യമായി തിരഞ്ഞെടുക്കണം. ആ മൃഗം അറുക്കപ്പെടുന്നതിന് മുമ്പു ജീവനുള്ളതും ആരോഗ്യമുള്ളതുമായിരിക്കണം. മൂർച്ചയുള്ള കത്തികൊണ്ട് ഒരു പ്രത്യേക രീതിയിൽ വേണം അതിനെ അറുക്കാൻ. മൃഗത്തെ അറുക്കുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കണം. അറുക്കപ്പെട്ട മൃഗത്തിന്റെ മാംസം അതിൽ അവശേഷിക്കുന്ന രക്തത്തിന്റെ അടയാളം അവശേഷിക്കാത്തവിധം നല്ലപോലെ പാകം ചെയ്യണം. ഈ നിബന്ധനകളെല്ലാം പൂർത്തിയാക്കിയാലേ ഒരു മുസ്‌ലിമിന് മാംസം ഭക്ഷിക്കുന്നത് അനുവദനീയമാകൂ.

പക്ഷേ, ചില പ്രത്യേക സാഹചര്യങ്ങളിൽ അനുവദനീയമായ വസ്തുക്കൾ അവ ദോഷകരമാണെന്ന കാരണത്താൽ നിഷിദ്ധമാണെന്ന് നാം ഓർക്കണം. നല്ലതും പരിശുദ്ധവുമായതും മാത്രമേ ഭക്ഷിക്കാവൂ എന്ന് ഇസ്‌ലാം മുസ്‌ലിംകളോട് അനുശാസിക്കുന്നു. ഇസ്‌ലാം ശുദ്ധമായത് അനുവദിക്കുകയും അശുദ്ധമായത് നിഷിദ്ധമാക്കുകയും ചെയ്യുന്നു. ഒരാളുടെ ആരോഗ്യത്തിനു ദോഷം ചെയ്യുന്ന ഒന്നും കഴിക്കരുതെന്ന് അനുശാസിക്കുകയും ചെയ്യുന്നു. അതിനാൽ അനുവദനീയമായ ഭക്ഷണം രോഗാണുക്കൾ ബാധിച്ച് ആരോഗ്യത്തിന് ഹാനികരമായിട്ടുണ്ടെങ്കിൽ നിഷിദ്ധമായിത്തീരുന്നു.

ഈ ദൈവിക നിർദ്ദേശങ്ങളെക്കുറിച്ച് നാം ചിന്തിക്കുന്ന പക്ഷം അവ വെറും ഭൗതിക ക്ഷേമം ഉദ്ദേശിച്ചുള്ളതല്ല മറിച്ച് ധാർമ്മികവും ആത്മീയവുമായ നേട്ടങ്ങൾ ലക്ഷ്യം വെച്ചുള്ളതാണെന്ന് മനസ്സിലാവും.

ചിലയിനം മാംസം മനുഷ്യശരീരത്തിൽ വിപരീതഫലങ്ങളാണുളവാക്കുകയെന്ന് നമുക്കറിയാം. ആ വിഭാഗങ്ങളിൽപ്പെട്ട മാംസം അല്ലാഹു നിഷിദ്ധമാക്കിയതെന്തിനാണെന്ന് നമുക്ക് മനസ്സിലാകുന്നു. ചത്ത, അല്ലെങ്കിൽ രോഗം ബാധിച്ച മൃഗത്തിന്റെ മാംസം ശാരീരികാരോഗ്യത്തെ അപകടപ്പെടുത്തുന്നു. അതേപോലെ, മൃഗത്തിന്റെ രക്തത്തിൽ വിനാശകരമായ വസ്തുക്കൾ അടങ്ങിയതിനാൽ അത് നമ്മുടെ ശരീരത്തിന് ഗുരുതരമായ ദോഷം വരുത്തുന്നു. മൃഗത്തെ അറുക്കുന്നതുമൂലം അതിന്റെ ശരീരത്തിൽ നിന്നു രക്തം വാർന്നു പോകുന്നതിനാൽ അപകടസാധ്യത കുറയുന്നു. പിന്നെ അവശേഷിക്കുന്ന രക്തം, നല്ല പോലെ പാകം ചെയ്യുമ്പോൾ ഇല്ലാതാവുകയും ചെയ്യുന്നു. വിപരീത ഫലങ്ങൾ മനുഷ്യന്റെ ഭൗതികമേഖലയിൽ മാത്രമല്ല ഉണ്ടാവുന്നത്. മനുഷ്യൻ കഴിക്കുന്ന ഭക്ഷണം അവന്റെ ധാർമ്മികവും ആത്മീയവുമായ അവസ്ഥയിലും പ്രതികരണമുണ്ടാക്കുന്നു. ഒരു മനുഷ്യൻ കഴിക്കുന്ന ഭക്ഷണവും അവന്റെ പ്രവൃത്തികളും തമ്മിൽ അഗാധമായ ബന്ധമുണ്ടെന്ന് തെളിയിക്കപ്പെട്ടതാണ്. ഈ വസ്തുത ഈയ്യിടെ മാത്രമാണ് വൈദ്യശാസ്ത്രം അംഗീകരിക്കാൻ തുടങ്ങിയത്. എന്നാൽ വിശുദ്ധ ഖുർആൻ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ ഈ യാഥാർത്ഥ്യം അംഗീകരിച്ചിട്ടുണ്ട്.

നാം കഴിക്കുന്ന ഭക്ഷണത്തിന്റെ കാര്യത്തിൽ വിശുദ്ധ ഖുർആൻ ചില മുൻകരുതലുകൾ നടത്തുകയും ചില ഉപദേശ നിർദ്ദേശങ്ങൾ നമുക്കു നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്നു വളരെ പ്രാധാന്യമുണ്ട്. മനുഷ്യന് തന്റെ സ്വാഭാവികമായ വാസനകളും കഴിവുകളും വ്യാപിപ്പിക്കേണ്ടതിനാൽ അവന്റെ ശാരീരികവും ധാർമ്മികവും ആത്മീയവുമായ അവസ്ഥക്കു ദോഷം ചെയ്യാത്ത എല്ലാ ഭക്ഷണവും കഴിക്കണം. ഇസ്‌ലാം മുന്നോട്ടുവെച്ചിട്ടുള്ള അടിസ്ഥാന സിദ്ധാന്തം പരിശുദ്ധവും നല്ലതുമായ ഭക്ഷണം നല്ല ആരോഗ്യകരമായ മാനസികാവസ്ഥ ഉല്പാദിപ്പിക്കുകയും അത് നല്ലതും

ടുത്താനുള്ള ഏറ്റവും നല്ല വഴികളി ലേക്ക് മനുഷ്യനെ നയിക്കാനുള്ള നിർദ്ദേശങ്ങളും അല്ലാഹു വെളിപ്പെടു ത്തിയിരിക്കുന്നു. മനുഷ്യൻ അനുവ ദനീയമായ കാര്യങ്ങൾ മാത്രം ചെയ്യേ ണ്ടത് അവന്റെ നന്മക്ക് തന്നെയാണ്. നിഷിദ്ധമായ കാര്യങ്ങളിൽ നിന്നും അകന്നുനിൽക്കുന്നതും സ്വന്തം നന്മക്ക് വേണ്ടിയാണ്. അപ്പോൾ മാത്രമേ മനുഷ്യന് ശാരീരികവും ധാർമ്മികവും ആത്മീയവുമായ ആരോഗ്യം ഉറപ്പുവരുത്താൻ പറ്റൂ. ഇക്കാരണം കൊണ്ടാണ് തന്റെ പരി സ്ഥിതിയെ സംരക്ഷിക്കുന്നത് മനു ഷ്യന്റ ഉത്തരവാദിത്തമാണെന്ന് പറ യുന്നത്. അങ്ങനെയാവുമ്പോൾ മനു ഷ്യന് തന്റെ സമഗ്രമായ അഭിവൃദ്ധി ക്കുള്ള മാർഗ്ഗങ്ങൾ തുടർന്നു ഉണ്ടാ യിക്കൊണ്ടിരിക്കുന്നു.

മേൽകാരണങ്ങൾക്ക് പുറമേ, അല്ലാഹുവിൽക്കൂടെ പ്രകൃതിയെ സ്നേഹിക്കാൻ ഇസ്‌ലാം അതിന്റെ അനുയായികളെ പഠിപ്പിക്കുന്നു. ഒരു യഥാർത്ഥ മുസ്‌ലിം ദൈവസ്നേഹ ത്തിൽ ആമഗ്നനാവുന്നു. അതിന്റെ ഫലമായി അവൻ സമസ്ത സൃഷ്ടി കളെയും സ്നേഹിക്കുന്നു. എന്തെ ന്നാൽ അവയെല്ലാം താൻ സ്നേഹി ക്കുന്ന അല്ലാഹുവിന്നവകാശപ്പെട്ടതാ ണ്. ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാച കൻ (സ) ഇത് സ്വജീവിതമാതൃകയി ലൂടെ നമുക്ക് കാണിച്ചുതന്നു. അദ്ദേഹം മനുഷ്യകുലത്തോട് കാരു ണ്യം കാട്ടിയതിനുപുറമേ മൃഗങ്ങ ളോടും വൃക്ഷങ്ങളോടും ചെടിക ളോടും കാരുണ്യം കാട്ടി. അതുകൊ ണ്ടാണ് അല്ലാഹു നബിതിരുമേനി( സ)യെ അഭിസംബോധന ചെയ്തു കൊണ്ടിപ്രകാരം പ്രസ്താവിക്കുന്നത്.

'നാം നിന്നെ ലോകത്തിന്ന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടു ള്ളത്.' (വി.ഖു. 21:108)

നബി(സ) സർവ്വലോകങ്ങൾ ക്കും കാരുണ്യമായിരുന്നു. ഇതിൽ മനുഷ്യരും, മൃഗങ്ങളും വൃക്ഷങ്ങളും ദൈവസൃഷ്ടങ്ങളായ മറ്റെല്ലാ ലോക ങ്ങളും പെടും അല്ലാഹു നൽകിയ

അവസ്ഥയെക്കുറിച്ച് ബോധവാന്മാരാ യിരിക്കുവാൻ ഇത് തനിയെ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. എന്തെ ന്നാൽ അതിന് അവരുടെ ഭക്ഷണത്തി ന്മേൽ നേരിട്ടുള്ള പ്രതികരണവുമു ണ്ട്. ചിലപ്പോൾ ആ ഭക്ഷണം കഴി ക്കുന്നതുപോലും നിഷിദ്ധമായിത്തീ രുന്നു. തങ്ങളുടെ ചുറ്റുപാടുകൾക്ക് ദോഷം വരുത്തുന്ന അല്ലെങ്കിൽ തങ്ങ ളുടെ ആരോഗ്യത്തിന് ഹാനികരമായ എന്തെങ്കിലും ചെയ്യുന്നതിൽ നിന്ന് ഇത് അവരെ തടഞ്ഞുനിർത്തുന്നു.

അതിലുപരി, ഒരു മൃഗത്തെ കശാപ്പുചെയ്യുന്ന രീതി പോലും ഒരു മുസ്‌ലിമിന്റെ ധാർമ്മികവും ആത്മീ യവുമായ അവസ്ഥയെ ബാധിക്കുന്നു. ഈ പ്രയോജനങ്ങളുടെ ആകത്തുക യായി, ബലി കഴിക്കപ്പെട്ട മൃഗത്തെ ക്കുറിച്ച് അല്ലാഹു പറയുന്നു:

'അവയുടെ മാംസമോ, രക്ത മോ, അല്ലാഹുവിന്ന് ഒരിക്കലും എത്തുകയില്ല. പക്ഷേ, നിങ്ങളുടെ ഹൃദയഭക്തിയാണ് അവനെത്തു ന്നത്. ഇപ്രകാരം അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരി ക്കുന്നു. അല്ലാഹു നിങ്ങൾക്ക് നേർമാർഗ്ഗം കാണിച്ചു തന്നതു നിമിത്തം നിങ്ങളവനെ മഹത്വപ്പെടു ത്തുന്നതിനുവേണ്ടി. സദ്‌വൃത്തന്മാരെ നീ സന്തോഷവാർത്ത അറിയിക്കുക. (വി.ഖു. 22:38)

അതിനാൽ ഈ പ്രവൃത്തിക ളിൽ കൂടി ഒരു വ്യക്തിക്ക് ഉദ്ദേശിക്ക പ്പെട്ട നേട്ടം സാത്വികതയാണ്. ഈ നിർദ്ദേശങ്ങൾ നൽകപ്പെട്ടിരിക്കുന്നത് ഭൗതികാർത്ഥത്തിലാണെങ്കിലും അവ മനുഷ്യന്റെ ധാർമ്മികവും ആത്മീയ വുമായ അവസ്ഥയിലും പ്രഭാവം ചെലുത്തുന്നുവെന്ന് മേൽവിവരണങ്ങ ളിൽ നിന്ന് മനസ്സിലാക്കാം. ഇത് എല്ലാ ഖുർആനികാദ്ധ്യാപന ങ്ങൾക്കും ബാധകമാണ്. മനുഷ്യ വർഗ്ഗത്തിന്റെ പരിസ്ഥിതിയിൽ മനു ഷ്യന് തന്റെ കടമകൾ നിർവ്വഹിക്കാ നാവശ്യമായ എല്ലാം അല്ലാഹു സൃ ഷ്ടിച്ചിരിക്കുന്നു. അതേസമയം മനു ഷ്യന് തന്റെ കഴിവുകൾ ഉപയോഗപ്പെ

സാത്വികവുമായ പ്രവൃത്തികൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു എന്നതാണ്. മനുഷ്യന്റെ ധാർമ്മി കതക്ക് മേൽ ഭക്ഷണം ശക്തമായ സ്വാധീനം ചെലുത്തുന്നു. ഒരു മൃഗ ത്തിന്റെ മാംസം കഴിക്കുന്നതുമൂലം മനുഷ്യനിൽ അതിന്റെ സ്വഭാവം പോലും വ്യാപിക്കാവുന്നതാണ്. അതുകൊണ്ടാണ് മനുഷ്യോപയോഗ ത്തിനുള്ള ഭക്ഷണത്തിൽ ഇസ്‌ലാം ചില പരിമിതികൾ ഏർപ്പെടുത്തിയി ട്ടുള്ളത്. അത് മനുഷ്യന്റെ സ്വന്തം നന്മ ലാക്കാക്കിക്കൊണ്ടുള്ളതാണ്.

മനുഷ്യോപയോഗത്തിന് അനു വദിക്കപ്പെട്ട മാംസത്തെക്കുറിച്ച് അല്ലാഹു പറയുന്നു: (കാലികളിൽ ഭാരം ചുമക്കുന്നവയെയും ഭൂമിയിൽ പതുങ്ങിയവ (അറുത്തു മാസം ഭക്ഷി ക്കാനുള്ളവയെയും) അവൻ സൃഷ്ടി ച്ചിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് നൽകിയതിൽ നിന്ന് നിങ്ങൾ ഭക്ഷി ച്ചുകൊള്ളുക. പിശാചിന്റെ കാലടി കളെ നിങ്ങൾ പിന്തുടരുത്. തീർച്ച യായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു'. (വി.ഖു. 26:143).

പിശാചിന്റെ കാലടിപ്പാടുകളെ തുടരരുതെന്ന ഈ വാക്യത്തിലെ പ്രയോഗം വ്യക്തമായും സൂചിപ്പിക്കു ന്നത് മനുഷ്യൻ കഴിക്കുന്ന ഭക്ഷണ ത്തിന് പൈശാചിക പ്രേരണകളെ എതിർത്തുതോല്പിക്കാനുള്ള കഴിവു മായി നേരിട്ടുള്ള ഒരു ബന്ധമുണ്ടെ ന്നാണ്. അല്ലാഹു തന്റെ ദൂതന്മാരോട് നിർദ്ദേശിക്കുന്നു: 'ഓ ദൂതന്മാരേ, പരി ശുദ്ധ വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും നല്ലത് പ്രവർത്തിക്കു കയും ചെയ്യുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് ഞാൻ നല്ലവണ്ണം അറി യുന്നവനാണ്. (വി.ഖു. 23:52).

ഒരു ഭക്ഷണം കഴിക്കാൻ പുറപ്പെടുന്നതിനു മുമ്പ് അത് തന്റെ ആരോഗ്യത്തെ എങ്ങനെ ബാധിക്കു മെന്ന് പരിശോധിക്കണമെന്ന് ഈ നിയമങ്ങൾ ഒരു മുസ്‌ലിമിനെ ഉണർ ത്തുകയും അവനെ ഉപദേശിക്കു കയും ചെയ്യുന്നു. പരിസ്ഥിതിയുടെ

അനുഗ്രഹങ്ങൾക്ക് തിരുമേനി (സ) കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ദൈവസൃഷ്ടികളെ നശിപ്പിക്കാതെ നോക്കാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചു. ദൈവം നല്കിയ വിഭവങ്ങൾ പാഴാക്കാതിരിക്കാനും അദ്ദേഹം ശ്രദ്ധിച്ചു. തിരുമേനി(സ)യുടെ ഈ മാതൃക സ്വീകരിച്ചുകൊണ്ട് അല്ലാഹു സൃഷ്ടിച്ച എല്ലാറ്റിനേയും പരിചരിക്കേണ്ടത് ഓരോ വ്യക്തിയുടെയും കർത്തവ്യമാണ്. അങ്ങനെ ചെയ്യേണ്ടത് മനുഷ്യന്റെ താല്പര്യമാണ്. എന്തെന്നാൽ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് മനുഷ്യനു വേണ്ടിയാണ്. ഒരു വിധത്തിലല്ലെങ്കിൽ വേറൊരുവിധത്തിൽ മനുഷ്യന് അവയിൽ നിന്നും പ്രയോജനം നേടാൻ സാധിക്കും.

മനുഷ്യന്റെ ഇഹലോകജീവിതത്തിന്റെ ഉദ്ദേശ്യം ആത്മീയമായ പുരോഗതിയായതിനാൽ മനുഷ്യന്റെ ഭൗതിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ അല്ലാഹു വിഭവങ്ങൾ ഒരുക്കിയതുപോലെത്തന്നെ ആത്മീയാവശ്യങ്ങൾക്കുള്ള എല്ലാ വിഭവങ്ങളും മനുഷ്യൻ നൽകിയിട്ടുണ്ടെന്ന കാര്യം നിസ്സംശയമാണ്. എല്ലാ ഭൗതികവിഭവങ്ങളും മനുഷ്യൻ വളരെ സന്തോഷത്തോടെ സ്വീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത് പോലെ അല്ലാഹുവിന്റെ ആത്മീയവിഭവങ്ങളെ ഉപയോഗിക്കുന്നതിലും അവൻ വൈമുഖ്യം കാണിക്കരുത്. മനുഷ്യൻ എന്നത് ശരീരവും ആത്മാവും കൂടിയതാണ്. അല്ലാഹു മനുഷ്യന് അവന്റെ ശരീരത്തിനാവശ്യമായ ഭക്ഷണം നൽകിയിരിക്കുന്നതുപോലെ മനുഷ്യന്റെ ആത്മീയമായ നിലനില്പിനുള്ള ഭക്ഷണവും നൽകിയിരിക്കേണ്ടതാണ്. അതു മുഖേനയാണ് അവൻ ആത്മീയൗന്നത്യം പ്രാപിക്കുന്നത്. ഒരു മനുഷ്യൻ തന്റെ ശാരിരികാരോഗ്യത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുന്നതുപോലെ ആത്മീയമായ ക്ഷേമത്തെക്കുറിച്ചും ബോധവാന്മാരായിരിക്കണം. മനുഷ്യന് അവന്റെ ശാരീരികാരോഗ്യം നിലനിർത്താൻ ആവശ്യമായ പരിസ്ഥിതി പ്രദാനം ചെയ്തപോലെ അവന്റെ ആത്മാവിന് ഉചിതമായ ആത്മീയത പ്രാപിക്കുന്നതിനാവശ്യമായ സമഗ്രമായ ആത്മീയ പരിസ്ഥിതിയും നൽകിയിരിക്കുന്നു. അതിനാൽ തന്റെ ഭൗതിക പരിസ്ഥിതിയെ പരിരക്ഷിക്കുന്നതു പോലെ ആത്മീയ പരിസ്ഥിതിയുടെ പരിശുദ്ധിയും സംരക്ഷിക്കാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു.

ഇത് പൂർണ്ണമായും മനസ്സിലാക്കാൻ ഈ പ്രപഞ്ചത്തിലെ ഭൗതിക വസ്തുക്കളെക്കുറിച്ച് മനുഷ്യൻ പരിചിന്തനം നടത്തണം. എന്തെന്നാൽ അവ ആത്മീയ വശങ്ങളുടെ പ്രതീകമാണ്. ഭൗതികലോകമാണ് ആത്മീയ ലോകത്തെ മൂർത്തമാക്കുന്നത്. അത് മനുഷ്യന് എളുപ്പത്തിൽ ഗ്രഹിക്കാൻ വേണ്ടിയാണ്. ഈ കാര്യത്തിൽ നമ്മെ സഹായിക്കാൻ വിശുദ്ധ ഖുർആൻ മുഴുക്കെ ഇത്തരം ഉദാഹരണങ്ങൾ കൊണ്ട് പൂരിതമാണ്. ചില ഉദാഹരണങ്ങൾ.

ഭൗതികലോകത്തെ വൃക്ഷങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആൻ സൂചിപ്പിച്ചത് നാം പഠിക്കുമ്പോൾ വളരെ ആശ്ചര്യകരമായ ആത്മീയപാഠങ്ങളും പഠിക്കും. ഒരു വസ്തുതയെന്ന നിലയിൽ വിശുദ്ധ ഖുർആൻ മനുഷ്യരെ വൃക്ഷങ്ങളോടുപമിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ല നിലയിൽ ഉൽപ്പാദിപ്പിച്ചു വളർത്തിയിരിക്കുന്നു.

(വി.ഖു. 7:18)

യേശുവിന്റെ (അ) മാതാവായ മറിയമിനെ കുറിച്ച് അല്ലാഹു പറഞ്ഞു:

'അങ്ങനെ അവളുടെ നാഥൻ (അല്ലാഹു) അവളെ നല്ല നിലയിൽ സ്വീകരിച്ചു. ഉത്തമമായ നിലയിൽ അവളെ പരിപാലിച്ചു വളർത്തി. സക്കരിയ്യായെ അവളുടെ രക്ഷാധികാരിയായി ഏല്പിക്കുകയും ചെയ്തു.

(വി.ഖു. 3:38)

ആരോഗ്യമുളള്ള വിത്ത് ഫലഭൂയിഷ്ടമായ മണ്ണിൽ വളർന്ന് വൃക്ഷമായിത്തീരുന്നു എന്നതാണ് പ്രകൃതിയിലെ ഭൗതിക നിയമം. അതേപ്രകാരം വിശ്വാസമാകുന്ന ആത്മീയ വിത്ത് ആരോഗ്യമുള്ള ആത്മീയമണ്ണാകുന്ന സത്യം സ്വീകരിക്കുന്ന ആത്മാർത്ഥഹൃദയത്തിൽ വിതച്ചാൽ ആത്മാവ് വികാസം പ്രാപിക്കുന്നു.

എന്നിരിക്കിലും വിത്ത് വൃക്ഷമായി വളരുന്ന ശക്തി മണ്ണിൽ ഗോപ്യമായി നിലകൊള്ളുന്നു. ആകാശത്തുനിന്നു ജലം ലഭിക്കാതെ അത് പ്രവർത്തന നിരതമാകുന്നില്ല. മണ്ണിൽ മറഞ്ഞുകിടക്കുന്ന വളരുവാനുള്ള ശക്തി വിതക്കപ്പെട്ട വിത്തിന് ആരോഗ്യമുണ്ടെങ്കിലും വെള്ളത്തിന്റെ സഹായം കൂടാതെ അത് ഒന്നും തന്നെ ഉല്പാദിപ്പിക്കുന്നില്ല. മനുഷ്യനിൽ മറഞ്ഞുകിടക്കുന്ന ജന്മസിദ്ധമായ ശക്തിയും കഴിവുകളും ആത്മീയ ജലത്തിന്റെ അഭാവത്തിൽ യഥാർത്ഥമായ ആത്മീയ വികാസമോ വളർച്ചയോ പ്രാപിക്കുകയില്ല. ഭൂമിയിലെ ജീവിതത്തിന് ആകാശത്തുനിന്ന് മഴയുടെ രൂപത്തിലുള്ള ജലം ആവശ്യമാണ്. അതേപ്രകാരം ദൈവികവെളിപാടാകുന്ന ആത്മീയ ജലം ആകാശത്തു നിന്നിറങ്ങാതെ ആത്മീയജീവിതത്തിന് അസ്തിത്വമില്ല.

''തന്റെ അനുഗ്രഹത്തിന് മുമ്പിൽ കാറ്റുകളെ സുവിശേഷമറിയിച്ചുകൊണ്ട് അയക്കുന്നവൻ അവൻ (അല്ലാഹു) തന്നെയാണ്. മേഘത്തിൽ നിന്ന് നാം ശുദ്ധജലം ഇറക്കുകയും ചെയ്തിരിക്കുന്നു. നിർജ്ജീവമായിക്കിടക്കുന്ന നാടിനെ അതു (വെള്ളം) കൊണ്ട് നാം ജീവിപ്പിക്കുവാനും (അപ്രകാരം തന്നെ) നാം സൃഷ്ടിച്ച കന്നുകാലികൾക്കും നിരവധി മനുഷ്യർക്കും അത് കുടിപ്പിക്കുവാനും വേണ്ടി.''

(വി.ഖു: 25:49-50)

Review of Religions June 2005

**വിവ: കെ.വി. ഹസ്സൻകോയ**

ലേഖനം

# രമ്യമനോഹരമായ പ്രപഞ്ച വ്യവസ്ഥ

**മുഹമ്മദ് സഫറുല്ലാഹ്ഖാൻ**

**രമ്യമനോഹരമായി അല്ലാഹു സൃഷ്ടിച്ച ഈ പ്രപഞ്ചവ്യവസ്ഥയുടെ സന്തുലനാവസ്ഥയിൽ നിന്നും എണ്ണിയാലൊടുങ്ങാത്ത കാരുണ്യങ്ങളാണ് പ്രവഹിക്കുന്നത്.**

പ്രപഞ്ചത്തിൽ മുഴുക്കെ തികവാർന്ന രമ്യത കാണാം. യാതൊരു പൊരുത്തക്കേടും വിയോജിപ്പും കാണുവാൻ സാധ്യമല്ല. 'ആരുടെ കൈയിലാണോ പരമാധികാരം സ്ഥിതിചെയ്യുന്നത് അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായി കഴിവുള്ളവനാണ്. നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിന് വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനത്രെ അവൻ. അവൻ പ്രതാപവാനും സർവഥാ പൊറുക്കുന്നവനുമാകുന്നു. ഏഴാകാശങ്ങളെ ക്രമികമായി സൃഷ്ടിച്ചവനാണവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക വല്ല അസാംഗത്യവും നീ കാണുന്നുണ്ടോ വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചുകൊണ്ട് നിന്നിലേക്ക് തിരിച്ചുവരും (67: 2–5).

പ്രപഞ്ചത്തിന്റെ വിവിധ ഭാഗങ്ങളുമായുള്ള പാരസ്പര്യത്തെ പരിപാലിക്കുന്നത് അല്ലാഹുവാണ്. അവൻ അതിനെ നാശത്തിൽ നിന്നും തടയുന്നു. 'തീർച്ചയായും ആകാശങ്ങളേയും ഭൂമിയേയും (അവയുടെ സ്ഥാനങ്ങളിൽ നിന്ന്) നീങ്ങിപോകാതിരിക്കാൻ അല്ലാഹു പിടിച്ചുനിർത്തുന്നു. ഇനി അവ രണ്ടും നീങ്ങിപോകുന്നതായാൽ അവനു പുറമെ ആരും തന്നെ അവയെ പിടിച്ചുനിർത്തുകയില്ല. നിശ്ചയമായും അവൻ സഹനശീലനും സർവഥാ പൊറുക്കുന്നവനുമാകുന്നു. (35:42)

ദിവ്യമായ അടയാളങ്ങൾ എന്ന നിലക്ക് ഈ രമ്യമായ പാരസ്പര്യത്തിന്റെ വിവിധ വശങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. 'രാവ് അവർക്കൊരു ദൃഷ്ടാന്തമാണ്. അതിൽ നിന്ന് പകലിനെ നാം ഊരിയെടുക്കുന്നു. അപ്പോൾ അവരതാ അന്ധകാരത്തിലായിത്തീരുന്നു. സൂര്യൻ അതിന്റെ നിശ്ചിതദിശയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപവാനും സർവ്വജ്ഞനുമായ അല്ലാഹുവിന്റെ ആസൂത്രണമത്രെ. ചന്ദ്രന് നാം ചില താവളങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങിനെ അത് (അവസാനം) പഴയ ഈന്തക്കുലത്തണ്ടുപോലെ ആയിത്തീരുന്നു. സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനായാസം സഞ്ചരിക്കുന്നു. (36:38–41)

അല്ലാഹു ആദരണീയമായ രീതിയിലുള്ള ഒരു സന്തുലിതത്വം സ്ഥാപിച്ചിരിക്കുന്നു. കാരുണ്യത്തിന്റെ നിരന്തരമായ അനസ്യൂതി ഉല്പാദിതമാക്കാൻ വേണ്ടിയാണ് അത് അഭികല്പന ചെയ്തിരിക്കുന്നത്. 'അല്ലാഹു വത്രെ സത്യപൂർണമായ ഈ ഗ്രന്ഥത്തേയും തുലമാനത്തേയും ഇറക്കി

യവൻ (42:18). 'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ ഈ സന്തുലനത്തിന്റെ ക്രമം ഭംഗപെടുത്താതിരിക്കാൻ വേണ്ടി' (55:8,9)

രാവും പകലും തമ്മിലുള്ള വ്യത്യസ്തത പാലിക്കപ്പെടുന്നത് ഈ സന്തുലനത്തിന്റെ ഭാഗമായാണ്. ഇതാണ് ഭൂമിയിൽ മനുഷ്യജീവിതം സാധ്യമാക്കിമാറ്റുന്നത്. മനുഷ്യവംശത്തിന് കാരുണ്യത്തിന്റെ അവർണ്ണനീയമായ സരണികൾ ഈ മാറ്റങ്ങളിൽ നിന്നും സംജാതമാകുന്നു. 'ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാൻമാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നു.) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ) ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. (അത്തരം നിഷ്പ്രയോജനമായ പ്രവൃത്തികളിൽ നിന്നും) നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കേണമേ' (3:191, 192) എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രപഞ്ചവ്യവസ്ഥ ഈ വിധം ക്രമീകരിച്ചു മനുഷ്യന് കഴിവുകൾ നൽകിയിരിക്കുന്നത് അവൻ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് വേണ്ടിയാണ്. 'നാം ഭൂമിയെ ഒരു വിരിപ്പും മലകളെ കീലകങ്ങളുമാക്കിയിട്ടില്ലയോ? നാം നിങ്ങളെ ഇണകളായി സൃഷ്ടിക്കുകയും ചെയ്തുവല്ലോ. നാം നിങ്ങൾക്ക് നിദ്രയെ ഒരു വിശ്രമമാർഗമാക്കുകയും രാവിനെ (നഗ്നത മറക്കുന്ന) ഒരു വസ്ത്രമാക്കുകയും പകലിനെ ഉപജീവ്യസമ്പാദനത്തിനുള്ള അവസരമാക്കുകയും ചെയ്തു. നിങ്ങളുടെ മുകളിൽ നാം സുഭദ്രസപ്തകം (ആകാശങ്ങൾ) നിർമിക്കുകയും വെട്ടിത്തിളങ്ങുന്ന ഒരു ദീപം (സൂര്യൻ) നാം സ്ഥാപിക്കുകയും ചെയ്തു. നാം ഇടതിങ്ങിയ മേഘങ്ങളിൽ നിന്ന് കുത്തിയൊലിക്കുന്ന ജലം ഇറക്കുകയും ചെയ്തു. അതു മൂലം ധാന്യങ്ങളും സസ്യങ്ങളും ഇടതൂർന്ന് സമൃദ്ധങ്ങളായ തോട്ടങ്ങളും നാം ഉത്പാദിപ്പിക്കുന്നതിനുവേണ്ടി (78-7-17).

മനുഷ്യന് നൽകപ്പെട്ട ഇതെല്ലാം അവൻ അനുഭവിക്കുകയും രമ്യമനോഹരമായ ഈ പ്രപഞ്ചവ്യവസ്ഥ സ്ഥാപിച്ച സ്രഷ്ടാവിന്റെ ജ്ഞാനത്തെ സംബന്ധിച്ചും അനുഗ്രഹത്തെ സംബന്ധിച്ചും അല്പം മാത്രമായി ചിന്തിക്കുകയും ചെയ്യുന്നു. ഇതിനെക്കുറിച്ച് തീക്ഷ്ണമായ ഒരു താക്കീത് മനുഷ്യനെ ഓർമ്മിപ്പിക്കുന്നു. 'പറയുക നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ. പുനരുത്ഥാന നാൾവരേക്കും അല്ലാഹു നിങ്ങളുടെ മേൽ രാവിനെ സ്ഥിരമായി നിശ്ചയിച്ചിരുന്നുവെങ്കിൽ അല്ലാഹുവല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾക്ക് വെളിച്ചം കൊണ്ടുവന്ന് തരിക? അപ്പോൾ നിങ്ങൾ കേൾക്കുന്നില്ലേ? പറയുക. 'നിങ്ങൾ ചിന്തിച്ചുനോക്കീട്ടുണ്ടോ അല്ലാഹു നിങ്ങളുടെ മേൽ പുനരുത്ഥാന നാൾവരേക്കും പകലിനെ നിരന്തരമായി നിലനിർത്തിയിരുന്നെങ്കിൽ അല്ലാഹു അല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾ വിശ്രമിക്കുന്ന രാവിനെ നിങ്ങൾക്ക് കൊണ്ടുവന്നുതരിക? അപ്പോൾ നിങ്ങൾ കാണുന്നില്ലേ? നിങ്ങൾക്ക് വേണ്ടി രാവും പകലും സൃഷ്ടിച്ചുതന്നത് അവന്റെ കാരുണ്യത്തിൽ പെട്ടതാണ് അതിൽ (രാത്രിയിൽ) നിങ്ങൾ വിശ്രമിക്കുന്നതിനും (പകലിൽ) അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുന്നതിനും വേണ്ടി, നിങ്ങൾ നന്ദി കാണിക്കുന്നതിന് വേണ്ടിയും (28:72-74)

അപരിമിതമായ എല്ലാ അനുഗ്രഹങ്ങളുടേയും കേദാരമാണ് അല്ലാഹു എന്നാൽ അവൻ എല്ലാറ്റിനും അളവ് നിശ്ചയിച്ചിരിക്കുന്നു. 'ഒരു വസ്തുവിന്റേയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവല്ലാതെ നാം അത് ഇറക്കാറില്ല' (15:22) ഭൂമിയിലെ ജലവിതരണത്തെ പറ്റിയുള്ള ഒരു ചിത്രീകരണം നൽകുന്നത് കാണുക '(ജലങ്ങൾ) വഹിച്ചു കൊണ്ടുപോകുന്ന കാറ്റുകളെ നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി അങ്ങനെ നാം അത് നിങ്ങൾക്ക് കുടിക്കുവാൻ തന്നു നിങ്ങൾ അതിന്റെ നിക്ഷേപകരല്ല താനും (15:23).

ഭൂമിയിലെ ജീവജാലങ്ങൾക്കായി ജലം സംഭരിച്ച് വിതരണം ചെയ്യുന്ന ഈ സംവിധാനത്തെപറ്റി ഒരു നിമിഷത്തെ ചിന്ത നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നു. സമുദ്രങ്ങൾ തീർച്ചയായും ഏറ്റവും ബൃഹത്തായ ജലസംഭരണികളാണ്. സൂര്യന്റെ പ്രവർത്തനത്താൽ ജലബാഷ്പം അന്തരീക്ഷത്തിലേക്ക് ഉയർത്തപ്പെടുന്നു. ഈർപ്പമേറിയ കാറ്റ് ജലബാഷ്പത്തെ മേഘരൂപത്തിൽ വഹിച്ചുകൊണ്ടുപോകുകയും മഴ ആവശ്യമുള്ള ഭൂമേഖലകളിൽ വർഷിക്കുകയും ചെയ്യുന്നു.

''കാറ്റുകളെ അയക്കുന്നത് അല്ലാഹുവാണ്. അങ്ങനെ അവ മേഘങ്ങളെ ഇളക്കിവിടുന്നു. എന്നിട്ട് താനുദ്ദേശിക്കുന്നവിധം അവൻ അതിനെ ആകാശത്ത് വ്യാപിപ്പിക്കുകയും അതിനെ അവൻ പല കഷണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്റെ ഇടയിൽ നിന്നും മഴ ബഹിർഗമിക്കുന്നത് നിനക്കു കാണാം. അങ്ങനെ തന്റെ ദാസന്മാരിൽ താനുദ്ദേശിക്കുന്നവർക്ക് അവനത് എത്തിച്ചുകൊടുക്കുമ്പോൾ അവരതാ പെട്ടെന്ന് സന്തുഷ്ടരായിത്തീരുന്നു. അതിന് മുമ്പേ അത് (മഴ) അവർക്ക് വർഷിച്ചുകൊടുക്കുന്നതിന് തൊട്ടു മുമ്പേ അവർ തികച്ചും നിരാശരായിരിക്കുകയായിരുന്നെങ്കിലും. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അടയാളങ്ങൾ നോക്കുക. ഭൂമി നിർജ്ജീവമായതിന് ശേഷം അവനെങ്ങിനെ അതിനെ ജീവിപ്പിക്കുന്നു? (30:49-51)

മേഘത്തിൽ നിന്നും വർഷിക്കപ്പെടുന്ന ശുദ്ധമായ ജലം വരണ്ടതും വരൾച്ച ബാധിച്ചതുമായ ഭൂമിയിലേക്ക് കൃഷിക്കും, മരങ്ങൾക്കും, ഔഷധികൾക്കും നേരിട്ട് വിതരണം ചെയ്യുകയും അടിമണ്ണിൽ ശേഖരിക്കപ്പെടുകയും മാത്രമല്ല ചെയ്യുന്നത്. ആ വർഷജലം ഭൂമിയുടെ ജലാവശ്യങ്ങൾക്ക് പുനർവിതരണം ചെയ്യപ്പെടാനായി സ്ഥിരമായ ജലസംഭരിണികളായി വൻതോതിൽ ഹിമരൂപത്തിൽ പർവ്വതശൃംഖലങ്ങളിലും ഉന്നതപീഠഭൂമികളിലും, ഹിമാനികളിലും നിക്ഷേപിക്കപ്പെടുന്നു. 'നീ കാണുന്നില്ലേ, അല്ലാഹു മേഘങ്ങളെ മെല്ലെ മെല്ലെ ചലിപ്പിക്കുന്നു എന്നിട്ട് അവയെ തമ്മിൽ കൂട്ടിച്ചേർക്കുന്നു. പിന്നെ അവയെ മേല്ക്കുമേലായി അട്ടികളാക്കിത്തീർക്കുകയും ചെയ്യുന്നു. അപ്പോൾ അവയുടെ വിടവിൽ നിന്ന് മഴ പുറത്ത് വരുന്നത് നിനക്ക് കാണാം. ആകാശത്ത് നിന്ന് അതിലെ പർവ്വതതുല്യമായ മേഘങ്ങളിൽ നിന്ന് അല്ലാഹു ആലിപ്പഴം വർഷിക്കുകയും അതുകൊണ്ട് അവൻ ഉദ്ദേശിക്കുന്നവരിൽ പതിപ്പിക്കുകയും അവൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് അവൻ അതിനെ തെറ്റിച്ചുകളയുകയും ചെയ്യുന്നു. (24:44).

ഒരു ഭാഗം കൊണ്ട് മറ്റൊരു ഭാഗത്തെ നവീകരിക്കുന്ന രീതിയിൽ ചാക്രികമായാണ് ഈ വ്യവസ്ഥയെ അവൻ ക്രമപ്പെടുത്തിയിരിക്കുന്നത്. സമുദ്രങ്ങൾ, മഴ, ആലിപ്പഴം, മഞ്ഞ് മുതലായവയിലൂടെ ജലവിതരണം പുനർനവീകരിക്കപ്പെടുന്നു. അതുപോലെ അരുവികൾ, നദികൾ, അഗ്നിപർവ്വതങ്ങളിൽ നിന്നുള്ള ലാവാപ്രവാഹം എന്നിവയിലൂടെ ശുദ്ധജലം കടലിൽ ഒഴുകിയെത്തി നവീകരിക്കപ്പെടുന്നു. 'നിശ്ചമായും പാറകളിൽ തന്നെ, അരുവികൾ അതിൽ നിന്നും പൊട്ടിയൊഴുകുന്ന (ചില)തുമുണ്ട്. അങ്ങനെ അവയിൽ നിന്നും വെള്ളം നിർഗമിക്കുന്നു. (2:75). ശുദ്ധജലത്തിന്റെ വിത്തരണവും അതുപോലെ സമുദ്രജലത്തിന് ആവശ്യമായ ജലത്തിന്റെ വിതരണവും സന്തുലനപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്രമീകരണമാണ് ഈ ചാക്രിക വ്യവസ്ഥ. 'അവനത്രെ രണ്ട് ജലഖണ്ഡങ്ങളെ ഒഴുക്കിയവൻ. ഒന്ന് കുടിക്കുവാൻ സുഖമുള്ള ശുദ്ധജലം. മറ്റേത് അരോചകമായ ഉപ്പുവെള്ളം. അത് രണ്ടിന്റെയും മദ്ധ്യത്തിൽ അവനൊരു മറയും ശക്തിമത്തായ തടസ്സവും ഉണ്ടാക്കിയിരിക്കുന്നു (25:54). 'രണ്ട് ജലാശയങ്ങൾ സമമായിരിക്കുന്നില്ല. ഒന്ന് രുചികരവും കുടിക്കാൻ സുഖകരവുമായ ശുദ്ധജലം മറ്റേത് കടുത്ത ഉപ്പുരസമുള്ള വെള്ളം ഓരോന്നിൽ നിന്നും പുതുമാംസം നിങ്ങൾ ഭക്ഷിക്കുന്നു. നിങ്ങൾ ധരിക്കുന്ന ആഭരണങ്ങൾ പുറത്തെടുക്കുകയും ചെയ്യുന്നു. (തിരമാലകളെ) ഭേദിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളെ അതിൽ നീ കാണുന്നു. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങളന്വേഷിക്കുവാനും നിങ്ങൾ നന്ദി കാണിക്കാനും വേണ്ടിയാണിത്. (35:13). 'പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടു വന്ന് തരിക (68:31).

പ്രകൃതിയിൽ സ്ഥാപിക്കപ്പെട്ട ഈ ചാക്രികമായ പ്രകൃതി വ്യവസ്ഥയിൽ കരുതിക്കൂട്ടിയുള്ളതോ ആകസ്മികമായതോ ബോധപൂർവ്വമോ അബോധപൂർവ്വമോ ആയ ഗൗരവപൂർവ്വമുള്ള ഇടപെടൽ നിശ്ചിതമായ പരിണിതഫലങ്ങളുണ്ടാക്കും. ചരിത്രത്തിൽ ഇതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും അഭൂതപൂർവ്വമായ കുതിച്ചുചാട്ടം ഉണ്ടായിട്ടുള്ള ഇക്കാലത്ത് പ്രകൃതിയിലെ ചാക്രികവ്യവസ്ഥയിൽ ഇടപെടാനും അതിനെ തടസ്സപ്പെടുത്താനുമുള്ള സാധ്യത പലമടങ്ങു വർദ്ധിച്ചിരിക്കുന്നു. ആയതിനാൽ ഈ ചാക്രിക വ്യവസ്ഥയെ സംബന്ധിച്ച് കൂലങ്കഷമായ പഠനങ്ങളും ഗവേഷണങ്ങളും ജാഗ്രതയും ആവശ്യമാണ്. ധാർമികവും ആത്മീയവുമായ മൂല്യങ്ങളിലൂടെ ഇതെല്ലാം നവീകരിക്കപ്പെടേണ്ടതുണ്ട്. ദൈവകാരുണ്യത്താൽ പ്രവർത്തനങ്ങളും അനുഗ്രഹീതവും ശക്തിദായകവുമായിത്തീരാറുണ്ട്. ദൈവവുമായുള്ള ഐക്യപ്പെടലിലൂടെയാണ് ഇത് സാധിതമാവുക. നമ്മോട് ഇങ്ങിനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. "പറയുക സർവ്വാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു; നീ ഉദ്ദേശിക്കുന്നവരിൽ നിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നൽകുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കൈയ്യിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. നീ രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നു. നിർജ്ജീവമായതിൽ നിന്ന് ജീവനുള്ളതിനേയും ജീവനുള്ളതിൽ നിന്ന് നിർജ്ജീവ മായതിനെയും നീ ഉത്ഭവിപ്പിക്കുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നു. (3:27, 28)

## ഭയഭക്തി

മനുഷ്യന്റെ സകല ആത്മീയ സൗന്ദര്യങ്ങളും 'തഖ്‌വ'യുടെ (ഭയഭക്തിയുടെ) സൂക്ഷ്മ മാർഗങ്ങളിൽ ചലിക്കുന്നതിലാണ് നിലകൊള്ളുന്നത്. അല്ലാഹുവിലുള്ള 'അമാനത്ത്' (സൂക്ഷിപ്പ്)കളും ഈമാന്റെ (സത്യവിശ്വാസത്തിന്റെ) പ്രതിജ്ഞകളും കഴിവിന്റെ പരമാവധി പൂർത്തിയാക്കുകയും അതോടൊപ്പം തന്നെ സൃഷ്ടികളോടുള്ള കടപ്പാടുകളും കർത്തവ്യങ്ങളും അങ്ങേയറ്റം പാലിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യങ്ങളും ബന്ധപ്പെട്ടു നിൽക്കുന്ന ഭയഭക്തിയുടെ മാർഗം.

*ഹദ്റത്ത് അഹ്മദ് (അ) - ബറാഹീനെ അഹ്മദിയ്യ*

ലേഖനം

# വംശീയതയും ഇസ്‌ലാമും

എ.എം. മുഹമ്മദ് സലീം

**വംശം (Race) ഒരു ശാസ്ത്രീയ പരികല്പനയാണെങ്കിൽ വംശീയത (Racism) അയുക്തികവും വികാരപരവുമായ ഒരു സാമൂഹിക തിന്മയും അതിന്റെ പ്രത്യയശാസ്ത്രവത്ക്കരണവുമാണ്. വംശം എന്ന പ്രകൃതി യാഥാർത്ഥ്യത്തെ അംഗീകരിക്കുന്ന ഖുർആൻ വംശീയതയെ ശക്തമായി അപലപിക്കുന്നു.**

ജനവർഗ്ഗങ്ങളുടെ ചലനത്തിനും സങ്കലനത്തിനും ദ്രുതഗതി കൈവന്നിട്ടും വംശീയതയുടെ ഭീഷണി ഒരു വൻ വിപത്തായി ആധുനിക ലോകത്ത് നിലനിൽക്കുന്നു. ഹിറ്റ്ലറുടെ ആര്യൻ വർഗ്ഗ സിദ്ധാന്തവും ജൂതന്മാരുടെ സയണിസവും ബോസ്നിയൻ മുസ്‌ലിംകളെ കൊന്നൊടുക്കി സെർബുകൾ നടത്തിയ എത്നിക് ക്ലൻസിംങ്ങും ഇന്ത്യയിലെ ജാതീയതയും അമേരിക്കയിലും യൂറോപ്പിലും ദക്ഷിണാഫ്രിക്കയിലും നിലവിലുള്ള വർണ്ണവിവേചനവും അഫ്ഗാനിസ്ഥാനിലെയും പാകിസ്താനിലേയും ഗോത്രവർഗ്ഗപ്പോരുകളും അങ്ങിനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന സംഘർഷങ്ങളിലെല്ലാം വംശീയത എന്ന പൈശാചിക വികാരത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ തേരോട്ടങ്ങൾ കാണാം. ഇതിൽ ആര്യൻ വംശീയത രാഷ്ട്രത്തിന്റെ ദേശീയതയായി പ്രഖ്യാപിച്ച് ലോകത്തെ കിടിലം കൊള്ളിച്ച അഡോൾഫ് ഹിറ്റ്ലർ രണ്ടാം ലോക മഹായുദ്ധത്തോടെ അരങ്ങൊഴിഞ്ഞു. എന്നാൽ യഹൂദ വംശദേശീയതയിൽ രാഷ്ട്രം കെട്ടിപ്പടുത്ത ഇസ്രയേൽ അതിന്റെ ഭീകരമായ പടയോട്ടം തുടരുകയാണ്. അതുപോലെ അവസരം കിട്ടിയാൽ നരമേധങ്ങളും കൂട്ടക്കൊലകളുമായി ആളിക്കത്തുന്ന അണയാത്ത കനൽക്കട്ടകളായി ലോകത്തെമ്പാടുമുള്ള ജനവർഗ്ഗങ്ങളിൽ വംശീയത കുടികൊള്ളുന്നു എന്നതാണ് യാഥാർത്ഥ്യം.

### വംശവും വർഗീയതയും

വംശവും (Race) വംശീയതയും (Racism) നാം വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്. വംശം എന്നത് ശാസ്ത്രീയമായ ഒരു പരികല്പനയാണ്. വർണ്ണം (നിറം), മുഖാകൃതി (Facial features) ശാരീരികമായ പ്രത്യേകകതകൾ, ഭാഷ, ജനിതക ഘടന മുതലായ പാരമ്പര്യ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള ജന വിഭാഗങ്ങളെയാണ് (Race) വംശം എന്ന് പറയുന്നത്. ലോകത്തിലെ എല്ലാ ജനതകളും എന്തെങ്കിലും ഒരു വംശത്തിൽപ്പെടുന്നു. ആധുനിക നരവംശ ശാസ്ത്രം ഒരു ജന വർഗ്ഗത്തെ മറ്റൊരു ജനവർഗ്ഗത്തിൽ നിന്നും തിരിച്ചറിയാനാണ് (വംശം) എന്ന സംജ്ഞ ഉപയോഗിക്കുന്നത്. എന്നാൽ വംശീയത (Racism) എന്നത് അശാസ്ത്രീയവും വികാരപരവുമായ ഒരു സാമൂഹിക തിന്മയാണ്. വംശ മഹിമയുടെ പ്രത്യയശാസ്ത്രവത്ക്കരണമാണ് വംശീയത. താന്താങ്ങളുടെ വംശമഹിമ സ്വയം പെരുപ്പിച്ചും മറ്റുള്ള വംശങ്ങളെ ഇകഴ്ത്തിയുമുള്ള പ്രതിലോമകരമായ ഒരു സാമൂഹിക വീക്ഷണം പുലർത്തി അത് കായികപരമായും ആശയപരമായും മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതാണ് വംശീയത. വംശം എന്ന യാഥാർത്ഥ്യത്തെ വംശീയ വാദികൾ വികാരപരമായ ഒരടിസ്ഥാനമായിക്കണ്ട് അതിന്മേലാണ് അയുക്തികവും വൈകാരികവുമായ വംശീയവാദം കെട്ടിപ്പടുക്കുന്നത്. വംശീയതയെക്കുറിച്ചുള്ള മിഥ്യാധാരണകളും അവകാശ വാദങ്ങളും സംഘർഷങ്ങളും ഇല്ലാതാക്കാൻ 1949 ൽ നരവംശശാസ്ത്രജ്ഞന്മാരേയും, സാമൂഹ്യ ശാസ്ത്രജ്ഞന്മാരേയും ഉൾപ്പെടുത്തി ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള UNESCO ഒരു ചർച്ച സംഘടിപ്പിക്കുകയു 1950 ജൂലൈ 16 ന് ഒരു പ്രഖ്യാപനം നടത്തുകയുമുണ്ടായി. അതിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്.

എല്ലാ മനുഷ്യരും ഒന്നാണ് മനു

ഷ്യർ തമ്മിലുള്ള വൈജാത്യങ്ങളേക്കാൾ ഏറെയാണ് അവർ തമ്മിലുള്ള യോജിപ്പുകൾ. മനുഷ്യന്റെ ശാരീരിക പ്രത്യേകതകൾക്ക് നിദാനം ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ഒറ്റതിരിഞ്ഞുള്ള ജീവിതമാണ്. ദേശീയവും, മതപരവും ഭാഷാപരവും സാംസ്കാരികവുമായ വിഭജനങ്ങൾക്ക് വംശവുമായി യാതൊരു ബന്ധവുമില്ല. വംശം (Race) എന്നതിനേക്കാൾ ജനവർഗ്ഗം (Ethnic) എന്ന സംജ്ഞ ഉപയോഗിക്കുന്നതാണ് ഏറെ ശാസ്ത്രീയം. മനുഷ്യ വർഗത്തിന്റെ മുഖ്യ വിഭജനങ്ങൾ മംഗളോയിഡുകൾ (Mangoloid Division) നീഗ്രോയിസുകൾ (The Negroid Division) കാക്കസോയിഡ് (Caucasoid Division) എന്നിവയാണ്. ബുദ്ധിപരമായ കഴിവുകളുടെ അടിസ്ഥാനം വംശീയമല്ല. സാംസ്കാരിക പ്രത്യേകതകൾ ജനിതകപരമല്ല. മനുഷ്യന്റെ വ്യക്തിത്വത്തിനും സ്വഭാവത്തിനും വംശവുമായി ബന്ധമില്ല. ജനവർഗ്ഗങ്ങളുടെ സങ്കലനത്തിലൂടെ തന്നെയാണ് വംശം രൂപപ്പെട്ടത്. വംശവും വംശത്തെ സംബന്ധിച്ച മിത്തും വ്യത്യസ്തമാണ് എന്നിവയാണ് ആ പ്രഖ്യാപനത്തിന്റെ സാരസംഗ്രഹം.

ഐക്യരാഷ്ട്രസഭയുടെ സുചിന്ത്യങ്ങളായ പ്രഖ്യാപനങ്ങൾ വരുന്നതിന് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പേ മനുഷ്യവർഗ്ഗത്തെ സംബന്ധിച്ച് ഖുർആൻ മുന്നോട്ടുവച്ച യാഥാർത്ഥ്യങ്ങൾ എത്രമാത്രം ആർജവമുള്ളതും ഹൃദയാവർജകവും നരവംശ ശാസ്ത്രത്തിനു പോലും വഴി കാണിക്കുന്നതുമാണ് എന്ന വസ്തുത നമ്മെ അദ്ഭുതപ്പെടുത്തും.

'മനുഷ്യരെ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്നും സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവരണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക.' (4:2). നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാകുന്നു ഒരേയൊരു സമുദായം (21:94). 'മനുഷ്യരെ നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ പരസ്പരം അറിയുന്നതിനുവേണ്ടി' (49:14) 'നിങ്ങളെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു. അപ്പോൾ നിങ്ങളതാ നാം ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യരായിത്തീർന്നിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്. നിങ്ങളവരോട് കൂടിചേർന്ന് മനസ്സമാധാനം കൈവരുത്താൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവുമുണ്ടാക്കുകയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്) ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യവും തീർച്ചയായും അറിവുള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് (30:21-23).

മനുഷ്യവർഗ്ഗത്തിന്റെ ഏകാത്മകതയെ പറ്റിയും പൊതു ഉല്പത്തിയെ സംബന്ധിച്ചും ഊന്നിപ്പറയുന്ന വി. ഖുർആൻ, ഗോത്രം, സമൂഹം, വർണ്ണം, ഭാഷ മുതലായ ഉപദാനങ്ങൾ പ്രകൃതി നിർമ്മിച്ചതും നരവംശശാസ്ത്രപരമായി മനുഷ്യനെ കൂടുതൽ അറിയാനുള്ളതുമാണ് എന്നാണ് പറയുന്നത്. ഇതിൽ ഭാഷ എന്ന ഘടകം വംശീയമായ വർഗ്ഗ വിഭജനങ്ങളെ അതിവർത്തിക്കുകയും ഉദ് ഗ്രഥിക്കുകയും ചെയ്യുന്ന ഒരുഘടകമായിത്തീരാറുണ്ട്. ഉദാഹരണത്തിന് ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന യൂറോപ്പിലേയും അമേരിക്കയിലേയും ജനവർഗ്ഗങ്ങളെ ഭാഷാപരമായി ഉദ്ഗ്രഥിക്കാൻ ഇംഗ്ലീഷ് ഭാഷക്കു കഴിഞ്ഞു അതുപോലെ സഊദി അറേബ്യ ഏഡൻ, ഗൾഫ് രാജ്യങ്ങൾ, ജോർദ്ദാൻ, ഈജിപ്റ്റ്, സുഡാൻ, ലിബിയ ടൂണിഷ്യ, മോറോക്കോ, അൾജീരിയ എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലേയും സിറിയ, ഇറാക്ക്, ലബനോൻ എന്നീ പശ്ചിമേഷ്യൻ രാജ്യങ്ങളിലേയും വിവിധ വംശങ്ങളിൽപ്പെട്ട ജനവർഗ്ഗങ്ങളെ ഉദ്ഗ്രഥിക്കാൻ അറബി ഭാഷക്ക് സാധിച്ചു. ഇതിൽ പല ജനവർഗ്ഗങ്ങളും ഇസ്ലാം മതം സ്വീകരിച്ചതിനുശേഷമാണ് അറബി ഭാഷ സ്വായത്തമാക്കിയത്. ഭാഷ ഒരു ആർജിത ഗുണവും വംശാതീതമായി ഏതൊരു ജനവർഗ്ഗത്തിനും സ്വായത്തമാക്കാൻ കഴിയുന്നതുമാണ്. ഭാഷയേയും നിറത്തേയും ഒരുമിച്ച് ദൃഷ്ടാന്തങ്ങളായയെണ്ണുന്ന ഖുർആൻ വംശീയ നിർണ്ണയ വാദത്തിന്റെ മിഥ്യയെ തകർക്കുകയാണ് ചെയ്യുന്നത്. ജനവർഗ്ഗങ്ങളുടെ വംശലക്ഷണങ്ങൾ പ്രകൃതിയിൽ കാണുന്ന വൈവിധ്യങ്ങളുടെ ഭാഗമാണെന്നും അവർ തമ്മിൽ വിവാഹബന്ധത്തിലൂടെ സങ്ലിതമാക്കാമെന്നും ഈ വചനം സൂചിപ്പിക്കുന്നു. മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കാനും പരസ്പരം ഗ്രഹിക്കാനും ദൈവം നൽകിയ അനുഗ്രഹങ്ങളിലൊന്നാണ് ഗോത്രീയവും വംശപരവുമായ വ്യതിരേകങ്ങളെന്നും മനുഷ്യവർഗ്ഗത്തിന്റെ ഏകാത്മകതയിലൂന്നിക്കൊണ്ട് നിരവധി തവണ ഖുർആൻ ഈ തത്ത്വം ആവർത്തിക്കുന്നുണ്ട്. അത്തരം വംശ വ്യതിരേകങ്ങൾ വിനാശകരമായ വംശീയത സൃഷ്ടിക്കാനുള്ളതല്ല എന്നതാണ് ഖുർആന്റെ സന്ദേശം.

## വംശീയതയും കോളോണിയലിസവും

വംശീയവാദം ലോകസമാധാനത്തെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹ്യവിപത്താണ്. പാശ്ചാത്യ രാജ്യങ്ങളുടെ കോളോണിയലിസത്തിന്റെ പ്രത്യയ ശാസ്ത്രം വംശീയതയായിരുന്നു. തൊലിവെളുപ്പിന്റെ വർണ മഹിമയിൽ, ശ്രേഷ്ഠതയും കുലീനതയും തങ്ങൾക്കാണെന്ന വർണ്ണ ഡംഭിൽ അഹങ്കരിച്ച

പാശ്ചാത്യർ, കറുത്ത വർഗ്ഗക്കാർ മാനവ സംസ്കൃതിയിലെ പുറമ്പോക്കിലെ നിലയും വിലയുമില്ലാത്ത അടിമ പണ്ടാരങ്ങളാണെന്നാണ് ഗണിച്ചത്. തങ്ങൾ കീഴടക്കിയ കോളനികളിലെ ജനങ്ങൾ അപരിഷ്കൃതരും പ്രാകൃതരുമാണെന്നാണ് അവർ പറഞ്ഞത്. അക്കൂട്ടരെല്ലാം അടിമകളാകാൻ വിധിക്കപ്പെട്ടവരാണെന്ന് കരുതിയ പാശ്ചാത്യർ ബൈബിൾ സൂക്തങ്ങളുദ്ധരിച്ചാണ് ഈ വർണ്ണ വെറിയുടെ തത്ത്വശാസ്ത്രം പ്രചരിപ്പിച്ചത്. അടിമത്വത്തെ വിധിദത്തമാണെന്ന് സ്ഥാപിക്കുന്ന ബൈബിളിലെ ഉല്പത്തികഥ ഇങ്ങനെയാണ്.

നോഹിന്റെ മൂന്നു പുത്രന്മാരായിരുന്നു. ശേം, യാഫെത്ത്, ഹാം. മനുഷ്യകുലത്തിന്റെ വംശപിതാക്കളാണ് നോഹിന്റെ ഈ മൂന്നു പുത്രന്മാർ. ശേം സെമിറ്റിക് ജനതയുടെ വംശപിതാവാണ്. യാഫെത്ത്. കറുത്തവരും, സെമിറ്റിക്കല്ലാത്തതുമായ ജനതയുടെ പിതാവ്. ഹാം അടിമകളാക്കപ്പെട്ട കറുത്തവരുടെ വംശപിതാവും, ഹാമിന്റെ മകനായ കനാനാണ് താൻ ചെയ്യാത്ത കുറ്റത്തിന് നോഹയുടെ ശാപമേറ്റ് അധ:സ്ഥിതനും അടിമയുമായിപ്പോയത് കഥ ഇങ്ങിനെയാണ്. നോഹ മുന്തിരി കർഷകനായിരുന്നു. ഒരിക്കൽ മുന്തിരിയിൽ നിന്നെടുത്ത വീഞ്ഞ് സേവിച്ച് നോഹ ലഹരിയിൽ മുങ്ങി. മദ്യലഹരിയിൽ ഉടുത്തുണിയില്ലാതെ കൂടാരത്തിൽ കിടക്കുന്ന പിതാവിനെക്കണ്ട ഹാം വിവരം സഹോദരന്മാരായ ശേമിനോടും, യാഫെതിനോടും പറഞ്ഞു. അപ്പോൾ ഈ രണ്ട് സഹോദരന്മാരും പിതാവിന്റെ നഗ്നതയിലേക്ക് നോക്കാതെ വസ്ത്രവുമായി പിറകോട്ട് നടന്ന് ഒരുവിധം നഗ്നത മറച്ചു. മദ്യലഹരി വിട്ടകന്ന നോഹ ശേംമിന്റേയും യാഫെത്തിന്റേയും പ്രവർത്തിയിൽ സംപ്രീതനായി അവരെ അനുഗ്രഹിച്ചു. പിതാവായ നോഹയുടെ നഗ്നതയെപ്പറ്റി സഹോദരന്മാരോടു പറഞ്ഞത് ഹാം ആണെന്നറിഞ്ഞ നോഹ കോപാകുലനായിക്കൊണ്ടു ഹാമിന്റെ ചെറുമകൻ കനാനെ ശപിച്ചു. 'ഹാമിന്റെ മകൻ കനാൻ ശേംമിന്റെ അടിമയാകട്ടെ' എന്നായിരുന്നു ശാപം. പിതാവ് ചെയ്ത കുറ്റത്തിന് മകനെ ശിക്ഷിക്കുകയായിരുന്നു നോഹ. കനാന്റെ വംശപരമ്പരയാണ് കനാൻ ദേശത്ത് വസിച്ചിരുന്നത് ഇസ്രയേൽ ജനത കനാൻ ദേശത്ത് വരുമ്പോൾ കനാന്റെ വംശപരമ്പരയിൽ പെട്ടവരായിരുന്നു അവിടെ വസിച്ചിരുന്നത്. കന്യാന്യരോടുള്ള വെറുപ്പും പുഛവും ബൈബിൾ വിവരണങ്ങളിൽ കാണാം. അങ്ങിനെ ശേമിന്റേയും യാഫെത്തിന്റെയും വംശങ്ങൾക്ക് അടിമവേല ചെയ്യാൻ ദൈവം തന്നെ വിധിച്ച ഒരു വംശം പിറക്കുകകയാണുണ്ടായത്.

വെള്ളക്കാരനല്ലാത്ത കറുത്തവരെ കൊന്നൊടുക്കുവാനും കറുമ്പന്മാരുടെ ഭൂമി കയ്യേറി കോളനി സ്ഥാപിക്കാനും വർണ്ണമഹിമയുടെ ബൈബിൾ കഥയാണ് അവർക്ക് പ്രചോദനമായി വർത്തിച്ചത്. മതപരമായ സാധൂകരണമുള്ളത്കൊണ്ട് അടിമത്വത്തിനും വർണ്ണ വെറിക്കും വർണ്ണ വിവേചനത്തിനുമെതിരെ ആത്മീയവും ധാർമ്മികമായും യാതൊരു പ്രതിരോധവും രോഷവും മനസ്സാക്ഷിക്കുത്തും മതപരമായി അവരിൽ ഉളവാക്കിയില്ല.

മധ്യകാല നൂറ്റാണ്ടുകളിൽ മുസ്ലിം പ്രതാപം ലോകത്തിന്റെ ഉച്ചിയിൽ എത്തിയിട്ടും മുസ്‌ലിംകൾ എവിടെയും കോളനി സ്ഥാപിക്കുകയുണ്ടായില്ല. സ്പെയിൻ മുതൽ ചൈന വരെയുള്ള വിവിധങ്ങളായ ജനവർഗ്ഗങ്ങളെ ഒരു മതസമൂഹം എന്ന നിലയിൽ നൂറ്റാണ്ടുകളോളം ഉദ്ഗ്രഥിച്ചു നിർത്തുവാൻ ഇസ്‌ലാം മതത്തിനു സാധിച്ചു. തുർക്കി ഖിലാഫത്തിന്റെ പതനത്തിനുശേഷമാണ് സാമ്രാജ്യത്വശക്തികൾ 'പാൻ അറബിസം' എന്ന വംശീയ ഇസ്‌ലാമിനെ അറബികൾക്കിടയിൽ പ്രചരിപ്പിച്ചത്. ഇസ്‌ലാം തുടക്കം കുറിച്ച ജനവർഗ്ഗങ്ങളുടെ ഉദ്ഗ്രഥന ദൗത്യം ഇന്ന് ആഗോളതലത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലൂടെയാണ് നടക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്.

## ഖുർആന്റെ ചരിത്രരചന

ദേശീയതയേയോ വംശീയതയേയോ ആവേശം കൊള്ളിക്കുകയോ അരക്കിട്ടുറപ്പിക്കുകയോ ചെയ്യുന്ന രീതിയിലുള്ള ഒരു ചരിത്രരചനയല്ല ഖുർആൻ വരച്ചു കാട്ടുന്നത്. രാഷ്ട്ര നിർമ്മാണത്തിന്റെ ഭാഗമായ അക്കാഡമിക്ക് ചരിത്രത്തിന്റെ പ്രാമാണികമായ ഒരു സവിശേഷതയും ഖുർആൻ പാലിച്ചിട്ടില്ല. ബൈബിളിൽ കാണുന്നതും സാധാരണ ചരിത്രങ്ങളിലുള്ളതു പോലുള്ള അനുസ്യൂതത (Continuity) കാലാനുക്രമം(Cronological order) ചരിത്രഭൂമിശാസ്ത്രം (Historical Georgaphy) മുതലായ അക്കാഡമിക് ചരിത്രത്തിന്റെ ജാമിതീയ പരികല്പനകൾ മിക്കവാറും ഖുർആന്റെ ചരിത്ര വിവരണത്തിൽ കാണുകയില്ല. ഖുർആനിക ചരിത്രത്തിന്റെ ഈ അരേഖിയത (Nonlinearity) വംശീയതയുടെയും ദേശീയതയുടെയും വേരറുക്കുന്നു. മനുഷ്യന്റെ ധാർമ്മികവും അദ്ധ്യാത്മികവുമായ വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള അദ്ധ്യാപനങ്ങളെ പ്രമേയമാക്കിയാണ് ഖുർആൻ ചരിത്ര വൃത്താന്തങ്ങൾ വിവരിക്കുന്നത്. വംശീയത വളർത്തുന്നതോ രാഷ്ട്ര നിർ മ്മാണത്തിനു വേണ്ടിയോയുള്ള ചരിത്രമല്ല ഖുർആൻ വിവരിക്കുന്നത്. ഐഹിക ലോകത്ത് ഗുണങ്ങൾ പ്രതിഫലിക്കുന്നതും പാരത്രിക ലോകം ലക്ഷ്യം വെച്ചുകൊണ്ടുള്ളതുമായ ചരിത്ര വിവരണങ്ങളാണ് അത് നൽകുന്നത്. വി. ഖുർആൻ പറയുന്നു.

"എന്നാൽ ഇക്കൂട്ടർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? എങ്കിൽ അവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് അവർക്ക് നോക്കിക്കാണാമായിരുന്നു. സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക് പാരത്രിക ഭവനം ഏറ്റവും ഗുണകരമാണ്. എന്നിട്ടു നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? ......... അവരുടെ

മായ ഭൂപ്രദേശത്തെ ഒരു ചെറുദേശം മാത്രമാണ്. കിഴക്കൻ ഈജിപ്റ്റ്, ജോർദ്ദാൻ, സഊദി അറേബ്യ സിറിയ, ഇറാക്ക് എന്നീ രാജ്യങ്ങളിലേക്കുവരെ യഹോവയുടെ വാഗ്ദാനഭൂമി വ്യാപിപ്പിക്കാം. അവിടെയുള്ള കോടിക്കണക്കിന് മനുഷ്യമക്കളെ ആട്ടിപായിച്ച് ലോക ജനസംഖ്യയിൽ അല്പം വരുന്ന ഇസ്രയേലികൾക്ക് കൈയ്യടക്കാം. വാസ്തവത്തിൽ ബൈബിളിൽ യഹോവ പതിച്ചു നൽകിയ ഭൂമിയെ പറ്റിയുള്ള അവകാശ ബോധത്തിന്റെ ബലത്തിലാണ് പശ്ചിമേഷ്യയിൽ മുഴുവൻ അധിനിവേശ ഭീഷണി മുഴക്കി ഇസ്രയേൽ വിരാചിക്കുന്നത്.

## ജാതീയത

അതുപോലെ മനുഷ്യമക്കളോടുള്ള കടുത്ത വിവേചനമാണ് ഹിന്ദുമത സമൂഹത്തിലെ ജാതീയത. ജന്മ ജാതമായി ലഭ്യമായതും മാറാൻ കഴിയാത്തതുമാണ് ജാതിവ്യവസ്ഥ. ഇതിന് വംശീയ വർഗ്ഗീകരണവുമായി (Racial Stratification) സാമ്യതയുണ്ട്. സൈന്ധവ സംസ്കാരത്തിന്റെ തകർച്ചക്കു ശേഷം വൈദിക കാലത്ത് ഉടലെടുത്തതാണ് ജാതി വ്യവസ്ഥ. വൈദിക ആര്യന്മാരുടെ അധിനിവേശാനന്തരം ഇന്ത്യയിൽ നിലവിൽ വന്ന വർണ്ണ വ്യവസ്ഥ യൂറോപ്യന്മാരുടെ വർണ്ണ വ്യവസ്ഥയേക്കാൾ യാഥാസ്ഥികവും ആചാര ബദ്ധവും അഗാധമായി സമൂഹത്തിൽ വേരുകളുള്ളതാണ്. അത്ഭൂ തകരമെന്ന് പറയട്ടെ മറ്റെങ്ങും കാ ണാത്ത വിധം അത് ആയിരക്കണക്കിന് വർഷങ്ങളായി ഇന്നും തുടരുന്നു. തൊഴിൽ തിരഞ്ഞെടുക്കുക എന്ന അർത്ഥമുള്ള 'വൃ' എന്ന് ധാതുവിൽ നിന്നാണ് വർണം നിഷ്പന്നമായത് എന്ന പറയപ്പെടുന്നു. എന്ത് തന്നെയായാലും മനുസ്മൃതികാലഘട്ടത്തിൽ അത് നാലായി (ചാതുർവർണ്യം) തിരിച്ചു ജന്മ ജാതവും മതപരവുമായ ജാതി വ്യവസ്ഥയായി.

ബൗദ്ധ പ്രഭാവത്തിൽ കഴിഞ്ഞി

*(ശേഷം 39-ാം പേജിൽ)*

ആൻ ഇത്തരം വിഷയങ്ങളിൽ കാണിച്ച ദൈവികമായ സൂക്ഷ്മതയും അവധാനതയും നമ്മെ വിസ്മയം കൊള്ളിക്കുന്നു. ഇന്നത്തെ പശ്ചിമേഷ്യയിലെ ഇസ്രയേൽ ഫലസ്തീൻ സംഘർഷങ്ങളുടെ അടിവേരുകൾ ബൈബിളിന്റെ ചരിത്രവിവരണം കൊണ്ടുണ്ടായ ദൂഷ്യഫലങ്ങളാണ്.

ദൈവത്തിന്റെ സ്വന്തം ജനത്തിന് ബൈബിളിലെ ദൈവം തീറെഴുതിക്കൊടുത്ത ഭൂമിയാണ് പോലും ഫലസ്തീൻ. ബൈബിൾ വിവരണം കാണുക: 'അന്ന് യഹോവ അബ്രഹാമിനോട് ഒരു നിയമം ചെയ്തു നിന്റെ സന്തതിക്ക് ഞാൻ മിസ്രയിം നദി (നൈൽ നദി)മുതൽ ഫ്രാത്ത് നദി (യൂഫ്രട്ടീസ്) യായ മഹാനദി വരെയുള്ള ഈ ദേശത്തെ കേന്യർ കെനീസ്വൽ, കദോന്യർ, ഹിത്യർ, പെരിസ്യർ, രെഫായീമ്യർ, അമോയ്യർ, കനാന്യർ, ഗിർഗ്ഗശ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തെ തന്നെ തന്നിരിക്കുന്നു എന്നു അരുളിച്ചെയ്തു (ഉല്പത്തി, 15:18–21). അതായത് മറ്റ് പുറം ജാതിക്കാർ താമസിച്ചുകൊണ്ടിരിക്കെ അവരറിയാതെ തന്നെ ദൈവം തന്റെ ഇഷ്ടജനത്തിന് ഫലസ്തീൻ ഭൂമി ദാനം ചെയ്തു കളഞ്ഞു. ദൈവത്തിന്റെ തന്നെ രണ്ടാം തരം സൃഷ്ടികളായ മനുഷ്യ മക്കളുടെ കൂടികിടപ്പുപോലും ദൈവം വകവെച്ചു കൊടുത്തില്ല. ദൈവം സ്വന്തം ജനതയോട് കാട്ടിയ പക്ഷപാതിത്വം മൂലം ഇഷ്ടജനമായ ഇസ്രയേലികൾക്ക് ബൈബിളിൽ എഴുതിക്കൊടുത്ത ഈ ദാനപത്രത്തിന്റെ അവകാശവാദം ഉന്നയിച്ചാണ് നാലായിരം വർഷങ്ങൾക്ക് ശേഷം അവിടത്തെ കുടിപാർപ്പുകാരായ അമ്പത് ലക്ഷം ഫലസ്തീനികളെ കുടിയിറക്കി വിട്ടും പതിനായിരങ്ങളെ കൊന്നൊടുക്കിയും ഇസ്രയേൽ ഭീകര ഭരണം നടത്തുന്നത്. ദേശത്തിന്റെ അതിരുപോലും നിർണ്ണയിച്ച് ദൈവം യഹൂദർക്ക് നൽകിയ ഭൂമിയാണ് സിയോണിസ്റ്റുകൾ ദാവീദിന്റെ സാമ്രാജ്യത്തിന്റെ അതിരുകളായി കണക്കാക്കുന്നത്. ഇപ്പോഴത്തെ ഇസ്രയേൽ ആ പ്രവിശാല

ചരിത്ര വിവരണത്തിൽ ബുദ്ധിമാന്മാർക്ക് വലിയ പാഠമുണ്ട് ഇത് കെട്ടിചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച് ഇതിനു മുമ്പുള്ള പ്രവചനങ്ങളുടെ സാക്ഷാത്കാരവും എല്ലാ കാര്യങ്ങളുടെ വിശദീകരണവും സത്യവിശ്വാസികൾക്ക് ഒരു മാർഗ്ഗദർശനവും ഒരു കാരുണ്യവുമാണ്. (12:111-112)

## ഖുർആൻ: വംശീയഡംഭിനെതിരെ

വംശീയ ഗർവ്വും, ദൈവത്തിന്റെ ഇഷ്ടജനമാണ് തങ്ങളെന്ന മതവിശ്വാസികളുടെ അവകാശവാദങ്ങളെയും വി. ഖുർആൻ ഭൽസിക്കുന്നു. യഹൂദികളും ക്രിസ്ത്യാനികളും ഈ വാദമുയർത്തിയപ്പോൾ, അല്ല; നിങ്ങൾ വൈവിധ്യപൂർണമായ മനുഷ്യസമുദായത്തിലെ അംഗങ്ങൾ മാത്രമാണ് എന്ന് പറഞ്ഞുകൊണ്ട് ആ അവകാശവാദത്തിനെതിരെ ഖുർആൻ ശക്തമായി പ്രതികരിക്കുന്നുണ്ട്. കാണുക.

'ഞങ്ങൾ അല്ലാഹുവിന്റെ സന്തതികളും ഇഷ്ടജനങ്ങളുമാണ്' എന്ന് യഹൂദികളും ക്രിസ്ത്യാനികളും പറയുന്നു. പറയുക അങ്ങിനെയാണെങ്കിൽ നിങ്ങളുടെ തെറ്റുകൾ നിമിത്തം അവൻ നിങ്ങളെ ശിക്ഷിക്കുന്നതെന്ത് കൊണ്ട് മറിച്ച് അവൻ സൃഷ്ടിച്ചവരിൽപ്പെട്ട മനുഷ്യർ മാത്രമാണ് നിങ്ങൾ ' (5:19)

## ബൈബിൾ ചരിത്രരചനയുടെ ദൂഷ്യങ്ങൾ

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് യഹൂദികൾ എന്നാണ് ബൈബിൾ സങ്കല്പം. യഹൂദികളെ ബൈബിളിൽ 'അം' ( Laos Theon -ദൈവജനം) എന്നും മറ്റുള്ളവരെ ലോജ് പുറംജാതി എന്നുമാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

കാലാനുക്രമം പുരോഗമിക്കുന്ന ഭൂദേശീയതയിലധിഷ്ഠിതമായ ബൈബിളിന്റെ ചരിത്ര വിവരണത്തിന്റെ ഭയാനകമായ ഫലങ്ങൾ നാലായിരം വർഷം കഴിഞ്ഞിട്ടും ലോകം ഇന്നും അനുഭവിക്കുകയാണ് എന്ന പരമാർത്ഥം നാമറിയുവാൻ വിശുദ്ധ ഖുർ

## ലേഖനം

# ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി (റ)

ഏ.പി. അബ്ദുറഹിം

**ദൈവിക വെളിപാടുകളും അനേകം ദിവ്യാത്ഭുത സിദ്ധികളുമുള്ള വാഗ്ദത്ത മസീഹിന്റെ ഒരു സഹാബിയായിരുന്നു രാജകി സാഹിബ്.**

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രഗത്ഭനായ ഒരു സഹാബിയായിരുന്നു ഹ: മൗലവി ഗുലാം റസൂൽ സാഹിബ് രാജകി (റ). സംഭവബഹുലമായ അദ്ദേഹത്തിന്റെ ജീവിതം ദിവ്യാത്ഭുത സാന്ദ്രമായിരുന്നു. പാകിസ്താനിലെ പഞ്ചാബിൽ ഗുജറാത്ത് ജില്ലയിലെ രാജകീ ഗ്രാമത്തിൽ 1857ലാണ് അദ്ദേഹം ജനിച്ചത്. തന്റെ നാമത്തോടൊപ്പം രാജകി എന്ന ദേശപ്പേര് അങ്ങനെ ലഭിച്ചതാണ്. തലമുറ തലമുറകളിലായി ദിവ്യവെളിപാടുകളും ദിവ്യാദ്ഭുതങ്ങൾകൊണ്ടും അനുഗൃഹീതരായ പുണ്യാത്മാക്കളും പുണ്യവതികളും പിറന്ന ഒരു കുലീനകുടുംബത്തിലാണ് അദ്ദേഹം പിറന്നത്. പിതാവ് തദ്ദേശപ്രമാണിയും നാട്ടിലെ പ്രശസ്ത ജന്മിയും നിരവധി ശിഷ്യഗണങ്ങളാൽ ആദരിക്കപ്പെട്ട ഒരു ശൈഖുമായിരുന്നു. അരോഗദൃഢഗാത്രനായ രാജകീ സാഹിബ് ചെറുപ്രായത്തിൽ തന്നെ ദൈവഭക്തി, ധൈര്യം എന്നീ ഗുണങ്ങളാൽ അനുഗൃഹീതനായ ഒരു ബാലനായിരുന്നു. അഹ്മദിയായതിനുശേഷം തന്റെ ജീവിതത്തിൽ നിരവധി ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളും അദ്ദേഹം അഭിമുഖീകരിക്കുകയുണ്ടായി. ധീരനായ ആ ഭക്തൻ ദൈവസമർപ്പണത്തിലൂടെ ആ വൈതരണികളെയെല്ലാം അതിജീവിച്ചു. ജമാഅത്തിനുവേണ്ടി എന്തും സഹിക്കാനുള്ള കരുത്തും, മനോധൈര്യവും ആ മഹാത്മാവിൽ നിറഞ്ഞുനിന്നിരുന്നു. ഗുലാം റസൂൽ സാഹിബ് രാജകി അറബി, ഉറുദു, പേർഷ്യൻ, പഞ്ചാബി എന്നീ ഭാഷകളിൽ ഒരു ആധികാരിക പണ്ഡിതനാണെന്ന് മാത്രമല്ല അനുഗൃഹീതനായ ഒരു കവി കൂടിയായിരുന്നു. 1963 ഡിസംബറിലായിരുന്നു രാജകി സാഹിബ് (റ) വഫാത്തായത്.

### കേരളവുമായുള്ള ബന്ധം

ഗുലാം റസൂൽ സാഹിബ് രാജകി(റ) ക്ക് കേരളവുമായി ഒരു ബന്ധമുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യ ദശകങ്ങളിൽ കേരളത്തിലെ ഒരു അഹ്മദി പണ്ഡിതനായിരുന്ന കുഞ്ഞഹമ്മദ് മുസ്‌ലിയാർ ജമാഅത്തിൽ നിന്നും പുറത്തുപോയതുമായി ബന്ധപ്പെട്ട ഒരു സംഭവമായിരുന്നു അത്. ഒന്നാം ഖലീഫ ഹദ്റത്ത് ഹഖീം നൂറുദ്ദീൻ (റ)ന്റെ കരങ്ങളിൽ ബയ്അത്ത് ചെയ്ത കുഞ്ഞഹമ്മദ് മുസ്‌ലിയാർ യശശ്ശരീരനായ മൗലവി ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.യുടെ അമ്മാവനായിരുന്നു. കുഞ്ഞഹമ്മദ് മുസലിയാർ മുർത്തദായി എന്ന് മാത്രമല്ല മസീഹ് മൗഊദി (അ)നെ ആക്ഷേപിച്ചുകൊണ്ട് പഴയങ്ങാടിയിലെ അഹ്മദികളിൽ ആശയക്കുഴപ്പവും ഭിന്നിപ്പുമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തു. ഈ പ്രശ്നത്തെക്കുറിച്ച് അന്വേഷിക്കാൻ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ കാലത്ത് 1919ൽ ഒരു അന്വേഷണ സംഘത്തെ മലബാറിലേക്കയക്കുകയുണ്ടായി. ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി(റ)യും, ഹദ്റത്ത് ശേഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനി(റ)യുമായിരുന്നു ആ അന്വേഷണസംഘത്തിലുണ്ടായിരുന്നത്. മലബാറിൽ അവർ രണ്ടു പേരും കോഴിക്കോട്, കൂടാളി, കണ്ണൂർ, പഴയങ്ങാടി,. പ്രദേശങ്ങൽ സന്ദർശിച്ചിരുന്നു. അന്ന് കണ്ണൂരിൽ മാത്രമായിരുന്നു ഒരു സംഘടിത ജമാഅത്ത് ഉണ്ടായിരുന്നത്. ഇന്നത്തെ പഴയങ്ങാടി പള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചത് മൗലവി ഗുലാം റസൂൽ സാഹിബ്(റ) ആയിരുന്നു. ആറു മാസത്തെ പര്യടനത്തിനു ശേഷമാണ് അവർ ഖാദിയാനിലേക്ക് തിരിച്ചുപോയി.

### വധഗൂഢാലോചന ചെയ്തയാൾ കൊല്ലപ്പെടുന്നു

പരമസാത്വികനും ഭക്തനുമായിരുന്ന രാജകി സാഹിബിന് ജീവിതത്തിലുടനീളം ആത്മീയദർശനങ്ങളും ഭാഷണങ്ങളും ലഭിച്ചുകൊണ്ടിരുന്നു. പ്രവചനാത്മകമായ പല ദിവ്യഭാഷണങ്ങളും അത്ഭുതകരമായ രീതിയിൽ പുലരുകയുമുണ്ടായി. അസാധാരണമായ പല സിദ്ധികളുമുള്ള വാഗ്ദത്ത മസീഹിന്റെ ശിഷ്യനായിരുന്നു രാജകീ സാഹിബ്(റ). സഫലങ്ങളായ പ്രാർത്ഥനകളും, ദിവ്യദർശനങ്ങളും ഭാഷണങ്ങളുംഅതിന്റെ പുലർച്ചക

ളും കൊണ്ട് തിങ്ങിനിറഞ്ഞതാണ് അദ്ദേഹത്തിന്റെ പരിശുദ്ധ ജീവിതം. ശത്രുക്കളിൽ കോളിളക്കവും പരിഭ്രാന്തിയും സൃഷ്ടിച്ച അത്തരമൊരു സംഭവം ഗുലാം റസൂൽ സാഹിബ് (റ) രാജകി തന്റെ ആത്മകഥയായ 'ഹയാത്തെ ഖുദ്സിയിൽ' വിവരിക്കുന്നത് കാണുക.

'ആ കാലത്ത് നടന്നൊരു സംഭവമാണ്. ഒരിക്കൽ എന്റെ ഗ്രാമത്തിൽ നിന്നു ഒന്നരനാഴിക അകലെ ഗഡു എന്ന ഗ്രാമത്തിൽ ഞാൻ പോയി. ഗ്രാമവാസികളിൽ മിക്ക പേരും ഞങ്ങളുടെ കുടുംബവൃത്തത്തിലുള്ളവരായതിനാൽ ചിലർക്ക് തല്ബീഗു ചെയ്തു മടങ്ങവെ ഗ്രാമപള്ളിയുടെ വരാന്തയിൽ മസീഹ് മഊദ് (അ)ന്റെ വരവിനെ സംബന്ധിച്ചും എന്റെ ചില കവിതകൾ എഴുതി പതിച്ചിരുന്നു. ഗ്രാമാധികാരി ചൗധരി അല്ലാബക്ശ് ആകസ്മികമായി പള്ളിക്കകത്ത് അംഗശുദ്ധി ചെയ്യുന്നുണ്ടായിരുന്നു. ഞാൻ പള്ളിയിൽ നിന്നും പുറത്തു വരുമ്പോൾ അധികാരി എന്നെ കാണുവാൻ ഇടയായി. വഴിയിൽ പള്ളി ഇമാം മൗലവി കലീമുല്ലയും എന്നെ കണ്ടു. രണ്ടു പേരും പള്ളിയിൽ ഒന്നിച്ചായപ്പോൾ എന്റെ അഹ്മദിയാ ഭ്രമത്താൽ അദ്ദേഹവുമായി ചർച്ച നടത്തവെ, പള്ളി വരാന്തയിൽ ഞാൻ എഴുതിയ കവിത അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടു. ഒരു മീർസായി (ഖാദിയാനി) പള്ളി അശുദ്ധി വരുത്തിയെന്ന് ആരോപിച്ച് എന്നെ ബന്ധനസ്ഥനാക്കുവാൻ കരുത്തും, കായബലമുള്ള ഏഴു യുവാക്കളെ എന്റെ പിന്നാലെ ഓടിച്ചു എന്നെ പിടിച്ച് അധികാരിയുടെ മുമ്പിൽ ഹാജരാക്കി എന്റെ കൈകൊണ്ടു ഞാൻ എഴുതിയ കവിത മായിപ്പിച്ചതിനുശേഷം എന്റെ കഥകഴിക്കുക എന്നതായിരുന്നു അവരുടെ ഗൂഢപദ്ധതി. ഞാൻ വളരെ വേഗതയിൽ നടന്നത് കാരണം അവരെന്നെ കാണുന്നതിന് മുമ്പെ ഞാനെന്റെ ഗ്രാമത്തിലെത്തി. വന്ന യുവാക്കൾ നിരാശയോടെ തിരിച്ചുപോയി. അതേ ഗ്രാമത്തിലെ എന്റെ പിതാവിന്റെ ഒരു ശിഷ്യൻ ശത്രുക്കളുടെ ദുരുദ്ദേശം, ശരിക്കും മനസ്സിലാക്കിയിരുന്നു. പിറ്റേന്ന് രാവിലെ അദ്ദേഹം പ്രബോധന പ്രവർത്തനത്തിൽ പിതൃസന്നിധിയിൽ ഹാജരായി കഴിഞ്ഞ എല്ലാ സംഭവങ്ങളും വിശദമായി വിവരിച്ചുകൊടുത്തു. ഗ്രാമീണന്റെ സംസാരം കേട്ടതിനുശേഷം, പിതാവ് എന്നെ വിളിച്ചു എന്നിട്ടിങ്ങനെ പറഞ്ഞു: അവരുടെ വിചാരം ഇങ്ങിനെയാണെങ്കിൽ നീ നിന്റെ സുരക്ഷിതത്വത്തിൽ കൂടുതൽ ജാഗ്രത പാലിയ്ക്കണം. സംഭവവിവരങ്ങൾ വിശദമായി മനസ്സിലാക്കുകയും പിതാവിന്റെ ഉപദേശം കേൾക്കുകയും ചെയ്തശേഷം, ഞാൻ വുളു ചെയ്തു നമസ്കാരത്തിന്നു കൈകെട്ടി. കരുണാനിധിയായ എന്റെ നാഥനോടു കെഞ്ചി അപേക്ഷിച്ചു. അല്ലയോ എന്റെ കരുണാമയനായ നാഥാ! നിന്റെ പ്രിയപ്പെട്ട മസീഹിന്റെ തബ്ലീഗിൽ നിന്നു ഇക്കൂട്ടർ എന്നെ തടസ്ഥപ്പെടുത്തുമോ? സത്യത്തിലേക്കുള്ള എന്റെ പ്രബോധന പ്രവർത്തനത്തിൽ ഞാൻ പരാജയപ്പെടുമോ? വളരെ ദുഃഖത്തോടും, വേദനയോടും കൂടി ദുആ ചെയ്തു കൊണ്ടിരിക്കെ, നമസ്കാരപടത്തിൽ മയക്കം തോന്നി ഞാൻ ഉറങ്ങിപ്പോയി. ഉറങ്ങവെ സാധു സംരക്ഷകനായ എന്റെ നാഥൻ അല്ലാഹു, വളരെ സ്നേഹപൂർവ്വം എന്നോട് ഇൽഹാം ഭാഷണം നടത്തി ഇങ്ങനെ അരുൾ ചെയ്തു.

വൊ കോൻ ഹെ ജൊ തുജെ  
തബ് ലീഗ് സെ റോക്നെ വാലാ  
ഹെ അല്ലാബക്ശ് ഖബർദാർ ഹൊ  
മൈ ആജ് സെ ഗ്യാറവിൻ ദിൻ  
ഖബ്ർ മെ ഡാൽ ദൂൻഗാ.

നിന്നെ തബ്ലീഗിൽ നിന്നു തടസ്ഥപ്പെടുത്തുന്നവൻ ആര്? അല്ലാബക്ശ് അധികാരിയെ ഞാൻ ഇന്നു തൊട്ടു പതിനൊന്നു ദിവസത്തിനകം ഖബറടക്കും.

തന്റെ സംപ്രീത ദാസരോട് അല്ലാഹു എന്നും സംഭാഷണം നടത്തുന്നവരാണ് എന്ന യാഥാർത്ഥ്യത്തെ അനുസ്മരിച്ച വാഗ്ദത്ത മസീഹ് രചിച്ച കവിത ഇപ്രകാരമായിരുന്നു.

വൊ ഖുദാ ആജ് ഭി ബനാതാഹെജിസെ ചാഹെ കലിം  
വൊ ഖുദാ ആജ് ഭി ബനാതാഹെ ജിസെ ചാഹെ കലീം  
ആജ് ഭിവൊ ബോൽത്താഹെ ജിസെ  
വൊ കർ താഹെ പ്യാർ'  
തൻ പ്രിയ ദാസനോടെൻ നാഥനല്ലാഹു  
പണ്ടേ പോൽ ഇന്നും നടത്തുന്നു ഭാഷണം

പിറ്റേന്ന് രാവിലെ പ്രാതലിനു ശേഷം ഞാൻ ഗഡു ഗ്രാമങ്ങളിലേക്കു തിരിച്ചു, അല്ലാബക്ശ് അധികാരിയുടെ മേൽവിലാസം അന്വേഷിച്ചു. എന്താണ് സംഗതിയെന്നു ആളുകൾ ആരാഞ്ഞു. 'അയാൾക്ക് ഒരു ദിവ്യസന്ദേശം കൊണ്ടുവന്നിരിക്കയാണെന്നും, പതിനൊന്നു ദിവസത്തിനകം അല്ലാഹു അയാളെ ഖബ്റിൽ താഴ്ത്തുമെന്നും' ഞാൻ ഉത്തരം നൽകി. അയാൾ ഗുജറാത്തിന്ന് കിഴക്ക് കുറച്ചു നാഴിക ദൂരെ ലാലാചക്ക് ഗ്രാമത്തിൽ പോയിരിക്കുകയാണെന്നവർ പറഞ്ഞു. എന്നാൽ കേട്ടുകൊൾക, ഇവിടെ കൂടിയ നിങ്ങൾ സാക്ഷിയാണ്, അല്ലാബക്ശ് പതിനൊന്നു ദിവസത്തിനകം മരണമടഞ്ഞു ഖബ്റടക്കപ്പെടും. ഭൂമുഖത്ത് ഒരാൾക്കും സർവ്വശക്തനായ അല്ലാഹുവിന്റെ ഈ വിധിയെ തടയാൻ സാദ്ധ്യമല്ല. എന്റെ സംസാരം കേട്ടതിന് ശേഷം അവിടെ സംഘടിപ്പിച്ച സദസ്സിൽ ഒരു നിശ്ശബ്ദത വ്യാപകമായി. പിന്നീടു അല്ലാഹുവിന്റെ വിധി ഇങ്ങനെ പുലർന്നു.

ലാലചക്ക് ഗ്രാമത്തിൽ പൊടുന്നനവെ അല്ലാബക്ശ് പാർശശൂല, മലത്തിലൂടെ രക്തപ്പോക്ക് തുടങ്ങിയ രോഗത്തിൽ അകപ്പെട്ടു. അമിത രക്തസ്രാവം മൂലം മാരകരോഗബാധിതനായി. രോഗം വളരെ രൂക്ഷമായതു കാരണം ബന്ധുക്കൾ അയാളെ ഗുജറാത്ത് ഗവൺമെന്റ് ആശുപത്രിയിൽ കൊണ്ടുപോയി. എന്നാൽ ഫലമുണ്ടായില്ല. അവ

*(ശേഷം 39-ാം പേജിൽ)*

## കവിത

# ഒരു ബോട്ടുയാത്ര

മുഹമ്മദ് ഫസൽ, പഴയങ്ങാടി

(ആലപ്പുഴ വേമ്പനാട്ടു കായലിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നടത്തിയ ബോട്ട് യാത്രയുടെ പശ്ചാത്തലത്തിൽ എഴുതിയത്).

തീവ്രമേറുന്നുച്ചിയിൽ ജ്വലിക്കും സൂര്യതാപം
വിച്ഛേദിച്ചു കരയുമായുള്ള ബോട്ടിൻ ബന്ധം
മെല്ലെ, ദുർബലമാമോളങ്ങളെ ഭേദിച്ചു നീ–
ങ്ങിയീ നൗക സ്വച്ഛ സംഗമാഴിമുഖത്തേക്ക്
കുളിർതെന്നലിൻ തലോടലിലറിയാതെന്നോ
അലസമായാത്മാവൊന്ന് മയങ്ങിയ യാമം
ഹൃദയഭിത്തികളെ തരളിതമാക്കിയൊരു
നിശ്വാസം, ''ആടിയുലയും പിടിമുറുക്കേണം".
പദമൂന്നി സുശക്തമാംപാശത്തെ മുറുകെ
പിടിച്ചു, നിമിഷങ്ങളുടെ രണഭൂവിലും
അകക്കണ്ണുകളേയീറനണിയിക്കുമനർഘ
സ്നേഹത്തിൻ ലാളനയറിയുന്നു സിരകളിൽ
സൂര്യനസ്തമിച്ചാലിരുളിന്നാഴങ്ങളിലേ
ക്കാപതിക്കുകയാണനേകായിരം നൗകകൾ
എന്തിനീ നൗകയെയീ തീരത്തേക്കടുപ്പിച്ചു
വിജനവും ശൂന്യവുമാമജ്ഞാത തീരത്ത്
പക്ഷം വിരിച്ചു വട്ടമിടും കഴുകക്കണ്ണു
കളെന്തോ തീരത്തു, ചിറകടിച്ചകലുന്നു.
ഭൂതകാലത്തിന്നുറച്ച പാദങ്ങൾ പതിഞ്ഞ
മണ്ണിലെ മുദ്രകൾ മണ്ടിത്തുടങ്ങി.
''അനേക ജീവനുകൾ പൊലിഞ്ഞതിവിടെയാ
ണീ, ശാന്തഗംഭീരമീ കായലിൻ ഹൃത്തിൽ"
വിഷാദമൂകത ചിന്നിയുതിർന്ന വാക്കുകൾ
വിസ്മൃതി തന്നവ്യക്തതയിലസ്തമിക്കയായി
പിടിവിട്ടാപതിച്ചു മുങ്ങിപ്പൊങ്ങുമാത്മാവ്
രക്ഷക്കായി കൈകളുയർത്തി കെഞ്ചിയ യാമം.
ഭ്രാന്തമായാർത്തലച്ചണയും തിരമാലകൾ
പർവ്വതത്തോളമുയർന്നു പ്രഹരിച്ചില്ലേ
മാമലകളെ വിഴുങ്ങിക്കരകളെ നക്കി
ത്തുടച്ചു, മൂപ്പകലും രാവും പെയ്ത പേമാരി
ഗതകാലത്തേക്കൊഴുകുകയാണ് മനസ്സ്
മണ്ണടിഞ്ഞ യുഗങ്ങൾ തന്ന വ്യക്തചിത്രങ്ങൾ
വിശുദ്ധ താളുകളിലൂടെ ചരിത്രത്തിന്റെ
വാതായനങ്ങൾ മലർക്കെ തുറക്കുംയാമങ്ങൾ
അകലേ കേൾക്കും സ്വരത്തിനായി കാതോർക്കുന്നു
കുളിർതെന്നലേറ്റിവരും സംഗീതത്തിനായി
അലസനിമിഷങ്ങളിലാത്മാവിനെയെന്നും
തഴുകിയുണർത്തി സംഫുല്ലമാക്കും സംഗീതം

ലേഖനം

# ലണ്ടൻ സ്ഫോടനവും അഹ്മദിയ്യത്തിന്റെ വിമർശകരും

ഇ. അബ്ദുറഹ്മാൻ,
കൊടിയത്തൂർ

**അനിസ്ലാമിക ഭരണകൂടത്തെ ജിഹാദിലൂടെ അട്ടിമറിച്ച് ഇസ്ലാമിക ഭരണകൂടം സ്ഥാപിക്കണമെന്ന് പറയുന്ന ജമാഅത്തെ ഇസ്ലാമി ഖുർആന്റെ തുല്യനീതി തത്ത്വ പ്രകാരം അമുസ്ലിംങ്ങൾക്കും ഇസ്ലാമിക ഭരണകൂടത്തെ അട്ടിമറിക്കാനുള്ള അവകാശം വകവെച്ചുകൊടുക്കുമോ? ലണ്ടൻ സ്ഫോടനത്തിന്റെ പശ്ചാത്തല ത്തിൽ ഒരു വിശകലനം.**

നിലവിലുള്ള അനിസ്ലാമിക ഭരണകൂടത്തെ സായുധ ജിഹാദിലൂടെ അട്ടിമറിച്ച് ഇസ്ലാമിക ഭരണം സ്ഥാപി ക്കണമെന്ന് സിദ്ധാന്തിക്കുന്ന ജമാഅത്തെ ഇസ്ലാമി മാധ്യമങ്ങൾ ബ്രിട്ടീഷ് ആസ്ഥാനമായ ലണ്ടനിൽ ഇസ്ലാമിക തീവ്രവാദികൾ നടത്തിയ സ്ഫോടനത്തെ പരസ്യമായി അപലപിക്കേണ്ടി വന്നിരിക്കുന്നു. മറ്റു മുസ്ലിം രാജ്യങ്ങളിൽ വരെ നിരോധിക്കപ്പെട്ട തീവ്രവാ ദികൾക്കും, വിമതർക്കുപോലും ആശയപ്രചാരണത്തിന് അനുമതിയും അഭയവും നൽകുന്ന ബ്രിട്ടീഷ് പാര മ്പര്യത്തെ പുകഴ്ത്തുവാൻ നിർബന്ധിതരായിരിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ ഇക്കാര്യം നേരത്തെ പറഞ്ഞ അഹ്മദിയ്യാ ജമാഅത്തിനെ ബ്രിട്ടീഷുകാരുടെ സൃഷ്ടി യാണ് എന്ന് പ്രചരിപ്പിച്ച ജമാഅത്തെ ഇസ്ലാമിക്കാർ ആ ദുഷ്പ്രചരണം പിൻവലിക്കുമോ?

അല്ലാഹുവിന്റെ പ്രവാചകന്മാർ മുഖേന നിലവിൽ വന്ന മതങ്ങളുടെ അനുയായികൾ ഉന്നതമായ മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടാണ് അവരുടെ പ്രസ്ഥാനം ആരം ഭിച്ചത്. സത്യമാർഗ്ഗത്തിൽ അവർ വമ്പിച്ച ത്യാഗങ്ങൾ സമർപ്പിക്കുകയുണ്ടായി. എന്നാൽ അവരുടെ പിൻതല മുറ കാലത്തിന്റെ പ്രവാഹത്തിൽ വ്യതിയാനങ്ങൾക്ക് വിധേയരാവുകയും; ആജ്ഞാലംഘകരായിതീരുകയും ചെയ്തു. അങ്ങിനെയാണ് പ്രവാചകന്മാരുടെ അനുസ്യൂ തമായ ആഗമനത്തിന്റെ ആവശ്യമുണ്ടായത്. സമ്പൂർണ്ണ മതത്തിന്റെ സംസ്ഥാപകനായി വന്ന നബി തിരുമേനി (സ)യും തന്റെ അനുയായികൾക്കും മുൻഗാമികൾക്ക് സംഭവിച്ച ധർമ്മച്യുതികൾ സംഭവിക്കുമെന്ന് പ്രവചിക്കു കയും, തൽസമയത്ത് അല്ലാഹു വാഗ്ദത്ത മസീഹിനെ നിയോഗിക്കുമെന്ന സുവിശേഷം നൽകുകയുമുണ്ടായി. പ്രസ്തുത പ്രവചനങ്ങളുടെ സാക്ഷാൽക്കാരമായി ഹി; 14-ാം നൂറ്റാണ്ടിൽ ഹ: അഹ്മദ് (അ) നിയോഗിതനായി. അതോടുകൂടി പൂർവ്വസമുദായങ്ങളുടെ മാതൃക പിൻപറ്റി അദ്ദേഹത്തെയും അദ്ദേഹം സ്ഥാപിച്ച ജമാഅത്തിനെയും എതിർത്തു തോല്പിക്കുവാനുള്ള ശ്രമം നിഷേധികളായി മാറിയ ഉലമാക്കളും, മുസ്ലിം സംഘടനകളും തുടക്കം കുറിക്കുകയും ചെയ്തു കേരളക്കരയിൽ സുന്നി-മുജാ ഹിദ്-ജമാഅത്ത് സംഘടനകളെല്ലാം അഹ്മദിയ്യാ ജമാ അത്തിനെ എതിരിടുവാൻ വേണ്ടി എത്ര വലിയ കളവും പറയാമെന്നും അതിക്രമങ്ങൾ പയറ്റാമെന്നുമുള്ള കാര്യ ത്തിൽ യോജിക്കുന്നവരാണ്. തങ്ങൾ വിശ്വസിക്കുന്നതും, തങ്ങൾക്കറിയാവുന്നതുമായ ലളിതസത്യങ്ങൾ പോലും, അഹ്മദിയ്യാ ജമാഅത്തിനെ എതിർക്കേണ്ടി വരുമ്പോൾ നിഷേധിക്കുക എന്നതും ഇക്കൂട്ടരുടെ പതിവ് പരിപാടി യാണ്. മതാന്ധരായ തങ്ങളുടെ അനുയായികൾ തങ്ങൾ പറയുന്നതെന്തും കണ്ണുംപൂട്ടി സ്വീകരിക്കുമെന്ന ധാരണ യാണ് ഈ പണ്ഡിതന്മാരെ നയിക്കുന്നത്.

ഈ കാര്യം ഇവിടെ സ്മരിക്കുവാൻ കാരണം ജമാ അത്തെ ഇസ്ലാമി ദിനപത്രമായ 'മാധ്യമം' ജൂലൈ 11ന് എഴുതിയ 'മുഖപ്രസംഗ'മാണ് - ജൂലൈ 7ന് നടന്ന ലണ്ടൻ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ മുഖലേഖനത്തിൽ ഭീകരപ്രവർത്തനം മാർഗ്ഗമായി സ്വീക രിച്ച 'ജിഹാദി' ഗ്രൂപ്പുകളെ അപലപിക്കുകയും, ഇസ്ലാമി നും, മുസ്ലിംകൾക്കും അവരുണ്ടാക്കുന്ന കഷ്ട-നഷ്ട

ങ്ങളെ എണ്ണിപ്പറയുകയും ചെയ്യുന്നു. മാത്രമല്ല ലണ്ടൻ നഗരത്തിന്റെ സൽഗുണങ്ങളെയും പത്രം വാഴ്ത്തുന്നു. മാധ്യമം എഴുതുന്നത് കാണുക: ''ലണ്ടനെ വിറപ്പിക്കുകയും അസ്വസ്ഥമാക്കുകയും ചെയ്ത സ്ഫോടനങ്ങളുടെ പ്രണേതാക്കൾ അൽഖായിദയോ, ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും സ്വയംരക്ഷകരായ മറ്റേതെങ്കിലും ഗ്രൂപ്പോ ആണെങ്കിൽ അവര് സ്വന്തം മതത്തിനോ സമൂഹത്തിനോ ഒരു തരത്തിലുള്ള സേവനമല്ല നിറവേറ്റിയിട്ടുള്ളതെന്നും പ്രത്യുത മഹാകഷ്ടവും നഷ്ടവും മാത്രമേ വരുത്തിയിട്ടുള്ളൂവെന്നും തീർത്തുപറയാൻ രണ്ടുവട്ടം ആലോചിക്കേണ്ടതില്ല. നിരപരാധികളുടെ ചോര ചിന്തുകയും സമാധാനം തകർക്കുകയും ജനങ്ങളിൽ ഭീതിപരത്തുകയും ചെയ്തതുകൊണ്ട് സത്യമായ ഒരാദർശത്തെയും രക്ഷിക്കാനോ ശക്തിപ്പെടുത്താനോ സാധ്യമല്ലെന്ന് വ്യക്തമാണ്... ''തുടർന്ന് ഭീകരപ്രവർത്തനങ്ങൾക്ക് തിരിച്ചടിയായി മുസ്‌ലിം ലോകത്തിന് അനുഭവിക്കേണ്ടിവന്ന കെടുതികൾ പത്രം വിവരിക്കുന്നു.

ലണ്ടൻ പട്ടണത്തിൽ നിലനിൽക്കുന്ന സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷം പത്രം വിവരിക്കുന്നത് കാണുക: "എന്തൊക്കെപ്പറഞ്ഞാലും ലണ്ടൻ ഒരു തുറന്ന സ്വതന്ത്ര നഗരമാണ്." അറബ്-മുസ്‌ലിം നാടുകളിൽ നിരോധിക്കപ്പെടുകയോ, കർക്കശമായി നിയന്ത്രിക്കപ്പെടുകയോ ചെയ്ത ധാർമ്മിക പ്രസ്ഥാനങ്ങളിൽ പലതിന്റെയും ആസ്ഥാനങ്ങൾ ലണ്ടനിലാണ്. പൗരസ്ത്യഭാഷകളിലെ മാധ്യമങ്ങളിൽ പോലും പലതും സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കുന്നത് ലണ്ടനിലാണ്. ലണ്ടനെ അങ്ങിനെ നിലനിർത്തുന്നതിന്റെ പിന്നിൽ തീർച്ചയായും ബ്രിട്ടീഷ് താല്പര്യങ്ങളുണ്ടാവും. എന്നാലും സ്വതന്ത്രമായ ആശയവിനിമയത്തിനും അരുതായ്മകൾക്കെതിരായ പോരാട്ടങ്ങൾക്കും വിവിധ മാനവിക കൂട്ടായ്മകൾക്ക് അഭയവും രക്ഷാകേന്ദ്രവുമായ ലണ്ടനെ മേലിൽ കടുത്ത നിയന്ത്രണങ്ങൾക്കും നിരീക്ഷണങ്ങൾക്കും വിധേയമാക്കുകയായിരിക്കും സ്ഫോടനങ്ങളുടെ ഉടനടിയുള്ള ഫലം" (മാധ്യമം എഡിറ്റോറിയൽ 11-7-05). 'മാധ്യമം ഇവിടെ ചൂണ്ടിക്കാട്ടിയ വസ്തുതകൾ അടുത്തകാലങ്ങളിൽ പ്രബോധനം ഉൾപ്പെടെയുള്ള മുസ്‌ലിം പ്രസിദ്ധീകരണങ്ങളും ഡോ. ഹുസൈൻ മടവൂരിനെ പോലെയുള്ള നേതാക്കളുമെല്ലാം അടിക്കടി ഉണർത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. ഈ വിഷയം ഇവിടെ വിശകലനവിധേയമാക്കുന്നതിന്റെ കാരണം മാധ്യമം പത്രാധിപരും, ജമാഅത്തെ ഇസ്‌ലാമി ബുദ്ധികേന്ദ്രവുമായ ഒ. അബ്ദുറഹിമാനും, ചന്ദ്രിക ചീഫ് എഡിറ്ററും, കോളേജ് പ്രിൻസിപ്പാളും എല്ലാമായിരുന്ന പ്രൊഫ: മങ്കട അബ്ദുൽ അസീസ് എന്നിവർ അഹ്മദിയ്യ ജമാഅത്തിന് എതിരിൽ നടത്തിയ വിമർശനങ്ങളാണ്. 'ഇശാഅത്ത് ഓഡിയോ ട്രാക്ക്' വിതരണം ചെയ്യുന്ന പ്രഭാഷണത്തിൽ അഹ്മദിയ്യ ജമാഅത്തിനെതിരിൽ നിരവധി വ്യാജാരോപണങ്ങൾ ഉന്നയിക്കുന്നുണ്ട് ജമാഅത്ത് ബുദ്ധിജീവി. അതുപോലെ യുവത ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച 'ഇസ്‌ലാം വാല്യം 5 എന്ന വിജ്ഞാനകോശത്തിന്റെ 451-479 പേജുകളിൽ നിരവധി തരം താണ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. നമ്മുടെ മങ്കട പ്രഫസർ ഇവരുടെ ഈ രണ്ട് വിമർശനങ്ങൾക്കും സമഗ്ര മറുപടിയല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ബ്രിട്ടീഷ് സൃഷ്ടിയാണെന്ന് വരുത്തുന്നതിനുള്ള നികൃഷ്ട ശ്രമത്തിന്റെ നിർത്ഥകത 'മാധ്യമ'മടക്കമുള്ള പ്രസിദ്ധീകരണങ്ങളുടെ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ വായനക്കാരന്റെ മുമ്പിൽ സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

വാഗ്ദത്ത മസീഹ് (അ) തന്റെ കാലഘട്ടത്തിൽ രാജ്യത്ത് നിലവിലുണ്ടായിരന്ന ബ്രിട്ടീഷ് ഭരണകൂടത്തെ അനുസരിക്കേണ്ടതാണെന്നും പരിപൂർണ്ണമായ മത-ചിന്താ-പ്രചരണ സ്വാതന്ത്ര്യം അനുവദിക്കുകയും നിയമവ്യവസ്ഥ സംസ്ഥാപിക്കുകയും ചെയ്ത ഭരണകൂടത്തിനെതിരിൽ 'ജിഹാദ്' (സായുധസമരം) നടത്തൽ ഇസ്‌ലാമിക പാഠങ്ങൾക്ക് വിരുദ്ധമാണെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. ദീർഘകാലം സിക്കുകാരുടെ ദുർഭരണത്തിൽ ശ്വാസം മുട്ടികഴിഞ്ഞിരുന്ന പഞ്ചാബിലെ മുസ്‌ലിംകൾക്ക് ബാങ്ക് വിളിക്കുവാനോ, സ്വതന്ത്രമായ നിലയിൽ തങ്ങളുടെ മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാൻ പോലുമോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. സിക്കുകാരാൽ മുസ്‌ലിം സ്ത്രീകൾ മാനഭംഗപ്പെടുത്തപ്പെടുകയും യുവാക്കൾ നിഷ്കരുണം വധിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ സിക്ക് ഭരണക്കൂടം അക്രമികളെ സഹായിക്കുകയായിരുന്നു. സിക്കുഭരണത്തിൽ മുസ്‌ലിംകൾ അനുഭവിച്ച നിഷ്ഠൂര പീഢനങ്ങൾ അബുൽ ഹസൻ അലി നദ്‌വി തന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ഈ അക്രമികൾക്കെതിരായ സമരത്തിൽ 13-ാം നൂറ്റാണ്ടിലെ മുജദ്ദിദായിരുന്ന സയ്യിദ് അഹ്മദ് ബറേൽവിക്ക് രക്തസാക്ഷിത്വം വരിക്കേണ്ടി വരികയുണ്ടായി. ഇങ്ങിനെയുള്ള മർദ്ദക ഭരണത്തിൽ നിന്നുള്ള മോചനമായിരുന്നു മുസ്‌ലിംകൾക്ക് വിശിഷ്യാ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ വരവ് - അധിനിവേശ ശക്തിയായിരുന്നു ബ്രിട്ടീഷുകാർ എങ്കിലും, പ്രജകളുടെ അടിസ്ഥാന മൗലികാവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ അക്കാലത്തെ മുസ്‌ലിം ഭരണകൂടങ്ങളേക്കാൾ എത്രയും മികച്ച ശ്രദ്ധ കാണിച്ചിരുന്നു. ആധുനിക ബ്രിട്ടന്റെ തലസ്ഥാനമായ ലണ്ടൻ പട്ടണത്തിൽ നിലനില്ക്കുന്നതായി മാധ്യമമടക്കം ചൂണ്ടിക്കാണിക്കുന്ന അതേ സ്വാതന്ത്രമായിരുന്നു ബ്രിട്ടീഷ് ഭരണത്തിൽ പഞ്ചാബിലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലും നിലനിന്നിരുന്നത് - അതുകൊണ്ട് തന്നെ ബ്രിട്ടീഷുക്കാർക്കെതിരിൽ മതയുദ്ധം നടത്തേണ്ട ആവശ്യമില്ല; അതനുവദനീയമല്ല എന്ന കാര്യം അക്കാലത്തെ മുഴുവൻ മുസ്‌ലിം പണ്ഡിതന്മാരും ഫത്‌വ ചെയ്തിരുന്നതാണ് - ഖുർആനിക പാഠങ്ങളുടെ അടിസ്ഥാനത്തിൽ ഹ: അഹ്മദ് (അ) ചൂണ്ടിക്കാണിച്ചിരുന്നതും മറ്റൊന്നായിരുന്നില്ല.

വാഗ്ദത്ത മസീഹ് ഭരണകൂടത്തിനെതിരായി സായുധ സമരം നടത്തേണ്ടിയിരുന്നു എന്ന് വാദിക്കുന്ന ജമാഅത്തെ ഇസ്ലാമി നേതാവിനോട് വിശുദ്ധ ഖുർആന്റെ നീതി തത്വങ്ങളുടെ അടിസ്ഥാനത്തിൽ ചിലത് ചോദിക്കുവാൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: "അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും..." (6:109) സത്യദൈവത്തിനെതിരിൽ പൊയ്ദൈവങ്ങൾക്ക് ഒരു വിലയുമില്ല എന്ന് പ്രഖ്യാപിക്കുന്ന വി.ഖുർആൻ, പൊയ്ദൈവങ്ങളെ അധിക്ഷേപിക്കരുതെന്ന് വിശ്വാസികളെ വിലക്കുന്നു. വിശ്വാസികളുടെ അധിക്ഷേപത്തിനുപകരം മുസ്ലിം കൾ ആരാധിക്കുന്ന അല്ലാഹുവിനെ തിരിച്ച് ആക്ഷേപിക്കുവാനുള്ള മുശ്രിക്കുകളുടെ സ്വാഭാവികമായ അവകാശം ഖുർആൻ നിഷേധിക്കുന്നില്ല. പകരം അല്ലാഹു ശകാരിക്കപ്പെടാതിരിക്കുവാൻ പൊയ്ദൈവങ്ങളെ ശകാരിക്കാതിരിക്കുവാനാണ് ഖുർആൻ കല്പിക്കുന്നത്. ഖുർആന്റെ ഈ പാഠമനുസരിച്ച് ഇസ്ലാമേതര ഭരണകൂടങ്ങളെ സായുധസമരത്തിലൂടെ നിഷ്കാസിതമാക്കാൻ പരിശ്രമിക്കണമെന്ന് പറയുമ്പോൾ, മുസ്ലിം ഭരണകൂടങ്ങൾക്കെതിരിൽ സായുധസമരം (ജിഹാദ്) നടത്തുവാൻ അമുസ്ലിം പ്രജകൾക്ക് അവകാശമില്ലേ? നബി തിരുമേനി (സ) മദീനയിൽ സ്ഥാപിച്ച ഇസ്ലാമിക സ്റ്റേറ്റിനെതിരിൽ കലാപം നടത്തുവാൻ അവിടത്തെ യഹൂദികളടക്കമുള്ള അവിശ്വാസികൾക്ക് അവകാശമുണ്ടെന്ന് വരില്ലേ? ഉമറി (റ)ന്റെ വിശാലമായ ഇസ്ലാമിക ഭരണകൂടത്തിനെതിരിൽ ''ജിഹാദ്" നടത്താൻ അവിടങ്ങളിലെ അവിശ്വാസികൾക്ക് അനുവാദമുണ്ടെന്ന് വരില്ലേ? ലോകത്തെ ഏത് ഭരണകൂടങ്ങൾക്കെതിരിലും കലാപമഴിച്ചു വിടാൻ കലാപകാരികൾക്ക് ന്യായീകരണമാവില്ലേ? ഇന്ന് ലോകത്ത് നടന്നുകൊണ്ടിരിക്കുന്നതും അതു തന്നെയല്ലേ? ജമാഅത്തെ ഇസ്ലാമിയുടേയും സമാനചിന്താഗതിക്കാരുടെയും 'ജിഹാദി'ന്റെയും ഭരണകൂടം അട്ടിമറി സിദ്ധാന്തങ്ങളുടേയും പേരിൽ ലക്ഷക്കണക്കിന് മുസ്ലിം മക്കൾ ഭീകരമായി വധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൃശ്യങ്ങളാണ് ലോകം കണ്ടുകൊണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിന്റെ ഇത്തരം മഹാദുരന്തം ദിവ്യജ്ഞാനത്താൽ മുൻകൂട്ടി മനസ്സിലാക്കിയ യുഗപുരുഷനായ ഹദ്റത്ത് അഹ്മദ് (അ) വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ ലോകസമാധാനത്തിനുള്ള ശാശ്വതപാഠങ്ങൾ നൽകിയതിന്റെ പേരിലാണ് മാധ്യമം പത്രാധിപരേയും, മങ്കട പ്രൊഫസറേയും പോലെ യുള്ള 'ബുദ്ധിജീവികൾ' അപഹസിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കട്ടെ. തങ്ങളുടെ പ്രസിദ്ധീകരണങ്ങൾ തന്നെ സായുധ ജിഹാദിനേയും ഭീകരവാദത്തേയും തള്ളിപ്പറഞ്ഞുകൊണ്ടിരിക്കെ ഇസ്ലാമിക ജിഹാദിന്റെ യാഥാർഥ്യം ലോകത്തിന് മനസ്സിലാക്കിക്കൊടുത്ത മഹ്ദി ഇമാമിനു നേർക്ക് അധിക്ഷേപമുതിർക്കുന്നത് നിർത്തിക്കൂടെ. ബ്രിട്ടീഷുകാർക്കെതിരെ സായുധ ജിഹാദ് നടത്തൽ ഇസ്ലാമിക ധർമമായിരുന്നു എന്ന് സിദ്ധാന്തിക്കുന്നവർ തങ്ങളുടെ നേതാവും 'ഇരുപതാം നൂറ്റാണ്ടിലെ നവോത്ഥാന നായകനുമായി ഉയർത്തിക്കാട്ടുകയും ചെയ്യുന്ന അബുൽ അഅ്ലാ മൗദൂദി ബ്രിട്ടീഷുകാർക്കെതിരിൽ നടത്തിയ ജിഹാദ് എന്തായിരുന്നു എന്ന് മനസ്സിലാക്കുവാൻ മുതിരുമോ? സ്വദേശി, മുസ്ലിം ഭരണകൂടമായ നൈസാമിന്റെ നാട്ടുരാജ്യത്തിൻ കീഴിൽ ഔറംഗാബാദിൽ ജനിച്ച ആചാര്യൻ, അല്ലാമാ ഇക്ബാലിന്റെ ഉപദേശം സ്വീകരിച്ച് ബ്രിട്ടീഷുകാർ ഭരിക്കുന്ന പഞ്ചാബിലേക്ക് കുടിയേറുകയായിരുന്നു. ('അബുൽ അഅ്ലാ, ടി. മുഹമ്മദ് ഐ.പി.എച്ച്. പ്രസിദ്ധീകരണം) അവിടെയായിരുന്നു മൂപ്പരുടെ 'ദാറുൽ ഇസ്ലാം' സ്ഥാപിച്ചിട്ടുണ്ടായിരുന്നത്. അവിടെയിരുന്നായിരുന്നു ദേശീയ പ്രസ്ഥാനത്തിനും, മുസ്ലിം നേതാക്കന്മാർക്കുമെതിരിലുള്ള കുഫ്ർ, ശിർക്ക് ഫത്വകൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നത്. ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളിൽ പങ്കാളികളാവുന്നത് കുഫ്റും, ശിർക്കുമാണെന്ന കുപ്രസിദ്ധമായ മൗദൂദിയൻ ഫത്വകൾ നിരന്തരം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നത്. ഇത് സംബന്ധിച്ചും മുജാഹിദ് – സുന്നി പ്രസിദ്ധീകരണങ്ങളുടെ വിമർശനങ്ങൾക്ക് മറുപടി നൽകാൻ മൗദൂദിയൻ സാഹിത്യങ്ങൾക്ക് ഇതുവരെ സാധിച്ചിട്ടില്ല എന്നതാണ് സത്യം. നേരെ മറിച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഖലീഫത്തുൽ മസീഹ് രണ്ടാമന്റെയും മുഹമ്മദ് സഫറുല്ലാഹ് ഖാന്റെയും നേതൃത്വത്തിൽ അഹ്മദിയ്യാ ജമാഅത്ത് നടത്തിയ പരിശ്രമങ്ങളെ ജവഹർലാൽ നെഹ്റുവിനേയും ആസിഫലിയേയും പോലെയുള്ള ദേശീയ നേതാക്കൾ പ്രശംസിക്കുകയുണ്ടായി എന്നതാണ് യാഥാർഥ്യം.

1984ൽ പാകിസ്ഥാനിലെ സ്വേച്ഛാധിപതിയായിരുന്ന സിയാഉൽ ഹഖ് നടപ്പാക്കിയ കരാള നിയമത്തെ തുടർന്ന് അഹ്മദിയ്യാ ഖിലാഫത്തിന് ലണ്ടൻ പട്ടണം താൽക്കാലിക ആസ്ഥാനമായി സ്വീകരിക്കേണ്ടി വരികയുണ്ടായി. നേരത്തെ സൂചിപ്പിച്ച ബുദ്ധിജീവികൾ അതിന്റെ പേരിലും അഹ്മദിയ്യാ ജമാഅത്തിനെ പ്രതിക്കൂട്ടിൽ കയറ്റുവാൻ ശ്രമിക്കുന്നുണ്ട്. അത്തരക്കാർക്കുള്ള മറുപടി എന്ന നിലയിലാണ്. ലണ്ടൻ പട്ടണത്തെ സംബന്ധിച്ചുള്ള 'മാധ്യമം' പത്രത്തിന്റെ വരികൾ മുകളിൽ കൊടുത്തിട്ടുള്ളത്. ലണ്ടനിലിരുന്നുകൊണ്ട് ക്രൈസ്തവ വിശ്വാസങ്ങൾക്കെതിരിലും, ബ്രിട്ടീഷ് അമേരിക്കൻ അതിക്രമങ്ങൾക്കെതിരിലും ഖലീഫമാർ നടത്തിക്കൊണ്ടിരിക്കുന്ന ധർമ്മസമരം കണ്ടില്ലെന്ന് നടിക്കാൻ നീതിബോധമുള്ള ആർക്കും സാധ്യമല്ല. അതുപോലെ എം.ടി.എ.ഐ. മുഖേനയും, 'ഇസ്ലാം ഇന്റർനാഷനൽ പബ്ലിക്കേഷൻ മുഖേനയും നടത്തിക്കൊണ്ടിരിക്കുന്ന ഇസ്ലാം മതപ്രബോധന പ്രവർത്തനങ്ങളെയും അവഗണിക്കാനും സാധ്യമല്ല.

## ലേഖനം

# 'നാലാം ഖലീഫയുടെ ഹിജ്റത്തും, സിയാവുൽ ഹഖിന്റെ വിമാന ദുരന്തവും'

**ഏ. ക്യു. മഹ്ദി**

അഭിനവ ഫിർഔൻ ആയിരുന്ന പട്ടാള സ്വേച്ഛാധിപതി സിയാഉൽ ഹഖ് ഭരിച്ച പാകിസ്താനിൽ നിന്നും അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ) നടത്തിയ ഉദ്വേഗജനകവും, അത്ഭുതകരമായ ഹിജ്റത്തിന്റെ വിവരണവും

പാകിസ്താനിൽ ഭരണകൂടവും മുല്ലമാരും ചേർന്ന് അഹ്മദികളെ പീഡിപ്പിച്ചിരുന്ന കാലം. വിശ്വാസത്തിന്റെ പേരിൽ അഹ്മദികൾക്ക് ഒരു തരത്തിലുമുള്ള സ്വാതന്ത്ര്യം അനുഭവിക്കാൻ അവസരം നൽകാത്ത അവസ്ഥ. അവർ മതത്തിൽ നന്നും തെറ്റിയവരാണ്, കാഫിറുകളാണ്, മുസ്ലിം എന്നു പറയാൻ അവർക്ക് ഒരവകാശവുമില്ല, കലിമ പോലും ചൊല്ലിക്കൂടാ, പള്ളിയിൽ ബാങ്കുവിളിച്ചുകൂട, പരസ്യമായി സലാം ചൊല്ലാൻ പാടില്ല.... അങ്ങനെ അഹ്മദികൾക്ക് എല്ലാ മതസ്വാതന്ത്ര്യവും, വ്യക്തിസ്വാതന്ത്ര്യവും ആരാധനാ സൗകര്യവും പോലും നിഷേധിച്ചു. അതിനായി ഗവൺമെന്റ് വിജ്ഞാപനങ്ങളും നിയമങ്ങളും പാസ്സാക്കി, ഒരുതരം ഏകാധിപതിയെ പോലെ വാഴുകയായിരുന്നു സിയാവുൽഹഖ്.

അഹ്മദികൾ എവിടെയും ഒന്നിച്ചുകൂടാൻ പാടില്ല, പരസ്യമായി വിവാഹച്ചടങ്ങുകൾ നടത്താൻ പാടില്ല, ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലി നൽകപ്പെടില്ല..... എല്ലായിടത്തും എല്ലാ തരത്തിലും അവർ പീഡിപ്പിക്കപ്പെട്ടു.

പരീക്ഷണങ്ങൾ.... പരീക്ഷണങ്ങൾ.. അവ തുടർന്നുകൊണ്ടേയിരുന്നു. സാധുക്കളായ നമുക്ക് ഈ മൃഗീയഭൂരിപക്ഷത്തിനെതിരെ പോരാടാനുള്ള ബാഹ്യശക്തി ഇല്ലായിരുന്നു. ജമാഅത്ത് അംഗങ്ങളും നമ്മുടെ വന്ദ്യ ഇമാമും കഠിനമായ പ്രാർത്ഥനകളിൽ മുഴുകി.

നമുക്കാശ്രയം സർവശക്തനായ അല്ലാഹു മാത്രമായിരുന്നു.

സുമാർ രണ്ടു പതിറ്റാണ്ടു മുമ്പ്, കാലഘട്ടം 1984. ജമാഅത്തിനെതിരെ കിരാതമായ നടപടികൾ കൈക്കൊണ്ടുകൊണ്ടിരിക്കെ, അയാൾ, ആ കിരാതനായ ജനറൽ, സാഹസികവും നിർണ്ണായകവുമായ ഒരു നടപടിക്ക് തീരുമാനമെടുത്തു. അയാളുടെ ആ വികലമായ തീരുമാനം അഹ്മദിയ്യാ ചരിത്രത്തിൽ നമുക്കേറ്റ ഏറ്റവും വലിയ ഒരു പ്രഹരമായിരുന്നു. ഇത്തരമൊരു കഠിനപരീക്ഷണം വാഗ്ദത്ത മസീഹിന്റെ കാലത്തിനിപ്പുറം ഇന്നോളം നമുക്കു നേരിടേണ്ടി വന്നിട്ടില്ല.

നമ്മുടെ വന്ദ്യ ഇമാം നാലാം ഖലീഫ തിരുമനസ്സ് ഹദ്റത്ത് മിർസാ താഹിർ അഹ്മദിനെ, എന്തെങ്കിലും കുറ്റം ചുമത്തി അറസ്റ്റു ചെയ്യുക. ഏതെങ്കിലും തരത്തിൽ കാരാഗൃഹത്തിലടച്ച് അദ്ദേഹത്തിൽ വ്യാജ ആരോപണങ്ങൾ ചുമത്തി കുറ്റവിചാരണ ചെയ്ത് വധശിക്ഷ നൽകുക, ഇതായിരുന്നു ക്രൂരനായ ജനറലിന്റെ ഗൂഢാലോചന.

ഈ ഗൂഢാലോചനയെപ്പറ്റി രഹസ്യമായി നമ്മുടെ ജമാഅത്തിനു അറിവു കിട്ടുന്നു. അത് ദൈവികമായ ഒരറിവു കിട്ടലാവാം. ജമാഅത്തിലെ ഉയർന്ന നേതാക്കൾ കൂടിയാലോചിച്ചു. ഉടൻതന്നെ എന്തെങ്കിലും ചെയ്തേ പറ്റൂ.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഒരുനിമിഷം പോലും വൈകാതെ പാകിസ്താനിൽ നിന്ന് ഹിജ്റത്ത് ചെയ്യുക, ഇതായിരുന്നു നേതൃതീരുമാനം. അൽപ്പം പോലും വൈകിക്കൂടാ. ഏതു നിമിഷവും എന്തും സംഭവിക്കാം.

ആധുനികകാലത്ത് അത്ര ലാഘവമായി കൈകാര്യം ചെയ്യാൻ കഴിയുന്ന വിഷയമല്ല ഈ ഹിജ്റത്ത്. ഉടൻതന്നെ രാജ്യം വിടേണ്ടിയിരിക്കുന്നു.

റബ്വക്ക് തൊട്ടടുത്ത, അന്തർ

ദേശീയ വിമാനത്താവളം കറാച്ചിയിലാണ്. അവിടേയ്ക്ക് ചെറിയ ദൂരമൊന്നുമല്ല, 1200 കി.മീറ്റർ താണ്ടിപോകണം.

ഈ യാത്ര എങ്ങനെ ചെയ്യും? സിയാവുൽ ഹഖ്, തന്റെ പ്രത്യേക നിർദ്ദേശപ്രകാരം പാകിസ്താനിലുട നീളം, റബ്വയിൽ പ്രത്യേകിച്ചും രഹസ്യാന്വേഷണ പോലീസിനെ വിന്യസിച്ചിരിക്കയാണ്. പല വേഷത്തിലും ഭാവത്തിലും പോലീസുകാർ എവിടെയും കറങ്ങി നടക്കുന്നു. ചിലർ അഹ്മദികളെ പോലെ നടിക്കുന്നവരാണെങ്കിൽ, മറ്റു ചിലരെ ഫക്കീർ വേഷം കെട്ടിച്ചു, യാചകരൂപത്തിൽ അയച്ചിരിക്കുന്നു.

ഭിക്ഷക്കാരുടെ രൂപത്തിൽ വേഷം ധരിച്ചു നടന്നിരുന്ന പലരെയും നമുക്കു തിരിച്ചറിയാൻ സർവശക്തനായ അല്ലാഹു വഴിയൊരുക്കിത്തന്നത് നമുക്ക് കരുതൽ നടപടിയെടുക്കാൻ ഏറെ സഹായകമായി.

അല്ലാഹു എവിടെയെങ്കിലും ഒരു തെളിവ് നമുക്കായി അവശേഷിപ്പിച്ചിരുന്നു.

മുഷിഞ്ഞു കീറിയ മേൽവസ്ത്രങ്ങൾ ധരിച്ച് യാചകഭാവത്തിൽ റബ്വയുടെ പരിസരത്തു വിന്യസിക്കപ്പെട്ട ഫക്കീർമാർ, അവർ രഹസ്യപോലീസുകാരായിരുന്നു, വേഷം മാറ്റിയപ്പോൾ ഒരു കാര്യം മറന്നുപോയി, തങ്ങളുടെ ഷൂവുകൾ കൂടി മാറ്റാൻ. നീണ്ടു മുഷിഞ്ഞു കനം തൂങ്ങിയ ഫക്കീർ കുപ്പായത്തിനു താഴെ പുറത്തു കാണും വിധം നാം കണ്ടത്, യാചകർക്കൊക്കെ തിളങ്ങുന്ന പോലീസ് – പട്ടാള ബൂട്ടുകളായിരുന്നു. അവരെ നാം തിരിച്ചറിഞ്ഞുവെന്ന് അവരും മനസ്സിലാക്കിയില്ല.

നാം തികച്ചും ജാഗരൂകരായിരുന്നു.

എങ്ങനെയും ഹുസൂർ തിരുമനസ്സിനെ പാകിസ്താനിൽ നിന്നും ഹിജ്റത്ത് ചെയ്യിച്ചേ പറ്റൂ.

ഉടൻ തന്നെ കറാച്ചിയിലേയ്ക്ക് കഴിവും വിശ്വസ്തതയുമുള്ള ഒരാളെ അയച്ചു. വിമാനസർവീസുകളുടെ വിശദമായ വിവരം ശേഖരിക്കുകയായിരുന്നു അയാളുടെ ദൗത്യം. രാജ്യത്തിനു പുറത്ത് യൂറോപിലേക്ക്, പ്രത്യേകിച്ച് ലണ്ടനിലേയ്ക്ക് എന്നൊക്കെ എപ്പോഴൊക്കെ വിമാന സർവീസ് ഉണ്ടെന്നറിയിക്കണം.

അയാൾ വിവരം നൽകി. 1984 ഏപ്രിൽ 30 തിങ്കളാഴ്ച രാവിലെയും, മെയ് 21 ബുധനാഴ്ചയും യൂറോപ്പിലേയ്ക്ക് ഓരോ വിമാനങ്ങളുണ്ട്. ലണ്ടനിലാണ് അവ അവസാനിക്കുക.

ഇന്നത്തെപ്പോലെ ദിവസവും സർവീസുകൾ ഉള്ള കാലമല്ലായിരുന്നില്ല അത്.

ലണ്ടനിലേയ്ക്കാണു പോകേണ്ടത്. മെയ് 21 ബുധനാഴ്ച പോകണമെന്നായിരുന്നു ഖലീഫത്തുൽ മസീഹിന്റെ തീരുമാനം. പക്ഷേ, കറാച്ചി എയർപോർട്ടിൽ പോയ ആൾ വന്നു പറഞ്ഞത്, കെ.എൽ.എം. വിമാന സർവീസിന്റെ ടൂർ ഓപ്പറേറ്റിങ്ങ് മാനേജർ തന്നോടു നിർദ്ദേശിച്ചത്, ഈ രണ്ടു തിയ്യതികളിൽ ഏപ്രിൽ 30–നു പുറപ്പെടുന്ന വിമാനത്തിൽ തന്നെ യാത്ര ചെയ്യുന്നതാണ് നല്ലതെന്നാണ്. അതിനു കെ.എൽ.എം. മാനേജർ പ്രത്യേകിച്ചു വിശദീകരണമൊന്നും നൽകിയില്ല എന്നും കറാച്ചിയിൽ പോയി വന്ന ആൾ ഓർക്കുന്നു. ഏതു ദിവസത്തെ ഡേറ്റും താൻ ശരിയാക്കിക്കൊള്ളാമെന്നും മാനേജർ ഉറപ്പുകൊടുത്തിരുന്നു.

ഇവിടെയും ദൈവത്തിന്റെ അജ്ഞാത കരങ്ങൾ പ്രവർത്തിച്ചിരുന്നുവെന്ന് പിന്നീട് മനസ്സിലായി.

മെയ് 21 ബുധനാഴ്ച പുറപ്പെടുന്ന ഫ്ളൈറ്റ് ഏതോ ഗൾഫ് രാജ്യത്തിറങ്ങിയാണ് പോകേണ്ടിയിരുന്നത്. കറാച്ചിയിൽ നിന്ന് രണ്ടു മൂന്നു മണിക്കൂർ പറന്നാൽ ഗൾഫിലെത്തും. ഏതു വിഷയത്തിലും പാകിസ്താന് അനായാസം സ്വാധീനം ചെലുത്താൻ കഴിയുന്നവയാണല്ലോ ഗൾഫ് രാജ്യങ്ങൾ. യൂറോപ്പിലേയ്ക്കുള്ള വിമാനങ്ങൾ ഇൻഡ്യയിൽ നിന്നായാലും ഇടയ്ക്കൊരിടത്ത് ഇറങ്ങിയേ പോകാറുള്ളൂ. ഒന്നുകിൽ അത് ഗൾഫ് രാജ്യങ്ങളിലെവിടെയെങ്കിലും അല്ലെങ്കിൽ യൂറോപ്പിൽ തന്നെ മറ്റേതെങ്കിലും രാജ്യത്ത്, പ്രധാനമായും ഇന്ധനം നിറയ്ക്കാനാണത്.

ഇവിടെ, ഏപ്രിൽ 30–നു പുറപ്പെടുന്ന വിമാനമാകട്ടെ ഇടത്താവളമാക്കി ഇറങ്ങുന്നത് ആംസ്റ്റർഡാമിൽ മാത്രമാണ്. ഇത് നെതൽലാന്റിന്റെ തലസ്ഥാനമാണ്. നെതർലന്റിന് ഹോളണ്ട് എന്നും പറയാറുണ്ട്.

വളരെ വിശാലമായ ഒരു എയർപോർട്ടണ് ആംസ്റ്റർഡാമിലേത്.

ഈ സമീപദിവസങ്ങളിൽ സിയാവുൽ ഹഖ് തന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി കർക്കശമാക്കി. എങ്ങനെയെങ്കിലും ഹുസൂർ തിരുമനസ്സിനെ കുടുക്കിയേ അടങ്ങൂ എന്നയാൾ ശപഥമെടുത്തുപോലെ.

5 വിവിധ രഹസ്യാന്വേഷണ സംവിധാനങ്ങളാണ് റബ്വ പട്ടണത്തെ നിരീക്ഷിക്കാൻ അയാൾ ഏർപ്പാടു ചെയ്തത്. റബ്വയിൽ വരികയും പോവുകയും ചെയ്യുന്നവരെ പ്രത്യേകം നിരീക്ഷിക്കാൻ വേഷം മാറിയ ചാരന്മാർ കറങ്ങി നടന്നു. നേരത്തേ സൂചിപ്പിച്ചപോലെ റബ്ബിന്റെ തീരുമാനമാവാം, ആ ചാരന്മാരെ തിരിച്ചറിയാൻ വ്യക്തമായ ഒരു തെളിവു വിട്ടിട്ടാണ് രഹസ്യപ്പൊലീസുകാർ വേഷം മാറിനടന്നത്. കറുത്തു തിളങ്ങുന്ന പട്ടാള ബൂട്ടുകൾ കണ്ട് അവരെ ഓരോരുത്തരെയും നമ്മുടെ ആൾക്കാർ തിരിച്ചറിയുന്നുവെന്നത്, അവർ, ആ ചാരന്മാർ അറിഞ്ഞിരുന്നില്ല.

തന്റെ യാത്രയെക്കുറിച്ച് ഒരു വിധത്തിലുമുള്ള തെറ്റായ പ്രസ്താവനകൾ നടത്തപ്പെടരുതെന്നും, താൻ വേഷം മാറി രക്ഷപ്പെടാൻ ശ്രമിക്കില്ലെന്നും ഹുസൂർ തിരുമനസ്സ് ശഠിച്ചു. ആ വിഷയത്തിൽ ഒരു വിട്ടവീഴ്ചയ്ക്കും അദ്ദേഹം തയ്യാറായുമില്ല.

അന്ന്, സുബ്ഹി നമസ്കാരത്തിനുശേഷം, ഹുസൂറിന്റെ കാർ റബ്വയിൽ നിന്നു പുറപ്പെട്ടതായി കാണപ്പെട്ടു. കാറിന്റെ പിൻസീറ്റിൽ

ശേർവാണിയും പഞ്ചാബി തലപ്പാവും ധരിച്ച ഒരു മാന്യവ്യക്തി ഉണ്ടായിരുന്നു. ഖലീഫത്ത് മസീഹിനൊപ്പം എപ്പോഴും ഉണ്ടാകാറുള്ള അംഗരക്ഷകന്മാരും ഈ യാത്രയിൽ അനുഗമിച്ചിരുന്നു. അദ്ദേഹം സഞ്ചരിച്ചിരുന്ന കാറിനു മുമ്പിൽ ഒന്നും പിന്നിൽ രണ്ടും കാറുകൾ അകമ്പടി സേവിക്കയും ചെയ്തിരുന്നു. ഈ അകമ്പടി കാറുകളിൽ അംഗരക്ഷകരായിരുന്നു.

ഹുസൂർ തിരുമനസ്സിന്റെ ഓരോ അംഗരക്ഷകനെയും സിയാവുൽ ഹഖിന്റെ രഹസ്യപ്പൊലീസിനു വ്യക്തമായി അറിയാമായിരുന്നു.

ഈ യാത്രയ്ക്കിടയിൽ വഴിയോരങ്ങളിൽ കാണപ്പെട്ട അഹ്മദികൾ, ഹുസൂറിന്റെ വാഹനവ്യൂഹം കണ്ടിട്ട് അദ്ദേഹം റബ്‌വയിൽ നിന്ന് 300 കി. മീറ്റർ അകലെയുള്ള ഇസ്‌ലാമാബാദിലേയ്ക്കു യാത്ര ചെയ്യുന്നതായാണു ധരിച്ചത്.

ഈ യാത്രാസംഘത്തെ ശ്രദ്ധിച്ച രഹസ്യാന്വേഷണ പോലീസ് ഉടൻ തന്നെ തങ്ങളുടെ മേലുദ്യോഗസ്ഥർക്ക് വയർലസ്സ് സന്ദേശം നൽകി, ഖലീഫത്തുൽ മസീഹ് ഇതാ ഇസ്‌ലാമാബാദിലേക്ക് യാത്ര തിരിച്ചിരിക്കുന്നു. പതിവനുസരിച്ച് ആ സി. ഐ.ഡി. ഉദ്യോഗസ്ഥർ ഹുസൂറിന്റെ കാറുകളെ രഹസ്യമായി പിന്തുടരുന്നുമുണ്ടായിരുന്നു.

കാറുകൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കേ, ഇസ്‌ലാമാബാദിലേയ്ക്കുള്ള വഴിയിലേയ്ക്ക് അതു തിരിഞ്ഞില്ല.

എന്തുപറ്റി, രഹസ്യമായി പിന്തുടർന്ന അന്വേഷണ ഉദ്യോഗസ്ഥർക്ക് ചിന്താകുഴപ്പമായി. അവർ വീണ്ടും ശ്രദ്ധിച്ചു. ആ കാറുകൾ പോകുന്നത് ഇസ്‌ലാമാബാദിലേയ്ക്കല്ല എന്നും, ഖലീഫത്തുൽ മസീഹ് ഇപ്പോൾ പോകുന്നത് തന്റെ ബന്ധുവായ മിർസാ മുനീർ അഹ്മദിന്റെ ഝലം എന്ന സ്ഥലത്തുള്ള Chip Board Factory-യിലേയ്ക്കാണെന്നും, ഒരുപക്ഷേ രാത്രി അവിടെ കഴിച്ചുകൂട്ടിയതിനു ശേഷം പിറ്റേന്നു മാത്രമേ ഇസ്‌ലാമാബാദിലേയ്ക്കു അദ്ദേഹം യാത്ര തിരിക്കാനിടയുള്ളൂവെന്നും രഹസ്യാന്വേഷണ പോലീസ് തങ്ങളുടെ ഉയർന്ന ഉദ്യോഗസ്ഥർക്കു വയർലസ്സ് റിപ്പോർട്ട് നൽകി.

അവർക്കൊക്കെ ആശ്വാസമായി. ഇനി ഈ രാത്രിയിൽ ആശങ്കക്കു വകയില്ല. രാവിലെ ഖലീഫത്തുൽ മസീഹ് ഇവിടെ നിന്നു പുറപ്പെടുമ്പോൾ നോക്കിയാൽ മതിയല്ലോ.

എന്നാൽ, പ്രസ്തുത മെഴ്സിഡെയ്സ്ഡ് കാറിൽ ഝലം Chip Board Factory-യിലേയ്ക്ക് സഞ്ചരിച്ചത് ഹുസൂറായിരുന്നില്ല, അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനായ ഡോക്ടർ മീർസാ മുനവ്വർ അഹ്മദ് സാഹിബ് ആയിരുന്നു. ഈ കാറുകൾ പുറപ്പെടുന്നതിനു രണ്ടു മണിക്കൂർ മുമ്പുതന്നെ, രാത്രി രണ്ടു മണിക്ക്, മറ്റു രണ്ടുകാറുകൾ റബ്‌വയിൽ നിന്നും പുറപ്പെട്ടിരുന്നു. ആ കാറുകൾ ലാലിയാൻ, ഝംഗ് എന്നീ പട്ടണങ്ങൾ വഴി കറാച്ചിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്നു. ഝംഗ് റബ്‌വയുടെ ജില്ലാ തലസ്ഥാന നഗരിയാണ്.

ഈ രണ്ടു കാറുകളിൽ ആദ്യത്തേതിൽ ഹുസൂറിന്റെ അംഗരക്ഷകരും, രണ്ടാമത്തേതിൽ ഹുസൂർ തിരുമനസ്സുമായിരുന്നു. രഹസ്യപ്പൊലീസിന് ഈ കാറുകൾ പിന്തുടരേണ്ട കാര്യമുണ്ടായിരുന്നില്ല. അവർ തെരയുന്ന വ്യക്തി, ഝലം എന്ന പട്ടണത്തിലുള്ള Chip Board Factory-പരിസരത്തുണ്ടല്ലോ. പിറ്റേന്നു രാവിലെ പുറപ്പെടുമ്പോൾ മാത്രം ആ കാറുകളെ പിന്തുടർന്നാൽ മതിയല്ലോ.

സർവശക്തനായ അല്ലാഹുവിന്റെ ഓരോ വികൃതികൾ കരുതലോടെയും ബുദ്ധിപൂർവവും സംവിധാനം ചെയ്തത് ഒരു മിലിറ്ററി ഓഫീസർ തന്നെയായിരുന്നുവെന്നത് പ്രസ്താവ്യമാണ്. ഈ രഹസ്യ സംവിധാനത്തെപ്പറ്റി ആകെ അറിയാവുന്നത്, വളരെ വിശ്വസ്തരായ രണ്ടുമൂന്നു പേർക്ക് മാത്രമായിരുന്നു. അത്രയധികം ജാഗ്രതാപൂർവമാണ് ഓരോ രംഗങ്ങളും ഒരുക്കപ്പെട്ടത്.

എന്നാൽ ഹുസൂർ തിരുമനസ്സിന്റെ യാത്രയെക്കുറിച്ച് അല്ലാഹു മുൻകൂട്ടി രണ്ടുപേരെ സ്വപ്നദർശനം മുഖേന അറിയിക്കുന്നു. യാത്ര പുറപ്പെടുന്നതിനു രണ്ടു ദിവസം മുമ്പ് വയോധികനായ ഒരു അഹ്മദി സഹോദരൻ, അദ്ദേഹം മുസ് മാൻ ചൂ എന്ന ഒരു ചൈനക്കാരൻ അഹ്മദിയായിരുന്നു. അദ്ദേഹം ഒരു കത്ത് റബ്‌വയിലേക്കയച്ചിരുന്നു. ആ കത്തിൽ തന്റെ ഒരു സ്വപ്ന വിവരണമാണ് എഴുതിയിരുന്നത്.

“ഹുസൂറിന്റെ കാർ ഇസ്‌ലാമാബാദിലേയ്ക്കു പുറപ്പെടാൻ പോകുന്നതായി ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. സലാം പറയാനായി ഞാൻ കാറിനരികിലേയ്ക്ക് ചെന്നു, വശത്തെ ഡോർഗ്ലാസ്സിലൂടെ ഉള്ളിലേയ്ക്ക് നോക്കിയപ്പോൾ കാറിനകം ശൂന്യമായി കണ്ടു. വല്ലാത്ത ഒരു പരിഭ്രമം എന്നെ കീഴടക്കി. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. അദ്ദേഹമെവിടെ? കാറിൽ അദ്ദേഹം ഇസ്‌ലാമാബിലേയ്ക്ക് പോകുന്നതായാണല്ലോ ഞാൻ മനസ്സിലാക്കിയത്. എന്നാലിതാ ഇവിടെ ഹുസൂർ തിരുമനസ്സ് കാറിലില്ലല്ലോ.

പിന്നീട് ഞാനൊരു ശബ്ദം കേട്ടു. ഹുസൂർ മറ്റേതെങ്കിലും വഴിയിലൂടെ പുറപ്പെട്ടു പോയിരിക്കണം എന്നു ഞാനപ്പോൾ കരുതി. എന്നിട്ടും ഞാനാ കാറിനൊപ്പം നടന്നു. ഇസ്‌ലാമാബാദിനു പകരം ഞാൻ ഝലം എന്ന സ്ഥലത്തെത്തുന്നതായി കണ്ടു. അവിടെ ഞാൻ ഒരു രാത്രി കഴിച്ചുകൂട്ടി.....”

ഇതായിരുന്നു കത്തിലെഴുതിയിരുന്ന സ്വപ്നവാർത്ത.

രണ്ടാമത്തെ സ്വപ്നദർശനം ഹുസൂറിന്റെ മകൾ ഷായിസ സാഹിബക്കുണ്ടായതാണ്. അവർക്കും ഹുസൂറിന്റെ ഹിജ്റത്തുമായി ബന്ധപ്പെട്ട ഒരു സ്വപ്നദർശനം ഉണ്ടാവുകയുണ്ടായി.

ലാഹോർ കറാച്ചി റൂട്ടിലൂടെ ഹുസൂർ തിരുമനസ്സ് സഞ്ചരിച്ചിരുന്ന

കാർ, കറാച്ചി എയർപോർട്ടിലേയ്ക്ക് നീങ്ങുകയായിരുന്നു. ലാലിയാൻ എന്ന സ്ഥലത്തു നിന്നും ഝംഗ് എന്ന സ്ഥലം വരെയുള്ള റോഡ്, അടുത്തിടയുണ്ടായ ഒരു വെള്ളപ്പൊക്കത്തിൽ തകർന്നു കിടക്കുകയായിരുന്നു. ടാറിങ്ങ് ഇളകി പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലായ ഈ റോഡിന്റെ ഒരു ഭാഗത്തു മരാമത്തു വകുപ്പ്, റോഡ് പണിക്കായി ചില യന്ത്രസാമഗ്രികൾ കൂട്ടിയിട്ടിരുന്നു. അതിനു സമീപം ഒരു മിലിറ്ററി ചാര സംഘം രഹസ്യമായി തമ്പടിച്ചിരുന്നു. പട്ടാളക്കാർ ഭിക്ഷക്കാരുടെ വേഷം ധരിച്ചാണ് അവിടെ നിന്നിരുന്നത്. പൊട്ടിപ്പൊളിഞ്ഞ റോഡിലൂടെ വളരെ സാവധാനം നീങ്ങുന്ന വാഹനങ്ങളുണ്ട്. റോഡ് പണിയ്ക്കായി ഒരുക്കിവച്ചിരുന്ന മെറ്റൽക്കൂനകൾക്കരികിൽ നിർത്തി പതുക്കെ മാത്രമെ മുന്നോട്ടു നീങ്ങാനാവുമായിരുന്നുള്ളൂ. ഈ അവസരം മുതലാക്കുകയായിരുന്നു യാചകവേഷം ധരിച്ച രഹസ്യപ്പോലീസുകാർ.

ശരിക്കു പറഞ്ഞാൽ ഹുസൂറിന്റെ കാർ, ഈ വഴിയ്ക്കു വരുമെന്ന ഒരു പ്രതീക്ഷയും ആ രഹസ്യപ്പോലീസ് സംഘത്തിനില്ലായിരുന്നു. കാരണം അവർ വയർലസ്സിലൂടെ കേട്ടതാണ്, ഹുസൂർ ഝലമിലുള്ള Chip Board Factory-യിൽ തങ്ങി. പിറ്റേന്നു രാവിലെയേ പുറപ്പെടൂ എന്ന്. എങ്കിൽ ഈ വഴിയിലൂടെ ഇപ്പോൾ അദ്ദേഹം വരാനിടയില്ലല്ലോ.

ഈ കാരണം കൊണ്ട് അവർ അലസഭാവത്തിലായിരുന്നു. രണ്ടു കാറുകൾ വേഗത കുറച്ചു വന്നപ്പോൾ വേഷം ധരിച്ച ഭിക്ഷക്കാർ അടുത്തുകൂടി. ആദ്യ കാർ മെല്ലെ കടന്നുപോകുന്നതിനിടെ, രണ്ടാമത്തെ കാറിലിരുന്നു ഒരാൾ, കുറേ കറൻസി നോട്ടുകൾ ഭിക്ഷക്കാർക്കായി റോഡിലേയ്ക്ക് എറിഞ്ഞുകൊടുത്തു. ഭിക്ഷക്കാരുടെ വേഷം ധരിച്ച ആ പോലീസ് കാർ ഒരു നിമിഷം സ്വയം മറന്നുപോയെന്നു തോന്നുന്നു. അവർ റോഡിൽ ചിതറിവീണ കറൻസിനോട്ടുകൾ പെറുക്കിക്കൂട്ടാൻ മത്സരിച്ചു.

ഇതിനകം അവരുടെ ശ്രദ്ധയിൽ നിന്നും വഴുതി രണ്ടു കാറുകളും അനായാസം കടന്നുപോയി.

"ഏതോ ധനവാന്മാരാണ് കാറിൽ, അവരുടെ ഉദാരമനസ്ഥിതി മൂലം നമുക്കൽപ്പം പണം കിട്ടി...." എന്നവർ സ്വയം പറഞ്ഞു ആശ്വസിച്ചിരിക്കണം.

പുലർച്ച രണ്ടുമണിക്കാണ് കെ.എൽ.എം. വിമാനം കറാച്ചിയിൽ നിന്നു പുറപ്പെടുക. സുദീർഘമായ 1200 കി.മീറ്റർ റോഡ് യാത്ര ചെയ്തു ഹുസൂർ സുരക്ഷിതനായി കറാച്ചി എയർപോർട്ടിലെത്തിച്ചേർന്നു. അൽപ്പസമയം അദ്ദേഹം ഒരു പ്രൈവറ്റ് റൂമിൽ വിശ്രമിച്ചു. വിമാനം പുറപ്പെടുന്നതിനു ഒരു മണിക്കൂർ മുമ്പുതന്നെ പാസ്പ്പോർട്ട്, എമിഗ്രേഷൻ പരിശോധനകൾ പൂർത്തിയാക്കി. ഇനി സെക്യൂരിറ്റി ചെക്കിങ്ങ് മാത്രമേ ബാക്കിയുള്ളൂ. അതു കഴിഞ്ഞാൽ വിമാനത്തിൽ കയറാം.

വിമാനം കൃത്യസമയത്തു പുറപ്പെടുന്നില്ല. എന്താണുസംഭവിച്ചത്. പരിഭ്രമത്തിന്റെയും ഉൽകണ്ഠയുടെയും നിമിഷങ്ങൾ.

പിന്നീടറിയുന്നു, വിമാനത്തിന്റെ ഈ യാത്രാതടസ്സം ഖലീഫത്തുൽ മസീഹ് കാരണമായുണ്ടായതാണെന്ന്. ഏതായാലും ഉൽകണ്ഠയുടെ നിമിഷങ്ങൾക്കിടെ, നിശ്ചിതസമയം പിന്നിട്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വിമാനം പുറപ്പെട്ടു.

എന്തായിരുന്നു തടസ്സം. യാത്ര വൈകാനുള്ള കാരണം എന്തായിരുന്നു?

ഇവിടെയും അത്യത്ഭുതകരമായി സർവശക്തന്റെ അജ്ഞാത കരങ്ങൾ നമുക്കനുകൂലമായി പ്രവർത്തിച്ചിരുന്നു.

ഹുസൂർ തിരുമനസ്സ് എയർപോർട്ടിലെത്തി റിപ്പോർട്ട് ചെയ്തതിനുശേഷം, എയർപോർട്ട് കൺട്രോൾ റൂമിൽ ജനറൽ സിയാവുൽ ഹഖിന്റെ കൈയ്യൊപ്പോടെയുള്ള ഒരറിയിപ്പു കിട്ടുന്നു. ആ അറിയിപ്പാണ് ചെറിയ ഈ കാലവിളംബത്തിനു കാരണമായത്.

ഇതിനകം സിയയുടെ ഈ കൽപ്പനയുടെ കോപ്പികൾ പാകിസ്താനിലെ എല്ലാ എയർപോർട്ട്, കപ്പൽ, റോഡ് ട്രാൻസ്പോർട്ട് മാർഗ്ഗങ്ങളിൽ എത്തിക്കഴിഞ്ഞിരുന്നു.

കൽപന ഇതാണ്.

'അഹ്മദിയാ ജമാഅത്തിന്റെ മൂന്നാം ഖലീഫയാണെന്ന് പറയപ്പെടുന്ന മിർസാ നാസിർ അഹ്മദിന്ന് പാകിസ്താൻ വിട്ടുപോകുന്നതിനുള്ള അനുവാദമില്ല..... അങ്ങനെയൊരാൾ വിദേശ യാത്ര ചെയ്യാൻ മുതിർന്നാൽ ഉടൻ തടഞ്ഞുവെയ്ക്കുക.'

സിയയുടെ ഈ വിജ്ഞാപനം മൂലമുണ്ടായ ചിന്താകുഴപ്പം കൊണ്ടാണ് വിമാനയാത്രാ സമയം വൈകിയത്.

ഈ കൽപ്പന പുറപ്പെടുവിക്കുന്നതിനും രണ്ടുവർഷം മുമ്പുതന്നെ മിർസാ നാസിർ അഹ്മദ് സാഹിബ് വഫാത്തായ വിവരം ഒരുപക്ഷേ അധികാരികൾ അറിഞ്ഞിരിക്കില്ല. അല്ലെങ്കിൽ അല്ലാഹു അവരിൽ നിന്നും ആ വിവരം മറച്ചുവച്ചു. സർവേശ്വരന്റെ ഈ അത്ഭുതകരമായ പ്രവർത്തനത്തെ തുടർന്ന് സംജാതമായ സാഹചര്യത്തിലൂടെ ഹുസൂർ തിരുമനസ്സ് കയറിയ വിമാനം കറാച്ചി വിട്ടു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് റബ്വയിൽ നിന്നും ഇസ്ലാമാബാദിലേയ്ക്ക് യാത്ര തിരിച്ചുവെന്നും, വഴിയിൽ ഝലം എന്ന സ്ഥലത്തുള്ള Chip Board Factory-യിൽ തങ്ങിയെന്നുമാണല്ലോ ഇന്റലിജന്റ്സ് റിപ്പോർട്ട്. ആ സാഹചര്യത്തിൽ ഇപ്പോൾ കണ്ട വിജ്ഞാപനം വളരെ മുമ്പുള്ള (മിർസാ നാസിർ അഹ്മദ് രണ്ടു വർഷം മുമ്പു തന്നെ വഫാത്തായ വിവരം അറിയുന്നവർ കൺട്രോൾ റൂമിൽ ഉണ്ടായിരുന്നിരിക്കാം) ഏതോ അറിയിപ്പാവണമെന്നും, അത് കാലഹരണപ്പെട്ട ഒന്നാവാമെന്നും എയർപോർട്ട് അധികാരികൾ കരുതിയെങ്കിൽ തെറ്റില്ല. ഇപ്പോൾ യാത്ര ചെയ്യുന്നതാകട്ടെ കൽപ്പനയിൽ സൂചിപ്പിച്ച മിർസാ

നാസിർ അഹ്മദ് അല്ല, മിർസാ ത്വാഹിർ അഹ്മദ് ആണുതാനും.

റബ്ബിന്റെ അദൃശ്യകരങ്ങൾ ഈ ഹിജ്റത്തിനെ പിന്തുടരുകയായിരുന്നു. ഒരുപക്ഷേ, ഈ സന്ദേശം ടെലക്സിലൂടെ നൽകാൻ ടൈപ്പ് ചെയ്ത ഉദ്യോഗസ്ഥന്ന് വന്ന പിഴവാകാം ഇത്. ഏറ്റവും നിർണ്ണായകമായ ഇക്കാര്യത്തിലുള്ള പിഴവ് അയാൾക്കു വരുത്തിയത് അല്ലാഹുവല്ലെങ്കിൽ മറ്റാരാണ്.

രാവിലെ മൂന്നു മണിക്ക്, റബ്വയിലെ നമ്മുടെ വിദേശ വകുപ്പ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലണ്ടൻ ഇമാം മൗലാനാ അതാവുൽ മുജീബ് റാശിദിന്, 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് IV -ാമൻ രണ്ടുമണിക്കൂർ മുമ്പ് പാകിസ്താനിൽ നിന്നും ലണ്ടനിലേയ്ക്ക് പുറപ്പെട്ടിരിക്കുന്നു, വേണ്ട ഏർപ്പാടുകൾ ഉടൻ ചെയ്യുക എന്ന സന്ദേശം ലഭിച്ചു.

ഒരു ഞെട്ടലോടെയാണ് ലണ്ടൻ ഇമാം ഈ സന്ദേശം കേട്ടത്. എന്തു സംഭവിച്ചു, ഒരു മുന്നറിയിപ്പും ഇല്ലാതെ ഹുസൂർ പെട്ടെന്ന് ലണ്ടനിലേയ്ക്ക് വരികയോ എന്താണു കാരണം, എന്താണു സംഭവിച്ചത്?

ഒരു നിമിഷം അദ്ദേഹം പകച്ചുനിന്നുപോയി. സമനില വീണ്ടെടുത്തപ്പോൾ തെല്ലും സമയം പാഴാക്കാതെ അദ്ദേഹവും ഭാര്യയും ഹുസൂറിന്റെ താമസത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു. ലണ്ടനിലുള്ള എല്ലാ അഹ്മദി ഉദ്യോഗസ്ഥരെയും ഫോൺ ചെയ്തു വിവരം അറിയിച്ചു. പുലർച്ചയ്ക്കു നാലരമണിക്ക് പ്രത്യേക എക്സിക്യൂട്ടീവ് കമ്മിറ്റി വിളിച്ചുകൂട്ടി. എല്ലാ ഏർപ്പാടുകളും പൂർത്തിയാക്കി.

ഉടൻ അടുത്ത സന്ദേശമെത്തി. ഹുസൂർ ആംസ്റ്റർഡാം വിമാനത്താവളത്തിലെത്തി, ലണ്ടനിലേയ്ക്ക് യാത്ര തിരിച്ചിട്ടുണ്ട് എന്ന്.

പകൽ പന്ത്രണ്ടു മണിക്ക് അദ്ദേഹം ലണ്ടനിലെത്തിച്ചേർന്നു. ഒരു പരിശുദ്ധ ഹിജ്റത്തിന്റെ പരിസമാപ്തി. ഹുസൂർ എത്തിയപ്പോൾ മുന്നൂറിലധികം അഹ്മദീ സഹോദരന്മാർ അദ്ദേഹത്തെ വരവേൽക്കാൻ അപ്പോൾ അവിടെ സന്നിഹിതരായിരുന്നു.

സുദീർഘമായ ഒരു വിമാനയാത്ര കഴിഞ്ഞാണ് ഹുസൂർ എത്തിയിരിക്കുന്നത്. അദ്ദേഹത്തിൽ തളർച്ചയുടെ ഭാവങ്ങൾ ദൃശ്യമായിരുന്നു. എങ്കിലും ആ മുഖത്ത് അസാധാരണമായ തേജസും പ്രസരിപ്പുമുണ്ടായിരുന്നു. ഒരു ഉൽകണ്ഠയും മുഖത്തു കാട്ടാതെ, വളരെ ശാന്തഭാവത്തിൽ ആയിരുന്നു അപ്പോഴുമദ്ദേഹം.

ളുഹർ നമസ്കാരാനന്തരം തനിയ്ക്കു ചുറ്റും കൂടിയിരുന്നവരോട് അദ്ദേഹം സംസാരിക്കാൻ തുടങ്ങി. ഈ ശബ്ദം ഇടറിയിരുന്നു. അദ്ദേഹം പറഞ്ഞു.

"പ്രിയപ്പെട്ടവരേ, എന്റെ ശബ്ദം ഇടറിയിരിക്കുന്നു. അതുകൊണ്ട് ഉച്ചത്തിൽ സംസാരിക്കാനാവുന്നില്ല. റബ്വയിൽ സർക്കാർ നമ്മുടെ മസ്ജിദുകളിൽ ഉച്ചഭാഷിണിക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ എപ്പോഴും എനിക്കു ശബ്ദമുയർത്തി സംസാരിക്കേണ്ടി വന്നിരുന്നു. അതിനാൽ എത്ര ശ്രമിച്ചിട്ടും എന്റെ ശബ്ദം ഇപ്പോൾ വേണ്ടത്ര നിലയിൽ പുറത്തു വരുന്നില്ല..."

ഹുസൂർ ആംസ്റ്റർഡാമിൽ എത്തിയ ഉടൻതന്നെ റബ്വയിൽ ഒരു ടെലക്സ് സന്ദേശം എത്തി.

"താങ്കളുടെ വിലയേറിയ സാധനം ആംസ്റ്റർഡാമിൽ എത്തിയിരിക്കുന്നു. ഉടൻതന്നെ അത് ലണ്ടനിൽ എത്തിച്ചേരുന്നതുമാണ്."

ഈ സന്ദേശം റബ്വയിലെ അമീർസാഹിബിനു ലഭിച്ചപ്പോൾ ഹുസൂർ തിരുമനസ്സിന്റെ പ്രയാണത്തെക്കുറിച്ചുള്ള വാർത്ത, പാകിസ്താനിൽ മുഴുവൻ പരന്നു.

നിമിഷങ്ങൾക്കുള്ളിൽ വാർത്ത സിയാവുൽ ഹഖിന്റെ ചെവിയിലുമെത്തി. അദ്ദേഹം കോപം കൊണ്ടു ജ്വലിച്ചു. താൻ എന്താണീ കേൾക്കുന്നത്. താൻ തടഞ്ഞുവയ്ക്കാൻ ഓർഡർ നൽകിയ വ്യക്തി സുരക്ഷിതമായി രാജ്യം വിട്ടെന്നോ? എങ്ങനെ?

അയാൾ ആദ്യം ബന്ധപ്പെട്ടത് കറാചി എയർപോർട്ടിലെ എമിഗ്രേഷൻ വകുപ്പ് ഉദ്യോഗസ്ഥരെയാണ്. ശരിക്കു പറഞ്ഞാൽ അവർ നിസ്സഹായരായിരുന്നു. കൽപ്പനപ്രകാരം മിർസാനാസർ അഹ്മദിനെയാണ് തടഞ്ഞുവയ്ക്കേണ്ടിയിരുന്നത്. ഇപ്പോൾ യാത്ര പുറപ്പെട്ട മിർസാ ത്വാഹിർ അഹ്മദിനെയല്ല. സന്ദേശം തെറ്റിപ്പോയതിനു തങ്ങളെന്തു പിഴച്ചു?

സിയാ ഒന്നുകൊണ്ടും തൃപ്തനായില്ല. കോപാന്ധത പൂണ്ട അയാൾ എമിഗ്രേഷൻ ഉദ്യോഗസ്ഥരെ മുഴുവൻ പിരിച്ചുവിട്ടു.

ജനറൽ അടങ്ങിയില്ല. ഝംഗ് ജില്ലയിലെ (ഝംഗ് ജില്ലയിലാണ് നമ്മുടെ റബ്വ) ഏറ്റവും ഉയർന്ന പോലീസ് ഉദ്യോഗ്സ്ഥനെ വിളിച്ചുവരുത്തി.

സിയ ആക്രോശിച്ചു.

''മിർസാ ത്വാഹിർ അഹ്മദ് എവിടെ? ഉടനെ അദ്ദേഹത്തെ എന്റെ മുമ്പിൽ ഹാജരാക്കൂ...."

സിയയുടെ ഈ കൽപ്പനയും, രോഷപ്രകടനങ്ങളും അപ്പോൾ ആ ഓഫീസിലുണ്ടായിരുന്നവർ കേട്ടതാണ്.

പോലീസധികാരി ഭയന്നുവിറച്ചു വിനയത്തോടെ അറിയിച്ചു.

"ജനാബ്... എനിക്കീ വിഷയത്തെപ്പറ്റി ഒന്നുമറിയില്ല. ഇതെങ്ങനെ സംഭവിച്ചുവെന്നതു തികച്ചും ദുരൂഹമാണ്. അത്ഭുതകരമായ എന്തോ ഒന്ന് നടന്നതുപോലെ തോന്നുന്നു."

ഈ വിശദീകരണമൊന്നും ജനറലിനെ തൃപ്തിപ്പെടുത്തിയില്ല. പോലീസ് ഓഫീസറുടെ മറുപടി സിയയുടെ കോപം കുറേക്കൂടി വർദ്ധിപ്പിക്കുകയാണു ചെയ്തത്. ഒരു അട്ടഹാസത്തിന്റെ ധ്വനിയിൽ ജനറൽ, ആ പോലീസ് ഓഫീസറോടു തട്ടിക്കയറി.

"ഹേ മനുഷ്യാ, നിങ്ങളെന്താണീ പറയുന്നത്? നിങ്ങൾക്കു ഇതൊന്നും

അറിയില്ലെന്നോ? ഇതു സംഭവിച്ചിരിക്കുന്നതു നിങ്ങളുടെ അധികാരപരിധിയിലുള്ള ജില്ലയിലല്ലേ? അപ്പോൾ ഇതിന്റെ പൂർണ്ണ ഉത്തരവാദി നിങ്ങൾ തന്നെ. നിങ്ങളുടെ സാന്നിദ്ധ്യത്തിലാണ് അദ്ദേഹം മറഞ്ഞിരിക്കുന്നത്. എന്നിട്ട്, ദുരൂഹമെന്നോ അത്ഭുതം സംഭവിച്ചുവെന്ന മട്ടിലോ നിങ്ങൾ കൈയ്യൊഴിയുന്നു...."

സിയ തുടർന്നു.

"ഇതാ ഞാൻ അന്ത്യശാസനം നൽകുന്നു, മിർസാ താഹിർ അഹ്മദിനെ ഉടൻതന്നെ എന്റെ മുമ്പിൽ ഹാജരാക്കുക. ഇതിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഞാൻ തയ്യാറല്ല... അല്ലെങ്കിൽ നിങ്ങളെ ഞാൻ ഡിസ്മിസ്സ് ചെയ്യും, ജയിലിലിടക്കും..."

ഭയന്നുവിറച്ചുകൊണ്ട് ആ ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ സിയായുടെ മുമ്പിൽ മുഖം കുനിച്ചു നിന്നു.

അപ്പോഴും ജനറൽ ആ ഓഫീസറുടെ മേൽ അസഭ്യവർഷം തുടരുകയായിരുന്നു.

ലണ്ടനിലെ പാകിസ്താൻ എമ്പസിയിലെ സെക്യൂരിറ്റി തലവൻ ലണ്ടനിലുള്ള ഒരു മുൻ പാക് അമ്പാസിഡറോടു ടെലിഫോണിലൂടെ സ്വകാര്യമായി ചോദിച്ചു.

"മിർസാ ത്വാഹിർ അഹ്മദ് എവിടെയാണെന്ന് നിങ്ങൾക്കെങ്കിലും അറിയാമോ....?"

മുൻ അമ്പാസിഡർ കൈമലർത്തി, ഒരു മറുചോദ്യം ചോദിച്ചു.

"എനിക്കറിയില്ല, ഞാനെങ്ങനെ അറിയാനാണ് നിങ്ങളീ ചോദ്യം എന്നോടെന്തിനാണു ചോദിക്കുന്നത്...?"

സെക്യൂരിറ്റി ഉദ്യോഗസ്ഥൻ തുടർന്നു പറഞ്ഞു.

"മിർസാ ത്വാഹിർ അഹ്മദ് രഹസ്യമായി പാകിസ്താനിൽ നിന്ന് സ്വിറ്റ്സർലാണ്ടിലേയ്ക്ക് പോയിരിക്കുന്നുവെന്നാണ് ലണ്ടനിൽ നിന്നു തന്നെ വിവരം കിട്ടിയിരിക്കുന്നത്. എന്നാൽ സ്വിറ്റ്സർലന്റിൽ അന്വേഷിച്ചപ്പോൾ അദ്ദേഹം അവിടെ എത്തിയിട്ടില്ലെന്നറിവായി..."

സെക്യൂരിറ്റി ഓഫീസർ തന്റെ വാക്കുകൾ മുഴുമിപ്പിക്കും മുമ്പ് മുൻ അമ്പാസിഡർ ഇത്രകൂടി അറിയിച്ചു.

"നിങ്ങൾ ഇതിനായി മറ്റെങ്ങും തെരയണമെന്നില്ല. ഒരു സാധാരണ യാത്രക്കാരനെപോലെ അദ്ദേഹം പാകിസ്താനിൽ നിന്നും പുറപ്പെട്ട്, ഇപ്പോൾ ഇവിടെ ലണ്ടനിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. മിർസാ ത്വാഹിർ അഹ്മദ് ഇപ്പോൾ ലണ്ടനിൽ തന്നെയുണ്ട്...."

പിന്നീട് സെക്യൂരിറ്റി ഉദ്യോഗസ്ഥനും കൂടുതലൊന്നും ചോദിക്കാനുണ്ടായില്ല.

ലണ്ടനിലെത്തിയശേഷം ഹുസൂർ ഒരിക്കൽ ഇപ്രകാരം അരുൾ ചെയ്തു.

"നോക്കൂ... അല്ലാഹുവിന്റെ ഹിക്ക്മത്തുകൾ എത്രമാത്രം വിസ്മയജനകം.."

അതെ, നടന്നതൊക്കെ സർവശക്തനായ റബ്ബിന്റെ മഹത്തായ അത്ഭുത പ്രതിഭാസമാണ്. അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുമെന്ന ശങ്കയിൽ സന്ദേശം പുറപ്പെടുവിക്കപ്പെടുന്നതിനു കേവലം 12 മണിക്കൂറുകൾക്കു മുമ്പ് പാകിസ്താനിലെ പഞ്ചാബ് ഗവർണ്ണർ, ടെലിഫോണിലൂടെ ഇങ്ങിനെയൊരു കൽപ്പന പുറപ്പെടുവിച്ചിരുന്നു.

"മിർസാ ത്വാഹിർ അഹ്മദ് ലാഹോറിലെത്തിയാലുടൻ തന്നെ എന്റെ ഓഫീസിൽ ഹാജരാവണം."

ഈ കൽപ്പന ലഭിക്കുകയും അദ്ദേഹം പഞ്ചാബ് ഗവർണറുടെ ഓഫീസിൽ ഹാജരാവുകയും ചെയ്തിരുന്നുവെന്നു സങ്കൽപ്പിക്കുക, ആ നിമിഷം തന്നെ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുമായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഹുസൂർ തിരുമനസ്സിനെ അറസ്റ്റ് ചെയ്തു അതിലൂടെ അഹ്മദിയാ ജമാഅത്തിനെയും ഖിലാഫത്തിനെയും നശിപ്പിക്കാൻ കഴിയുമെന്ന് വൃഥാ ധരിച്ച്, ആ അഭിനവ ഫിർഔൻ തന്റെ വ്യാമോഹങ്ങളുടെ ലോകത്ത് കഴിയുകയായിരുന്നു. എന്നാൽ അയാൾക്കു സംഭവിച്ചതെന്തായിരുന്നു. എന്തു ദൈവികശിക്ഷയാണു അയാളെ തേടിവന്നതെന്നു നമുക്കു നോക്കാം.

സിയാവുൽ ഹഖ് എന്ന ദുഷ്ടനായ ആ ഭരണാധികാരി 1984-ലാണ് പാകിസ്ഥാനിൽ അഹ്മദികൾക്കെതിരായ ഒരുകിരാതനിയമം, ഒരു ഓർഡിനൻസ് പാസ്സാക്കിയത്. അതോടുകൂടി അഹ്മദികളുടെ എല്ലാവിധത്തിലുള്ള അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങളും ധ്വംസിക്കപ്പെടുകയായിരുന്നു. അല്ലാഹു ഏകനാണെന്നും മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ പ്രവാചകനാണെന്നും പറയുന്നതിൽ നിന്നു പോലും പാകിസ്താനിലെ കരിനിമയം അഹ്മദികളെ വിലക്കുന്നു. അഹ്മദികൾ ആർക്കും സലാം പറഞ്ഞുകൂടാ. ബാങ്കുകൊടുക്കുന്നതു പോലും ശിക്ഷാർഹമായ കുറ്റമായി ത്തീർന്നു. ഖുർആൻ പാരായണം ചെയ്യുന്നതും കലിമ ചൊല്ലുന്നതും വരെ കുറ്റമായി പ്രഖ്യാപിക്കപ്പെട്ടു. ലാ ഇലാഹാ... എന്ന ബാഡ്ജ് ധരിക്കുന്നതുപോലും ഭയങ്കര കുറ്റമായി. അഹ്മദികൾക്ക് അവരുടെ ആരാധനാലയത്തെ മസ്ജിദ് (പള്ളി) എന്നു പറയുവാൻ പാടില്ലെന്നു വന്നു. ഇത്തരം 'കുറ്റകൃത്യങ്ങൾ' അഹ്മദികൾ ചെയ്യുകയാണെങ്കിൽ അതുകൊണ്ട് 'യഥാർത്ഥ മുസ്‌ലിം' കളുടെ ഹൃദയം വ്രണപ്പെടുമെന്നു പാകിസ്താൻ ഭരണകൂടം കണ്ടെത്തി.അത്തരം കുറ്റം ചെയ്യുന്ന അഹ്മദികൾക്ക് പ്രസ്തുത ഓർഡിനൻസ് അനുസരിച്ച് മൂന്നുവർഷം കഠിനതടവുശിക്ഷയും പിഴയും വിധിക്കപ്പെട്ടു. ഈ ശിക്ഷാവിധികൾ യഥേഷ്ടം നടപ്പിലാക്കാൻ സിയാ ഭരണകൂടത്തിനും പോലീസിനും, കോടതികൾക്കും നിർദ്ദേശം നൽകി. ഇസ്‌ലാമിക രാഷ്ട്രമെന്നഭിമാനിക്കുന്ന ഒരു രാജ്യത്താണ്, കേവലമായ മനുഷ്യാവകാശങ്ങൾ പോലും നിഷേധിക്കുന്ന ഈ നടപടികൾ കൈക്കൊണ്ടതെന്നോർക്കണം.

ലാഹോറിൽ നിന്നും പുറപ്പെടുന്ന 'ജംഗ്' പത്രം എഴുതി

"സ്റ്റേറ്റ് ഗവൺമെന്റ് എല്ലാ ജില്ലാ മജിസ്ട്രേറ്റുമാർ മുഖേനയും മേലുദ്യോഗസ്ഥന്മാർക്ക് ഇപ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. അഹ്മദികൾ എവിടെയെങ്കിലും പരിശുദ്ധ കലിമ എഴുതുകയാണെങ്കിൽ, അല്ലെങ്കിൽ അതുപയോഗിക്കുകയാണെങ്കിൽ അവർക്കെതിരായി ഈ ഓർഡിനൻസ് പ്രകാരം ഉടനെ കേസ്സെടുക്കേണ്ടതാണ് (ജംഗ്/ലാഹോർ 22-2-1988)

ഇപ്രകാരം 80 അഹ് മദിയാ മസ്ജിദുകളിൽ നിന്നും പരിശുദ്ധ കലിമയുടെ ലിഖിതം മായ്ച്ചുകളഞ്ഞു. ഏതെങ്കിലും പോലീസ്കാരനോ മിലിട്ടറി ശിപായിയോ അഹ്മദിയ്യാ പള്ളികളിലെ കലിമ തുടച്ചുനീക്കാൻ തയ്യാറായില്ലെങ്കിൽ, മുനിസിപ്പൽ തൂപ്പുകാരെക്കൊണ്ട് അതു മായ്ച്ചുകളഞ്ഞു ഇസ്ലാം മത സേവനം ചെയ്യാൻ നിർദ്ദേശമുണ്ടായി. ഇതാണോ ഒരു ഭരണകൂടത്തിന്റെ ഇസ്ലാമിക സേവനം

അങ്ങനെ സിയാ ഗവൺമെന്റ് നടപ്പാക്കിയ കിരാതമായ മർദ്ദനമുറകൾ അഹ്മദികൾക്ക് അസഹനീയമായപ്പോൾ ഹദ്റത്ത് ഖലീഫത്ത് മസീഹ് IV, സിയാവുൽ ഹഖിനെയും മുകഫ്ഫിരീങ്ങളും (അഹ്മദികളെ കാഫിറാക്കുന്നവർ) മുകദ്ദീബിങ്ങളും (അഹ്മദികളെ വ്യാജരാണെന്നു പറയുന്നവർ) ആയ ആലിംകളെയും മുല്ലമാരെയും 1988 ജൂൺ 10-ന് മുബാഹലക്കു ക്ഷണിച്ചു. എന്നാൽ പല തടസ്സങ്ങളും ഉന്നയിച്ചു അവർ മുബാഹക്ക് തയ്യാറായില്ല. അവസാനം 1988 ആഗസസ്റ്റ് 12-നും ഹുസൂർ നടത്തിയ ഖുത്തുബെയിൽ ഇപ്രകാരം പ്രസ്താവിച്ചു.

"ഈ മനുഷ്യൻ (ജനറൽ സിയ) അല്ലാഹുവിന്റെ പിടിയിൽ നിന്നും ശിക്ഷയിൽ നിന്നും രക്ഷപെടാൻ പോകുന്നില്ല. ഇയാൾക്കു ലഭിക്കുവാൻ പോകുന്ന ദൈവികശിക്ഷയിൽ നിന്നും ലോകത്തുള്ള ഒരു ശക്തിക്കും ഈ മനുഷ്യനെ രക്ഷപ്പെടുത്താനാവുന്നതുമല്ല. ഇയാളുടെ നാമവും അടയാളവും വിസ്മൃതമായിപ്പോകുന്നതാണ്. ജമാഅത്തിനു ഒരു യജമാനനുണ്ട്. ആ യജമാനൻ ആകാശദൂതന്മാരുടെ യജമാനനായിരുന്നു. ആ യജമാനൻ ഞങ്ങളെ സഹായിക്കാനെത്തുമ്പോൾ നിങ്ങളെ സഹായിക്കാൻ ഈ ലോകത്തുള്ള ആരെക്കൊണ്ടും സാധിക്കുന്നതല്ല എന്ന് സർവശക്തനായ അല്ലാഹുവിന്റെ പേരിൽ ഞാൻ ആണയിട്ടു പറയുന്നു. അല്ലാഹുവന്റെ തഖ്ദീർ നിങ്ങളെ ധൂളീകരിച്ചു കളയുന്നതാണ്. അപ്പോൾ നിങ്ങളുടെ നാമവും അടയാളവും അവശേഷിക്കുന്നതല്ല. നിങ്ങളെ ലോകം എപ്പോഴും അപമാനത്തോടും അവഹേളനത്തോടുംകൂടി മാത്രമായിരിക്കും ഓർമ്മിക്കുക....."

ഈ പ്രഖ്യാപനത്തിനുശേഷം കേവലം 5 ദിവസങ്ങൾക്കുള്ളിൽ അതായത് 17-8-1988-ൽ ഈ പ്രവചനം പൂർത്തിയായതായി ലോകത്തിനു കാണാൻ കഴിഞ്ഞു. ആഗസ്റ്റ് 17-നു സിയാവുൽ ഹഖ്, തന്റെ 28 സൈനിക ജനറൽമാരോടുകൂടി ആകാശക്കോട്ടയെന്നും, ഒരിക്കലും പിഴവോ അപകടമോ വരില്ലെന്നും അഭിമാനപൂർവ്വം അവകാശപ്പെട്ടിരുന്ന ഒരു കൂറ്റൻ അമേരിക്കൻ സൈനിക വിമാനത്തിൽ (ഈ വിമാനത്തിനു അസാധാരണമായി 4 എഞ്ചിനുകളാണുള്ളത്. ഏതെങ്കിലും ഒരു എഞ്ചിന് യാദൃച്ഛികമായി കേടു സംഭവിച്ചാൽ ആകാശത്തു വച്ചുതന്നെ രണ്ടാമത്തെ എഞ്ചിൽ പ്രവർത്തിപ്പിച്ചു രക്ഷപെടാം. അങ്ങനെ മൂന്നു എഞ്ചിനുകൾക്ക് തകരാറു സംഭവിച്ചാൽ പോലും നാലാമത്തേത് പ്രവർത്തിപ്പിക്കാം). സഞ്ചരിക്കവേ, നിമിഷങ്ങൾക്കകം തന്നെ ആകാശത്തുവച്ചു പൊട്ടിത്തകർന്നു ഭസ്മമായിത്തീർന്നു. അങ്ങനെ സിയാവുൽ ഹഖിന്റെ ജഡം മറ്റു ജനറൽമാരുടെ ശരീരങ്ങളോടൊപ്പം ആകാശം പോലും സ്വീകരിച്ചില്ല. ഭൂമിയും ഏറ്റെടുത്തില്ല. കുറേ ചാരം മാത്രം അന്തരീക്ഷത്തിൽ പാറി നടന്നു. ഖബറടക്കം നടത്താൻ സിയയുടേതായി അവശേഷിച്ചത് അയാളുടെ ഒരു കൃത്രിമപ്പല്ലായിരുന്നു. അതാകട്ടെ അയാളുടെ സ്വന്തമോ, ശരീരത്തിന്റെ ഭാഗമോ ആയിരുന്നില്ല, വിലക്കു വാങ്ങി വച്ചതായിരുന്നു. അയാളുടെ ശരീരത്തിന്റെ മറ്റേതെങ്കിലും ഒരവയവം പോലും ഭൂമിയിൽ സംസ്കരിക്കാൻ ബാക്കിയുണ്ടായില്ല.

ഈ സംഭവം അഹ്മദിയ്യാ ഖിലാഫത്തിനു പിന്നിൽ മഹത്തായ,സുശക്തമായ ഒരു ദൈവികഹസ്തം പ്രവർത്തിക്കുന്നുവെന്നതിനുള്ള സജീവ ദൃഷ്ടാന്തമാണ്.

ഇൻഡ്യയിലെ സുപ്രസിദ്ധ കോളമിസ്റ്റ് ശ്രീ. യമുനാ ദാസ് പഞ്ചാബിൽ നിന്നു പുറപ്പെടുന്ന 'ഹിന്ദുസ്ഥാൻ സമാചാറിൽ' ഇപ്രകാരം എഴുതി.

"ലോകത്ത് ഏറ്റവും ശക്തവും സുരകഷിതവുമെന്നു കരുതപ്പെട്ടിരുന്ന അമേരിക്കൻ വിമാനമാണ് ആകാശത്തുവച്ചു അപകടത്തിൽ പെട്ട് പൂർണ്ണമായും നശിച്ചുപോയത്. ഇതുപോലൊരു വിമാനത്തിനു ഇതിനു മുമ്പൊരിക്കലും ഇത്തരത്തിലുളള അപകടം ഉണ്ടായിട്ടുമില്ല. നാലു എഞ്ചിനുകൾ ഘടിപ്പിച്ചിട്ടുള്ള ഏറ്റവും സുരക്ഷിതമെന്നു അവകാശപ്പെട്ടിരുന്ന ഈ വിമാനം നാലു മിനിറ്റിനുള്ളിൽ പൊട്ടിത്തെറിച്ച് അഗ്നിഗോളമായി പരിണമിച്ചത് ഒരത്ഭുതം തന്നെയാണ്. വിമാനത്തിലുള്ളവർ മുഴുവൻ കത്തിച്ചാമ്പലായിത്തീർന്നതിനാൽ ആരെയും തിരിച്ചറിയാൻ കഴിഞ്ഞിട്ടുമില്ല. (ഹിന്ദുസ്ഥാൻ സമാചാർ 8-9-88).

സിയാവുൽ ഹഖ് അഹ്മദികളുടെ കഴുത്തു ഞെരുക്കി, അവർ ഒരു പ്രചാരണവും നടത്താൻ പാടില്ല. എന്ന് നിയമം പാസ്സാക്കി. എന്നാൽ MTA (Muslim Television Ahmadiyya) ഇതിനുള്ള മധുരോദാത്തമായ ദൈവിക പ്രതികരണമാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ പ്രദർശനമല്ലാതെ മറ്റെന്താണ്? വായ നിശബ്ദമാക്കപ്പെട്ടപ്പോൾ, ആയിരം നാവുകൾ നൽകപ്പെടുന്ന അവസ്ഥ.

പാകിസ്താനിൽ അഹ്മദികളുടെ നിരവധി പള്ളികൾ സിയായുടെ കാലത്ത് ബുൾഡോസർ ഉപയോഗിച്ച് നശിപ്പിക്കപ്പെട്ടു. ഇതിനുള്ള മാധുര്യ

മേറിയ പ്രതികരണത്തിലൂടെ ലോക ത്ത് വളരെയധികം പള്ളികൾ ഉണ്ടാ വട്ടെ എന്ന് ഹുസൂർ നിർദ്ദേശിച്ചു. ഇന്ന് പ്രസ്തുത ഓർഡിനൻസിനു ശേഷം 21 വർഷങ്ങൾ പിന്നിടുമ്പോൾ 13368 പള്ളികൾ അഹ്മദികൾക്കുണ്ടാ യി. ഇവയിൽ 11065 എണ്ണമാവട്ടെ, അവയുടെ ഇമാമുമാരോടുകൂടി അഹ്മദികൾക്കു സൗജന്യമായി ലഭി ച്ചതുമാണ്.

സിയ ഭസ്മമായിത്തീർന്ന വിമാന അപകടത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ പാക് അമേരിക്കൻ ഗവൺമെന്റുകൾ സംയുക്തമായും പ്രത്യേകം പ്രത്യേകമായും ഉയർന്ന സാങ്കേതിക വിദഗ്ധരെ നിയോഗിച്ചു അന്വേഷണം നടത്തുകയുണ്ടായി. ഇന്നോളം അവർക്കാർക്കും അപകട കാരണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇന്നും, അതൊരു പ്രഹേളികയായി ത്തന്നെ തുടരുന്നു. ●

---

*(27 -ാം പേജിൽ നിന്ന് തുടർച്ച)*

സാനം അല്ലാഹുവിന്റെ തീരുമാനമനുസരിച്ച് കൃത്യം പതി നൊന്നാം ദിവസം അല്ലാബക്ശ് ആശുപത്രിയിൽ അന്ത്യ ശ്വാസം വലിച്ചു. പാവം ആ ദേശാധികാരിക്ക് സ്വന്തം നാട്ടിലെ ഖബ്റിൽ കിടക്കുവാനുള്ള സൗകര്യം പോലും അല്ലാഹു നൽകിയില്ല. ഇന്നാലില്ലാഹിവഇന്നാഇലൈഹി റാജിഊൻ

ഫഅ്തബിറൂയാ ഉലിൽഅബ്സ്സാർ

(ഹയാത്തെഖുദ്സി, പേ. 23, 24 വാല്യം 1)

ഹ: ഗുലാം റസൂൽ രാജെകി (റ)

---

*(25 -ാം പേജിൽ നിന്ന് തുടർച്ച)*

രുന്ന പ്രാചീന കേരളത്തിലേക്ക് ആര്യൻ പ്രതിനിധികളായ നമ്പൂ തിരിമാരുടെ അധിനിവേശ ശേഷ മാണ് അയിത്താചരണത്തിലൂടെ ഈ ഹീന വ്യവസ്ഥ ഇവിടെ അരക്കിട്ടുറ പ്പിച്ചത്. സ്വാമി വിവേകാനന്ദൻ ഭ്രാന്താലായം എന്ന് വിശേഷിപ്പിച്ച നമ്മുടെ കേരളമായിരുന്നു ഇന്ത്യ യിലെ ജാതി വ്യവസ്ഥയുടെ ഏറ്റവും ഭീകരമായ രംഗവേദി. മനുസ്മൃതി യിലെ ജാതി നാലാണെങ്കിൽ കേരള ത്തിൽ അത് അറുപത്തിനാലാണ്. ആകെയുള്ള 64 ജാതികളിൽ 54 ഉം നമ്പൂതിരിമാർക്ക് തീണ്ടുകുളി ആവ ശ്യമായ അയിത്ത വിഭാഗക്കാരാണ്. ഉന്നത ജാതിക്കാരിൽ നിന്നും തീണ്ടാ പാടകലം സൂക്ഷിക്കേണ്ട കീഴ് ജാതി കൾ തമ്മിലും അയിത്തം കർശന മായി പാലിച്ചു. വിഭജനമിങ്ങനെയാ യിരുന്നു. നമ്പൂതിരിയില്ലങ്ങളിലും കോവിലകങ്ങളിലും ക്ഷേത്രങ്ങളിലും ഭൃത്യജോലിയും സായുധ സേവനവു മായിരുന്നു നായന്മാർക്കു വിധിച്ചത്. ഈഴവരിൽ വലിയൊരു വിഭാഗവും നായർ തറവാടുകളിലെ ഊഴിയം അടിമകളായിരുന്നു. തെങ്ങിന്റെ കൃ ഷി പരിചരണവും, കയറ്റവും അത് സംബന്ധമായ ജോലികളുമായിരുന്നു അവർക്ക് വിധിച്ചത്. അധഃകൃത വർഗ്ഗക്കാർക്ക് കൃഷിപ്പണിയായിരുന്നു കുലത്തൊഴിൽ. ഇവർ ചണ്ഡാളരും അടിമകളുമായിരുന്നു. അബദ്ധ ത്തിൽ ഒരു അടിമ ഉന്നത കുലജാത യായ സ്ത്രീയെ സ്പർശിച്ചാൽ കൊ ലശിക്ഷ വരെ നൽകാൻ നിയമമുണ്ടാ യിരുന്നു. ധാർമ്മികതയുടെയും മനു ഷ്യത്വത്തിന്റേയും ഉന്നതമായ അദ്ധ്യാ പനങ്ങൾ നൽകിയ മഹത്തായ ഹിന്ദു മതത്തിലെ ധീരന്മാരായ മനുഷ്യ സ്നേഹികൾ തന്നെ ഹിന്ദുമതത്തെ ഗ്രസിച്ച ഈ ജാതി പിശാചിനെതിരെ പോരാടി. കേരളത്തിലെ ഹിന്ദു പൊതുസമൂഹത്തിൽ ജാതി വ്യവസ്ഥ യുടെ ഭാഗമായി നിലനിന്നിരുന്ന അയിത്തവും അസ്പൃശ്യതയും ഏറെ ക്കുറേ ഇല്ലാതായി. പക്ഷേ വൈവാ ഹിക ബന്ധങ്ങളിലും മതരംഗത്തും ജാതീയത അഭംഗുരം തുടരുന്നു.

## ഉപസംഹാരം

കാരുണ്യവാനായ ദൈവം സൃഷ്ടിച്ച മനുഷ്യരിൽ വംശീയത യും, വിഭാഗീയതയുമില്ല. ഖുർആൻ പറഞ്ഞതുപോലെ വൈവിധ്യങ്ങൾ പരസ്പരം അറിയാനും വർണ്ണശബ ളിമ കൂട്ടാനും ജ്ഞാനം ഉല്പാദിപ്പി ക്കാനും വേണ്ടി മാത്രമാണ്. ഒരു വിശ്വമാനവ സംസ്കൃതി രൂപപ്പെടാ നാവശ്യമായ ദൈവിക അദ്ധ്യാപന ങ്ങൾ ഹിന്ദു, ക്രിസ്ത്യൻ, ജൂത, ബുദ്ധ, ഇസ്ലാം തുടങ്ങി എല്ലാ മത ങ്ങളും ഉൾക്കൊള്ളുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവു മില്ല. ആ വിശുദ്ധ പാഠങ്ങൾ മറച്ചു വെച്ചും മറികടന്നും അന്യഥാവ്യാഖ്യാ നിച്ചും കൂട്ടിച്ചേർത്തും മനുഷ്യനാണ് വംശീയതയും വിഭാഗീയതയും വർഗ്ഗീയതയും സൃഷ്ടിക്കുന്നത്. ഏതായാലും അനന്തമായ മനുഷ്യ വൈവിധ്യങ്ങളെ രമ്യമനോഹരമായി കോർത്തിണക്കാനുള്ള സ്വർണ്ണ നൂൽ സമ്മാനിച്ച മതമാണ് ഇസ്ലാം വിശ ുദ്ധ ഖുർആൻ ഈ സന്ദേശത്തെ ശക്തമായ വചനങ്ങളിലൂടെ അരക്കി ട്ടുറപ്പിക്കുന്നു.

വാഗ്ദത്ത് മസീഹ് ഹദ്റത്ത് അഹ് മദ് (അ)ന്റെ വാക്കുകളിൽ ഈ ലേഖനം ഉപസംഹരിക്കട്ടെ. 'അല്ലാ ഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ, ശാശ്വതമായ ദൈ വിക ദാസ്യത്തിനുവേണ്ടി സൃഷ്ടിക്ക പ്പെട്ട മനുഷ്യസമുദായത്തിന്നും ഏക ത്വം തന്നെയാണ് അവൻ വിധിച്ചിരി ക്കുന്നത്. വംശവർദ്ധനവ് കാരണം മനുഷ്യസമുദായത്തിൽ രൂപപ്പെട്ടി ട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണമായ മനുഷൈക്യത്തിന്നുവേ ണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യസമുദായത്തിൽ ഏക തയുടെ വിഭിന്നശാഖകകൾ സ്ഥാപി ച്ചുകൊണ്ട് പിന്നീട് പൂർണമായ ഐ ക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാ നാണ് ദൈവം ഇച്ഛിക്കുന്നത്. ആക യാൽ ദൈവം സമുദായങ്ങങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തു കയും ഓരോ സമുദായത്തിലും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവി ക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം.' (ചശ്മെ മഅ്രിഫ പേ. 137). ●

# ആണവയുദ്ധാനന്തരം മനുഷ്യസമൂഹത്തിന്റെ ഭാവിയെന്ത്?

എ.പി. കുഞ്ഞാമു

**ആധുനിക പാശ്ചാത്യലോകം ഭൗതികോന്മുഖമായ ജീവിതം തുടരുകയാണെങ്കിൽ ആഗോളയുദ്ധത്തിൽ ഈ നാഗരികതയെല്ലാം ഒരുനാൾ ഭസ്മീകരിക്കപ്പെടും. ആ ചാരത്തിൽ നിന്നും ഫിനീക്സ് പക്ഷിയെ പോലെ നീതിപൂർണ്ണമായ ഒരു നവ ലോകക്രമം ഉയർന്നുവരിക തന്നെ ചെയ്യും.**

സൂറ:കഹ്ഫിന്റെ അവസാനഭാഗത്താണ് നാമിപ്പോൾ എത്തിനിൽക്കുന്നത്. ഒന്നാലോചിച്ചു നോക്കുക തത്ത്വജ്ഞാനനിർഭരവും യുക്തിപൂർണ്ണവുമായ ഖുർആനെക്കുറിച്ച് സൂറ:കഹ്ഫിലെ കഥകളെ മുൻനിർത്തി ഓറിയന്റലിസ്റ്റുകൾ നടത്തിയ പരാമർശം മുമ്പു നാം കണ്ടു. വേതാളകഥകൾ പോലെ വിചിത്രവും അർത്ഥശൂന്യവുമാണ് ഈ കഥകൾ എന്നായിരുന്നു അവരുടെ വിലയിരുത്തൽ. ഖുർആന് വ്യാഖ്യാനമെഴുതിയ മുഫസ്സീരിങ്ങൾക്കും മനുഷ്യധിഷണയുടെ ദാഹങ്ങളെ ശമിപ്പിക്കുന്ന വിധം ഈ ഖുർആൻ വിവരണങ്ങളുടെ ആന്തരയുക്തി പറ ഞ്ഞു തരാനായില്ല. വളരെ ഗഹനമായ പ്രതീകങ്ങളും ഉപമകളും, അലങ്കാരങ്ങളുമുപയോഗിച്ച് മനുഷ്യസമൂഹത്തിന്റെ അവസ്ഥാപരിണാമങ്ങളെക്കുറിച്ചും വ്യതിയാനങ്ങളെക്കുറിച്ചുമാണ് നമുക്ക് ഖുർആൻ ഈ അദ്ധ്യായത്തിലൂടെ പറഞ്ഞു തരുന്നത്. നബിയോളം ഉയരാനും അങ്ങേയറ്റം ചെകുത്താനുമാകാൻ കഴിയുന്ന മനുഷ്യന്റെ അവസ്ഥാഭേദങ്ങളുടെ വിവരണങ്ങളാണ് അത് ഉൾക്കൊള്ളുന്നത്. അല്ലാഹുവിന്റെ ഏകത്വം സംരക്ഷിക്കാൻ നൂറ്റാണ്ടുകളോളം യാതനകളും വേദകളും സഹിച്ച് ത്യാഗപൂർണമായ ഭക്തജീവിതം നയിച്ച ആദിമ ക്രിസ്ത്യാനികളുടെ ഉജ്വലചരിത്രം വിവരിക്കുന്ന ഖുർആൻ ആ സമൂഹത്തിന്റെ പതനത്തിന്റെ കഥയും വിവരിക്കുന്നു.

സാത്വിക ജീവിതത്തിന്റെ അറ്റം കണ്ട ആ പ്രാക്തന ക്രൈസ്തവ സമൂഹത്തോടു അല്ലാഹു സംഭാഷണങ്ങളും സാന്ത്വനവചനവും നൽകി അനുഗ്രഹിച്ചു. അതേ ജനത തന്നെ ഭൗതിക പ്രതാപങ്ങളുമായി സംഗമിച്ചപ്പോൾ ദജ്ജാലായി മാറുകയായിരുന്നു. യഅ്ജൂജ് മഅ്ജൂജ് എന്ന ശാക്തിക ചേരികളിൽ നിലയുറപ്പിച്ച പാശ്ചാത്യ ക്രൈസ്തവ സമൂഹത്തി ന്റെ ഗതിപരിണാമങ്ങളാണ് പിന്നീട് ഖുർആൻ പറയുന്നത്. ഐഹിക നേട്ടങ്ങളുടേയും ആസ്വാദനങ്ങളുടേയും പരകോടിയിൽ ദൈവത്തിന് അഹിതകരമായതെല്ലാം അവർ ചെയ്തു കൂട്ടി ഐഹിക ജീവിതം ശാശ്വതമാക്കാനും ലോകം കീഴടക്കാനും വേണ്ടി അവർ നിർമ്മിച്ച ആയുധക്കൂമ്പാരങ്ങളിൽ സ്വയം ആഹൂതി ചെയ്യപ്പെടാൻ വിധിക്കപ്പെട്ട ഒരു സമൂഹമായി അവർ നമ്മുടെ കാലത്ത് ഭൗതികപ്രതാപത്തിൽ ജീവിക്കുന്നു. അങ്ങനെ ഒരു ജനതയുടെ ഗതിവ്യതിയാനങ്ങളുടെ കഥ പറ യുന്ന വളരെ ഗഹനമായ അർത്ഥങ്ങൾ ഉൾക്കൊള്ളന്ന ഒരു അദ്ധ്യായമാണ് വാസ്തവത്തിൽ സൂറ:കഹ്ഫ്.

ഇന്നത്തെ ഭൗതികോന്മുഖമായ പാശ്ചാത്യ സമൂഹത്തെ തന്നെയാണ് ഖുർആൻ ഇവിടെ വരച്ചുകാണിക്കുന്നത്. അവരുടെ ദൈവേതരമായ ഭൗതിക സംസ്കാരവും പുരോഗതിയുമെല്ലാം അവർ തന്നെ നിർമ്മിച്ച ആയുധങ്ങളുടെ കഠിനതയിൽ യുദ്ധം മുഖേന നശിച്ചൊടുങ്ങുമെന്ന് ഖുർആനിക പ്രവചനങ്ങൾ സൂചന നൽകുന്നു. ആ ചാരത്തിൽ നിന്ന് ചരിത്രത്തിന്റെ പുനരാവർത്തനമെന്നോണം ഫി

നീക്സ് പക്ഷിയെപ്പോലെ പിന്നെയും അതിമഹത്തായ ഒരു നവലോകക്രമം ഉദയം ചെയ്യുമെന്ന ശുഭസൂചനയും ഖുർആൻ നൽകുന്നു. ഒരു ആണവ യുദ്ധത്തിനുശേഷം ലോകത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്ന് ഊഹാതീതമാണ്. ഹിരോമിഷയിലും നാഗസാക്കിയിലും വർഷിച്ച അണുബോംബുകളുടെ കെടുതി ഇപ്പോഴും അവസാനിച്ചിട്ടില്ല. ഇന്ന് രണ്ട് ശാക്തികചേരികളുടെ രൂപരേഖ ലോകരാഷ്ട്രങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും ദൃശ്യമാണ്. ഈ ശാക്തികചേരികളുടെ കൈയ്യിലുള്ള ആണവായുധങ്ങൾക്ക് മൂന്നിലധികം തവണ ലോകം മുഴുവൻ നശിപ്പിക്കാനുള്ള ശേഷിയുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ മൂന്നാം ഖലീഫ ഒരു മൂന്നാം ലോക മഹായുദ്ധത്തിന്റെ ഭീകര രംഗം മുൻകൂട്ടി ദർശിച്ചുകൊണ്ട് പറഞ്ഞ വാചകങ്ങൾ സ്മരണീയമാണ്. യുദ്ധാനന്തരം ഇന്ധനക്ഷാമമുണ്ടായാലുള്ള അവസ്ഥ തരണം ചെയ്യാൻ അഹ്മദീയുവാക്കളും യുവതികളും സൈക്കിൾ സവാരിയും കുതിരസവാരിയും പഠിക്കാൻ അദ്ദേഹം ഓർമ്മിപ്പിക്കുകയുണ്ടായി. 'മൂന്നാം ലോകയുദ്ധം കഴിഞ്ഞ് നാലാം ലോക മഹായുദ്ധത്തിലെ ആയുധങ്ങൾ കല്ലും കവണയുമായിരിക്കുമെന്ന് എനിക്ക് പറയാൻ കഴിയും' എന്ന് ഒരിക്കൽ ആൾബർട്ട് ഐൻസ്റ്റീൻ പറയുകയുണ്ടായി. ആണവയുദ്ധം ആ സമയത്തെ നാശം മാത്രമല്ല ഉണ്ടാക്കുക, പതിറ്റാണ്ടുകളോളം റേഡിയേഷൻ ഉല്പാദിപ്പിക്കാൻ ബോംബിന്റെ അവശിഷ്ടങ്ങൾക്ക് സാധ്യമാവും. അതുമൂലമുണ്ടാകുന്ന ജനിതകരോഗങ്ങൾ മനുഷ്യരാശി അഭിമുഖീകരിക്കുന്ന ഏറ്റവും മാരകമായ വിപത്തുമായിരിക്കും. മനുഷ്യർ മാത്രമല്ല ജീവജാലങ്ങളും, സസ്യലോകവും ഈ നാശത്തിൽ നിന്നും വിമുക്തമാവില്ല.

ഈ സാർവ്വത്രികനാശം മനുഷ്യന്റെ ദൈവത്തെ ഉപേക്ഷിച്ചുകൊണ്ടുള്ള ഭൗതികാർത്ഥിയുടെ അനിവാര്യഫലമാണ്. മനുഷ്യൻ ഇതിൽ നിന്നും പിൻമാറിയാൽ ഈ വിപത്ത് ഒഴിഞ്ഞുപോകും. പക്ഷേ അതിൽ മുന്നേറുമ്പോൾ നിശ്ചയമായും സർവ്വനാശമായിരിക്കും ഫലം. ഈ നാശത്തിന് ശേഷം എല്ലാ വിശ്വാസത്തേയും ഉദ്ഗ്രഥിച്ചും സമന്വയിപ്പിച്ചുംകൊണ്ട് ഇസ്‌ലാം പുനരുജ്ജീവിപ്പിക്കപ്പെടുന്നതാണ്. ലോ കത്ത് സമാധാനത്തിന്റെ ഒരു ലോകക്രമം സംജാതമാകും എന്ന സുവിശേഷം മാനവരാശിക്ക് നൽകിക്കൊണ്ടാണ് സൂറ:കഹ്ഫ് അവസാനിക്കുന്നത്. ഖുർആൻ പറയുന്നു: 'പറയുക തങ്ങളുടെ കർമ്മങ്ങൾ ഏറ്റവുമധികം നഷ്ടപ്പെട്ടവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞ് തരട്ടയോ' ഐഹീക ജീവിതത്തിൽ തങ്ങളുടെ ശ്രമങ്ങൾ പാഴായി പോയവരത്രെ അവർ. ഏറ്റവും നല്ല നിലയിൽ തങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അവർ ധരിക്കുകയും ചെയ്യുന്നു. അവരത്രെ തങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളേയും അവനുമായി കണ്ടുമുട്ടുന്നതിനേയും നിഷേധിച്ചവർ. അതിനാൽ അവരുടെ കർമ്മങ്ങൾ നിഷ്ഫലമായിപ്പോയി. അതുകൊണ്ടു പുനരുത്ഥാന നാളിൽ നാം അവർക്ക് (സൽകർമ്മത്തിന്) ഒരു വിലയും കല്പിക്കുകയില്ല. അവർ അവിശ്വസിക്കുകയും എന്റെ ദൃഷ്ടാന്തങ്ങളേയും എന്റെ ദൂതന്മാരെയും പരിഹാസപാത്രമാക്കുകയും ചെയ്തതിന് അവർക്ക് പ്രതിഫലമായിട്ടുള്ളതാണ്) നരകം. (18:104 – 107).

ദജ്ജാലിന്റെ മുഖമുളള യഅ്ജൂജ് മഅ്ജൂജ് (ഗോഗ് മാഗോഗ്) അവരെ സംബന്ധിച്ചാണ് മേൽ ആയത്തുകൾ വിവരിക്കുന്നത്. അവരുടെ അവശിഷ്ടം പോലും ശേഷിക്കാത്ത വിധം ഈ ഭൂമുഖത്ത് നിന്നും അവർ അപ്രത്യക്ഷമാകും. ഈ കാലത്ത് അവതീർണ്ണരായ വാഗ്ദത്ത മഹ്ദീമസീഹിന്റെ താക്കീതുകളെ അവർ നിസ്സാരമാക്കുകയും അഗണ്യകോടിയിൽ തള്ളിയതിന്റെയും ബാക്കിപത്രമാണിത്. സൂറ: അൽകഹ്ഫ് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിച്ചു ജീവിക്കുകയും ചെയ്തവരെ പറ്റി ഓർമ്മിച്ചുകൊണ്ടു ഉപസംഹരിക്കുന്നു. നോക്കുക.

"തീർച്ചയായും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്തവരാരോ, അവർക്ക് സ്വർഗ്ഗത്തിലെ ഉദ്യാനങ്ങൾ താമസസ്ഥലമായി ലഭിക്കുന്നതാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. അതിൽ നിന്ന് ഒരു വിധത്തിലും വേർപെടാൻ അവർ ആഗ്രഹിക്കുകയില്ല. (18:108, 109).

ക്രിസ്തീയ രാഷ്ട്രങ്ങളുടെ ഈ പതനത്തിൽ നിന്നും മുസ്‌ലിം ലോകത്തിന്റെ പുരോഗമനത്തിനുള്ള വഴികൾ തുറന്നുകിട്ടുന്നതാണ്. ഈ കൃസ്തീയരാഷ്ട്രങ്ങളുടെ നാശാവശിഷ്ടങ്ങളിൽ നിന്നും മുസ്‌ലിം ലോകം അവർക്ക് നഷ്ടമായ പ്രതാപവും യശസ്സും വീണ്ടെടുക്കും. ഒരു പുതിയ ലോകക്രമത്തിന്നുള്ള അടിത്തറ പാകികൊണ്ടു ഇസ്‌ലാമികലോകം വിജയശ്രീലാളിതമായി ഭവിക്കും. മുസ്‌ലിംകൾക്ക് വിനഷ്ടമായ പലസ്തീൻ അവർ സ്വന്തമാക്കും. അങ്ങിനെ വിശ്വാസികൾ ചെയ്ത എല്ലാവിധ ത്യാഗങ്ങളും പൂവണിയുന്ന ദിനം അവർക്ക് വന്നെത്തും. അതിൽ അവർ ചിരകാലം സുഖസൗകര്യങ്ങളോടെ ജീവിക്കും. അൽകഹ്ഫ് തുടരുന്നു. "പറയുക എന്റെ നാഥന്റെ വചനങ്ങൾ (രേഖപ്പെടുത്തുന്നതിന്) സമുദ്രം മഷിയായിരുന്നെങ്കിൽ എന്റെ നാഥന്റെ വചനങ്ങൾ അവസാനിക്കുന്നതിന് മുമ്പു സമുദ്രം വറ്റിപ്പോകുമായിരുന്നു. അതിന് തുല്യമായ മറ്റൊന്നു (സമുദ്രം) സഹായത്തിന് വേണ്ടി നാം കൊണ്ടുവന്നാൽപോലും (18:110).

പാശ്ചാത്യ കൃസ്ത്യൻ ശക്തികൾ അവരുടെ കണ്ടുപിടുത്തങ്ങളിലും, ശാസ്ത്രവളർച്ചയിലും സ്വയം അഹങ്കാരം നടിക്കുകയാണ്. അവരുടെ അഭിപ്രായത്തിൽ അവർ ഈ പ്രപഞ്ചത്തിന്റെ എല്ലാ രഹസ്യങ്ങളും കൈക്കുള്ളിലാക്കിയെന്നാണ്. ഈ പ്രപഞ്ചരഹസ്യങ്ങളുടെ ഉള്ളറകളിലേക്ക് കടന്ന് സൃഷ്ടിപ്പിന്റ എല്ലാ രഹസ്യങ്ങളും അവർ ഗ്രഹിച്ചുക

*(ശേഷം 43-ാം പേജിൽ)*

# ഏ. പി. കുഞ്ഞാമു സാഹിബ് : കേരള ഇമാറത്തിൽ സേവനത്തിന്റെ ഒരു വ്യാഴവട്ടം

**ഏ.എം.**

2005 ജൂലൈ മാസം മുതൽ കേരളത്തിൽ സംസ്ഥാന ഇമാറത്തിനുപകരം 6 മേഖലകളായി തിരിച്ചു ഓരോ മേഖലകളും ഓരോ അമീറിനു കീഴിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആറു അമീറുമാരുടെ നേതൃത്വത്തിൽ ഖിലാഫത്തിന്റെ ഈ അനുഗ്രഹീത സംവിധാനത്തിൽ കേരളത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പുതിയ ചരിത്രഗാഥ കുറിക്കുകയാണ്. അതോടെ സംസ്ഥാന അമീറായിരുന്ന ഏ.പി. കുഞ്ഞാമു സാഹിബ് പന്ത്രണ്ട് വർഷം ആ സ്ഥാനം പൂർത്തിയാക്കിയിരിക്കുകയാണ്. ആറു അമീറുമാരിൽ കോഴിക്കോടു മേഖലയുടെ അമീർ സംസ്ഥാന അമീറായിരുന്ന ഏ.പി. കുഞ്ഞാമു സാഹിബ് തന്നെയാണ്.

1993 മുതൽ കഴിഞ്ഞ പന്ത്രണ്ട് വർഷമായി കേരളത്തിന്റെ അമീറായിരുന്ന ഏ.പി. കുഞ്ഞാമു സാഹിബിന്റെ സേവനങ്ങളെ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. കച്ചവടക്കാരനായിരുന്ന അദ്ദേഹം കച്ചവടം കൈയ്യൊഴിച്ച് ജമാഅത്തിന്റെ മുഴുസമയ സേവകനാകുകയായിരുന്നു. വളരെ ഭക്തനായ അമീർ സാഹിബ് ദുആയിൽ അഗാധമായി വിശ്വാസമുള്ള വ്യക്തിയാണ്. ജമാഅത്തിന്റെ പ്രവർത്തനങ്ങളും പ്രശ്നങ്ങളും ആദ്യമായി അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുന്ന ശീലം അദ്ദേഹത്തിന്റെ നേതൃഗുണത്തിന്റെ ഏറ്റവും മാതൃകാപരമായ ഒരു ഘടകമായിരുന്നു. ഖിലാഫത്തിന്റെ പൂർണ്ണമായ അനുസാരിത്വത്തിന്റേയും വിധേയത്വത്തിന്റെയും മാർഗത്തിൽ ഖിലാഫത്തിന്റെ ശക്തമായ സാന്നിദ്ധ്യമാണ് അദ്ദേഹം കേരളത്തിൽ കാഴ്ചവെച്ചത്. ഒരു സാധാരണ സംഘടന പോലെയല്ല അഹ്മദിയ്യാ ജമാഅത്ത്. അത് ഒരു ഖിലാഫത്ത് വ്യവസ്ഥയാണ്. അതുകൊണ്ടു തന്നെ മറ്റു നേതൃത്വങ്ങളെ അപേക്ഷിച്ച് അസാമാന്യമായ നേതൃപാടവം ആവശ്യപ്പെടുന്ന ഒരു സ്ഥാനമാണ് ഖിലാഫത്ത് വ്യവസ്ഥക്ക് കീഴിലെ ഇമാറത്ത്. മനുഷ്യന്റെ സാമൂഹികവും, കുടുംബപരവും വൈയക്തികവുമായ നാനാവിധത്തിലുള്ളതും സർവ്വതലസ്പർശിയുമായ വിഷയങ്ങളോടും പ്രശ്നങ്ങളോട് നീതിയോടെയും നയചാതുരിയോടെയും സർവ്വോപരി തഖ്‌വയോടെയും സമീപിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം അമീറിനുണ്ട്. കുഞ്ഞാമു സാഹിബ് ഈ രംഗത്ത് തന്റെതായ ഒരു വ്യക്തിമുദ്രയോടെ വിജയിച്ച വ്യക്തിയാണ്. ബൃഹദാകാരത്വമുള്ള തന്റെ ശരീരപ്രകൃതി പോലെ നേതൃഗുണത്തിനനുയോജ്യമായ അന്യാദൃശമായ മേധാശക്തിക്കും വ്യക്തിത്വത്തിന്നുടമയുമാണ് കുഞ്ഞാമു സാഹിബ്. 34 വർഷങ്ങളായി കോഴിക്കോട് ജമാഅത്തിന്റെ പ്രസിഡണ്ടും അമീറുമായി സേവനമനുഷ്ഠിച്ച കുഞ്ഞാമുസാഹിബ് കോഴിക്കോട് ജമാഅത്തിന്റെ ഖാളി, തഅ്‌ലീം തർബിയത്ത് സിക്രട്ടറി, ഖായിദ്, കേരളത്തിൽ മുമ്പുണ്ടായിരുന്ന സംസ്ഥാന സെൻട്രൽ കമ്മിറ്റിയുടെ തബ്‌ലീഗ് സെക്രട്ടറി, ഇമാറത്തിന്റെ ജനറൽ സെക്രട്ടറി, എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരളത്തിലെ 51 ജമാഅത്തുകളെ ഐക്യത്തോടെയും അവരുടെയെല്ലാം ആദരവും സഹകരണവും അംഗീകാരവും നേടിക്കൊണ്ട് ദീർഘകാലം നേതൃത്വത്തിലിരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജമാഅത്ത് ശ്രദ്ധേയങ്ങളായ നേട്ടങ്ങളാണ് കൈവരിച്ചുണ്ട്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് അഹ്മദിയ്യാ ജമാഅത്ത് രൂക്ഷവും സുസംഘടിതവുമായ എതിർപ്പുകളേയും വ്യാജപ്രചാരണങ്ങളേയും നേരിടേണ്ടി വരുന്നത്. അത്തരമൊരു വിപരീത പരിതസ്ഥിതിയിൽ വളരെ കാര്യക്ഷമമായും ഫലപ്രദമായും അഹ്മദിയ്യാ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് അതിനെയെല്ലാം പ്രതിരോധിക്കാനും എതിർപ്പുകളിൽ നിന്ന് നേട്ടങ്ങൾ കൊയ്തെടുക്കാനും അദ്ദേഹത്തിന് സാധിച്ചു. കേരളത്തിലെ പത്തോളം ജമാഅത്തുകൾ അദ്ദേഹത്തിന്റെ ഇമാറത്തിനു കീഴിലാണ് സ്ഥാപിതമായത്. പൊതു

മാനദണ്ഡമനുസരിച്ച് എണ്ണത്തിൽ കുറവാണെങ്കിലും പുസ്തക പ്രസിദ്ധീകരണ രംഗത്തും സാഹിത്യപ്രചാരണ രംഗത്തും ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിൽ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഒരിക്കൽ കേരളത്തിലെ പത്ത് ശതമാനം ജനങ്ങൾക്ക് ജമാഅത്തിന്റെ സന്ദേശമെത്തിക്കുക എന്ന ഖലീഫത്തുൽ മസീഹ് നാലാമന്റെ പദ്ധതി കുറഞ്ഞ സമയത്തിനുള്ളിൽ വളരെ കാര്യക്ഷമമായി നടപ്പിലാക്കാൻ അദ്ദേഹത്തിനു സാധിച്ചു. അഹ്മദിയ്യാ പരിപ്രേക്ഷ്യത്തിൽ ഖുർആനിക ജ്ഞാനങ്ങൾ ചിത്രീകരിച്ച ഒരു പ്രദർശന സംരംഭമായിരുന്ന 'അൽ ഖുർആൻ എക്സിബിഷൻ' കേരളത്തിലെ പ്രമുഖ നഗരങ്ങളിൽ പ്രദർശിപ്പിച്ചത് അദ്ദേഹത്തിന്റെ കാലത്താണ്. അൽ ഖുർആൻ എക്സിബിഷനോടനുബന്ധിച്ച് നടത്തിയ വിപുലമായ പുസ്തക പ്രദർശനവും വിൽപനയും കേരളീയ സമൂഹത്തിലും ചലനങ്ങൾ സൃഷ്ടിക്കുകയും വളരെയേറെ മാധ്യമശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തിരുന്നു.

ജമാഅത്തിൽ കഴിവുകളുള്ള പ്രതിഭകളെ പ്രോത്സാഹിപ്പിച്ച് വളർത്തി ജമാഅത്തിന്റെ പ്രവർത്തനരംഗത്ത് കൊണ്ടുവരുവാൻ അദ്ദേഹം കാണിച്ച കഴിവും ആത്മാർത്ഥതയും ശ്ലാഘനീയമാണ്. കേരളത്തിൽ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഫസ്‌ലെ ഉമർ എഡ്യുക്കേഷൻ ട്രസ്റ്റിന്റെ കീഴിൽ സ്തുത്യർഹമായി നടക്കുന്ന നാല് പബ്ലിക് സ്കൂളുകളുടെ സ്ഥാപകരിലൊരാളായ അമീർ സാഹിബ് 12 വർഷത്തോളമായി ഫസ്‌ലെ ഉമർ ട്രസ്റ്റിന്റെ ചെയർമാനാണ്. ഖാദിയാനിൽ നടക്കുന്ന ആഗോള അഹ്മദിയ്യാ സമ്മേളനങ്ങളിൽ രണ്ട് സെഷനുകളിൽ അദ്ധ്യക്ഷപദം അലങ്കരിക്കാൻ അദ്ദേഹത്തിന് അവസരം ലഭിക്കുകയുണ്ടായി. കേരളത്തിലെ ജമാഅത്തുകൾക്ക് വളരെയേറെ ഉണർവ്വ് നൽകിയിരുന്ന അവിസ്മരണീയമായ പല സംസ്ഥാന സമ്മേളനങ്ങളും സംഘടിപ്പിച്ചത് അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. മലയാളത്തിലും ഇംഗ്ലീഷിലും സവിശേഷ രീതിയിൽ എഴുതാൻ കഴിയുന്ന അനുഗ്രഹീതനായ എഴുത്തുകാരനും പ്രഭാഷകനും കൂടിയാണ് കുഞ്ഞാമു സാഹിബ്. സത്യദൂതനിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന 'നമ്മുടെവിയോജിപ്പുകൾ' എന്ന സുദീർഘമായ ലേഖന പരമ്പര വിഷയങ്ങളുടെ വൈവിധ്യം കൊണ്ടും വൈജ്ഞാനിക നിലവാരം കൊണ്ടും സത്യദൂതനിൽ വന്ന ലേഖനപരമ്പരകളിൽ ചരിത്രം സൃഷ്ടിച്ച ഒന്നാണെന്ന് തോന്നുന്നു. അഹ്മദികളും മറ്റു മുസ്‌ലിംകളും തമ്മിൽ ഖുർആനിക വിഷയങ്ങൾ മനസ്സിലാക്കിയതിലുള്ള വ്യത്യാസങ്ങൾ വളരെ ഹൃദ്യമായ ശൈലിയിൽ ലളിതസുന്ദരമായി അദ്ദേഹം ലേഖനപരമ്പരയിൽ വിവരിക്കുന്നു. സത്യദൂതന്റെ നിരവധി വായനക്കാർ ഈ ലേഖനപരമ്പരയെ പറ്റി എഴുതിയ കത്തുകളും, പറഞ്ഞ അഭിപ്രായങ്ങളും അദ്ദേഹത്തിന്റെ ലേഖനത്തിനുള്ള അംഗീകാരമായി കരുതാം.

കോഴിക്കോട് മേഖലയുടെ അമീറായി നിയമിതനായ കുഞ്ഞാമു സാഹിബ് 71ാം വയസ്സിലും യുവാവിനെ പോലെ കർമ്മനിരതനാണ്. പുതിയ അമീർ സ്ഥാനത്ത് നിന്നുകൊണ്ട് കൂടുതൽ ഊർജ്ജസ്വലമായ സേവനം ജമാഅത്തിന് അർപ്പിക്കാൻ അദ്ദേഹത്തിന് കഴിയുമാറാകട്ടെ. അതിനുള്ള ദീർഘായുസ്സും ആരോഗ്യവും അല്ലാഹു അദ്ദേഹത്തിന് പ്രദാനം ചെയ്യുമാറാകട്ടെ. (ആമീൻ)

---

*(41 -ാം പേജിൽ നിന്ന് തുടർച്ച)*

ഴിഞ്ഞു എന്നവർ അഹങ്കരിക്കുന്നു. എന്നാൽ ഇവർ ഇതുവരെ കണ്ടുപിടിച്ചതിന്റെ ആകെ തുക പരിശോധിച്ചാൽ സമുദ്രത്തിലെ ഒരു തുള്ളി വെള്ളത്തിന് സമമേ ആവുകയുള്ളൂ എന്നാണ് ഈ വാക്യം മനസ്സിലാക്കിത്തരുന്നത്. ഈ കാലഘട്ടം എണ്ണിയാലൊടുങ്ങാത്ത പുസ്തകങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും കാലഘട്ടമായിരിക്കുമെന്നാണ് സൂചന. ഇതെല്ലാം ചേർത്താലും ദൈവത്തിന്റെ സൃഷ്ടിരഹസ്യങ്ങൾ രേഖപ്പെടുത്തിയ പ്രപഞ്ചവ്യവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ സമുദ്രത്തിലെ ഒരു തുള്ളിവെള്ളത്തിനു പോലും അത് സമമാവുകയില്ല.

സൂറാ:കഹ്ഫിലെ ഈ രഹസ്യങ്ങൾ എത്ര അത്ഭുതകരമായാണ് ഈ അദ്ധ്യായത്തിൽ അല്ലാഹു ഉൾക്കൊള്ളിച്ചത്. ഇതു വിശുദ്ധ ഖുർആനെക്കുറിച്ചു എല്ലാ അദ്ധ്യായങ്ങൾക്കും ബാധകമാണ്. ആ വ്യാഖ്യാനങ്ങൾ ഇവിടം കൊണ്ടവസാനിക്കുമോ? ഇനിയും എത്ര സാഗരങ്ങൾ മഷിയാക്കേണ്ടി വരും? അൽകഹ്ഫ് തുടരുന്നു: 'പറയുക തീർച്ചയായും ഞാൻ നിങ്ങളെ പ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യവെളിപാട് ഉണ്ടായിരിക്കുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ അയാൾ സൽക്കർമ്മങ്ങൾ ചെയ്തുകൊള്ളട്ടെ. അയാൾ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ (18:111)

അല്ലാഹു ഈ വചനത്തിൽ റസൂൽ തിരുമേനിയോട് അവിശ്വാസികളായ കൃസ്ത്യൻ ലോകത്തോട് പ്രഖ്യാപിക്കാൻ ആവശ്യപ്പെടുകയാണ്. അതായത് ഭവിഷ്യൽകാര്യങ്ങളെക്കുറിച്ചു മനുഷ്യന് ഊഹിക്കാൻ സാധിക്കാത്ത കാര്യങ്ങൾ പ്രവചിക്കുകയും, തന്റെ ആവിർഭാവത്തിന്റെ ഉദ്ദേശ്യങ്ങൾ ഭാവിയിൽ പൂവണിയുമെന്ന പ്രവചനവും അതേപോലെ പാശ്ചാത്യ കൃസ്ത്യൻ ശക്തികളുടെ ഉന്മൂലനാശത്തെ പറ്റിയും അദ്ദേഹം പ്രവചിക്കുകയും ചെയ്തു. എന്നിട്ടും താൻ ദൈവപുത്രനാണെന്ന് വാദിക്കുകയോ തനിക്ക് അമാനുഷികമായ വല്ല കഴിവും ഉണ്ടെന്ന് വാദിക്കുകയോ അദ്ദേഹം ചെയ്തി ട്ടില്ല. മറിച്ചു കേവലം ഒരു മനുഷ്യനാണെന്നും എന്നാൽ തനിക്ക് ദൈവത്തിൽ നിന്നും സന്ദേശം ലഭിക്കുന്നു

*(ശേഷം 47-ാം പേജിൽ)*

## കുറിപ്പുകൾ

മുസാഫിർ

# ഗാസയിലെ പിൻമാറ്റ നാടകം

**1967** -ലെ ആറുദിനയുദ്ധത്തിൽ ഈജിപ്തിനോടു പിടിച്ചെടുത്ത ഗാസയിൽ നിന്നും 38 വർഷങ്ങൾക്കുശേഷം ഇസ്രയേൽ ഏകപക്ഷീയമായി സ്വയം ഒഴിഞ്ഞുപോകുകയാണ്. അമേരിക്കൻ, പാശ്ചാത്യ വാർത്താ മാധ്യമങ്ങൾ ഈ ഒഴിഞ്ഞുപോക്കിന് വമ്പിച്ച വാർത്താ പ്രാധാന്യമാണ് നൽകുന്നത്. ഇസ്രയേലിന്റെ കുപ്രസിദ്ധനായ പ്രധാനമന്ത്രി ഏറിയൽ ഷാറോൺ തിരക്കഥയെഴുതിയ നാടകത്തിന്റെ അരങ്ങേറ്റമല്ലാതെ മറ്റൊന്നുമല്ല നാം ഗാസയിൽ കണ്ടത്. അമേരിക്കൻ പ്രസിഡണ്ട് കുറ്റിക്കാടൻ ഗീവറുഗീസിന്റെ പൂർണ പിന്തുണയും ഇതിനുണ്ട്. (ജോർജ് ബുഷ് എന്ന ക്രിസ്ത്യൻ നാമത്തിന് ഡോ. ബാബുപോൾ മലയാളീകരിച്ച പേരാണ് കുറ്റികാടൻ ഗീവറുഗീസ്). ലോകത്ത് സമാധാനം നടത്താൻ ബുഷും നീതിപാലനത്തിനു ഷാറോണുമായാൽ അതിൽപരം നല്ലൊരു കൂട്ടുണ്ടോ!!? 'കന്നുകാളകട്ടവനു കാച്ചില് ചേമ്പു മാന്തുന്നവൾ കൂട്ട്' എന്നാണല്ലോ പ്രമാണം.

1947-ൽ തദ്ദേശവാസികളായ ഫലസ്തീനികളെ അവരുടെ ജന്മനാട്ടിൽ നിന്നും അടിച്ചു പുറത്താക്കിയാണ് ഇസ്രയേൽരാജ്യം സ്ഥാപിതമായത്. 10,500 ച.കി. വിസ്തീർണ്ണമുള്ള സ്ഥലത്ത് യു.എൻ. അന്യായമായി പതിച്ചു നൽകിയ ഭൂമിയിൽ കാലുറപ്പിച്ച ഇസ്രയേൽ പിന്നീട് ചുറ്റുമുള്ള ബലഹീനരായ അറബിനാടുകളിൽ നിന്നും 1967-ലെ യുദ്ധത്തിൽ തങ്ങളുടെ രാജ്യ വിസ്തൃതിയുടെ മൂന്നിരട്ടി പിടിച്ചെടുക്കുകയുണ്ടായി. ഇതാണ് ഇസ്രയേലിന്റെ കുപ്രസിദ്ധമായ ദേശവികസനനയം. ഈജിപ്തിൽ നിന്നും ഗാസക്ക് പുറമെ സീനാ യും ജോർദാനിൽ നിന്ന് പടിഞ്ഞാറെക്കരയും (വെസ്റ്റ് ബാങ്ക്) സിറിയയിൽ നിന്ന് ഗോലാൻകുന്നുകളുമാണ് അധിനിവേശത്തിലൂടെ അന്യായമായി കൂട്ടിച്ചേർത്ത സ്ഥലങ്ങൾ.


ഈ അതിക്രമങ്ങൾക്കെല്ലാം ധാർമ്മികമായ ന്യായീകരണം കണ്ടെത്തുന്ന ബൈബിൾ പാഠങ്ങൾ ഇസ്രയേലിന്റെ സ്കൂൾ സിലബസ്സിൽ പോലും ഉൾപ്പെടുത്തിയിട്ടുണ്ട്. പൗരന്മാരെല്ലാം നിർബന്ധ സൈനിക പരിശീലനം നേടിയവരായിരിക്കണമെന്ന് നിബന്ധനയുള്ള ഇസ്രയേലിന്റെ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ യേശുവ കനാൻ ദേശം കീഴടക്കിയതിന്റെ നിഷ്ഠൂര പാഠങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 'ആബാലവൃദ്ധം സ്ത്രീകളേയും പുരുഷന്മാരേയും കാളകളെയും ആടുകളേയും കഴുതകളേയും അങ്ങിനെ നഗരത്തിൽ ഉണ്ടായിരുന്ന എല്ലാറ്റിനേയും അവർ വാളിന്ന് ഇരയാക്കി. (യേശുവ: 6:21) എന്നാണ് ബൈബിൾ പാഠം. യഹോവ അരുളിയ ഈ യുദ്ധപാഠങ്ങൾ പഠിച്ചുകൊണ്ടാണ് ഇസ്രയേലിലെ യുവാക്കൾ വളർന്നുവരുന്നത്.

പിടിച്ചെടുത്ത ഭൂമികളിൽ പാർപ്പിടം നിർമ്മിച്ച് വിദേശരാജ്യത്തുനിന്നും, പ്രധാനമായി റഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്ത യഹൂദരെ കുടിയിരുത്തുകയാണ് ഇസ്രയേലിന്റെ നയം. കഴിഞ്ഞ 38 വർഷങ്ങളായി നിരവധി കൂടിയാലോചനകളും, മധ്യസ്ഥശ്രമങ്ങളും, യു.എൻ. പ്രമേയങ്ങളും ഉണ്ടായിട്ടും അധീനപ്പെടുത്തിയ ഒരു തരിഭൂമി പോലും വിട്ടുകൊടുക്കാത്ത ജൂതന്മാർ ഇതാ ഇപ്പോൾ ഏകപക്ഷീയമായാണ് നല്ല ശമരിയക്കാരൻ ചമഞ്ഞ് ഗാസയിൽ നിന്നും പിൻമാറുന്നത്. അതിന് കാരണം ഗാസയിലെ അധിനിവേശം ഇസ്രയേലിന് തൽക്കാലം ഒരു നഷ്ടക്കച്ചവടമാണ് എന്നത് കൊണ്ടാണ്. ഭൗതികാർത്തി പൂണ്ട ജൂതന്റെ നിഘണ്ടുവിൽ നഷ്ടം, വിട്ടുവീഴ്ച, മാപ്പ് എന്നീ പദങ്ങളില്ല എന്ന് നാമോർക്കണം. ഫലസ്തീനുമായി ഏകദേശം നാലുപതിറ്റാണ്ടുകളായി നടന്നുവരുന്ന ഉഭയകക്ഷി ചർച്ചയിൽ എടുത്ത തീരുമാനങ്ങളൊന്നും നടപ്പാക്കുകയോ യു.എൻ. പ്രമേയങ്ങൾക്ക് പുല്ലുവില പോലും കല്പിക്കുകയോ ചെയ്യാത്ത ഇസ്രയേൽ ഏകപക്ഷീയമായി സ്വന്തം ഇഷ്ടപ്രകാരം ഗാസയിൽ നിന്നും പിൻമാറുമ്പോൾ ഇസ്രയേൽ ഫലസ്തീനികൾക്കും ലോകത്തിനും നൽകുന്ന സന്ദേശം വ്യക്തമാണ്. അതായത് ഇത്തരം കാര്യങ്ങളിൽ ഫലസ്തീനികൾക്കോ ഐക്യരാഷ്ട്ര സഭയോ ഇനി ചർച്ചക്ക് വരേണ്ടതില്ലെന്നും ഭാവിയിൽ അവരുടെ വിധി തങ്ങൾ മാത്രമെടുക്കുന്ന തീരുമാനമനുസരിച്ചായിരിക്കുമെന്നുമാണ് ആ സന്ദേശം. ലോകത്ത് വെച്ച് ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൊന്നാണ് ഗാസ. ആട്ടിയോടിക്കപ്പെട്ടവരും അസംതൃപ്തരുമായ 15 ലക്ഷത്തോളം ഫലസ്തീൻ അഭയാർത്ഥികൾ അവിടെ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും കഴിയുകയാണ്. ഗാസയിലെ അവരുടെ ഭൂമിയുടെ ഇരുപത്തഞ്ച് ശതമാനവും ഇസ്രയേൽ കയ്യേറിയിരിക്കുകയാണ്. മൊത്തം കൃഷിഭൂമിയുടെ നാൽപത് ശതമാനമാണ് ഇത്. പ്രധാന ജലസ്രോതസ്സുകൾ ഇസ്രയേലിന്റെ കൈകളിലാണ്. പക്ഷേ 8500 യഹൂദികളെ പ്രകോപിതരും പീഢിതരുമായ 15 ലക്ഷം ഫലസ്തീനികളുടെ നടുവിൽ കുടിയിരുത്തുക എന്നത് വളരെയേറെ ചിലവ് വരുന്ന പരിപാടിയാണ്. അരയിൽ ബോംബുവെച്ച് കെട്ടി ആത്മാഹുതി ചെയ്ത് ഇസ്രയേലിനോട് പ്രതികാരം ചെയ്യാൻ തയ്യാറുള്ള ഭീകരവാദികളെ നേരിടുക ഇസ്രയേലിന് ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ടാണ് താരതമ്യേന

ലാഭകരമല്ലാത്ത ഗാസ അധിനിവേശം നിർത്തിവെച്ച് തൽക്കാലം യഹൂദികൾ സ്ഥലം വിടുന്നത്. ഒഴിഞ്ഞുപോവുമ്പോഴും സൈനിക മേധാവിത്വം ഇസ്രയേൽ നിലനിർത്തുന്നുണ്ട്. കരാർ പ്രകാരമുള്ള ഒഴിഞ്ഞുപോക്കല്ലാത്തതിനാൽ അനിശ്ചിതത്വം തുടരുകയാണ്. മാത്രമല്ല ബൈബിളിൽ പരാമർശിക്കപ്പെട്ട ഒരൊറ്റ ചരിത്രഭൂമിയും ഗാസയിലില്ല. ബൈബിളിൽ പറഞ്ഞ ജൂദിയയും ശമരിയായും അടങ്ങിയ ഫലഭൂയിഷ്ടമായ വെസ്റ്റ് ബാങ്കിൽ, രണ്ടര ലക്ഷം ജൂതന്മാരെ കുടിയിരുത്തിക്കൊണ്ട് പിടിമുറുക്കുകയും പാർപ്പിട നിർമ്മാണം തുടരുകയും ചെയ്യുകയാണ്.

ഈ പശ്ചാത്തലത്തിലാണ് കുറുക്കന്റെ ബുദ്ധിയുള്ള ക്രൂരനായ ഇസ്രയേൽ പ്രധാനമന്ത്രി എരിയൽ ഷാരോൺ ആഗസ്ത് 17ന് ഗാസയിലെ ജൂതന്മാർക്ക് ഒരു അന്ത്യശാസനം നൽകിക്കൊണ്ട് നാടകമവതരിപ്പിക്കുന്നത്. ലോകമാധ്യമങ്ങളുടെ ക്യാമറ കണ്ണുകളുടെ മുമ്പിൽ വെച്ച് ഗാസയിലെ 21 പാർപ്പിടകേന്ദ്രങ്ങളിൽ നിന്ന് കേവലം 8500 പേരെ കുടിയൊഴിപ്പിക്കുന്ന രംഗങ്ങളാണ് ലോകമാധ്യമങ്ങൾ ആദ്യം സംപ്രേക്ഷണം ചെയ്തത്. പട്ടാളക്കാരുടെ സുരക്ഷാവലയത്തിൽ ബുൾഡോസർ ഉരുട്ടി പാർപ്പിടങ്ങൾ തവിടുപൊടിയാക്കുമ്പോൾ അലമുറയിട്ട് മാറത്തടിച്ച് കരയുന്ന സ്ത്രീകളും കുട്ടികളും, 'ഞങ്ങളെ പാർപ്പിടങ്ങളിൽ നിന്ന് ഇറക്കി വിടരുതേ' എന്ന് പട്ടാളക്കാരോട് കേണപേക്ഷിക്കുന്ന ഗൃഹനാഥന്മാർ പ്രതിഷേധക്കാരെ വലിച്ചിഴച്ച് കൊണ്ടുപോകുന്ന പോലീസ്.... ആകപ്പാടെ വികാരസാന്ദ്രമായ രംഗങ്ങൾ. ആ വീടുകൾ ഫലസ്തീൻ അഭയാർത്ഥികൾ ഉപയോഗിക്കരുത് എന്ന ദുഷ്ടലാക്കാണ് വീടുകൾ നിലംപരിശാക്കുന്നതിലുള്ളത് എന്നത് മറ്റൊരു കാര്യം. അമേരിക്കൻ പാശ്ചാത്യമാധ്യമങ്ങൾ മത്സരബുദ്ധിയോടെയാണ് ഈ രംഗങ്ങൾ സംപ്രേക്ഷണം ചെയ്തത്. ഒഴിഞ്ഞു പോകുന്ന ഓരോ ജൂത കുടുംബത്തിനും ഇസ്രായേലി സർക്കാർ 4 ലക്ഷം ഡോളർ (ഏകദേശം 88 ലക്ഷം ഉറുപ്പിക) വരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ലക്ഷക്കണക്കിന് സഹായങ്ങൾ വേറെയും. അത് വാങ്ങിയ ശേഷമാണ് ടെലിവിഷൻ ക്യാമറക്ക് മുൻപിലെ ഈ മാറത്തടി. ഉടനെ ഷാരോന്റെ വാക്കുകൾ ടെലിവിഷൻ നമ്മെ കേൾപ്പിക്കുന്നു. 'ഇസ്രയേലിന് ഇത് വേദനിക്കുന്ന വിട്ടുവീഴ്ചയാണ്' എന്ന്. ഇതോടെ ടെലിവിഷൻ പെട്ടി മറ്റൊരു വാർത്താ ദൃശ്യം നമുക്ക് കാണിച്ചു തരുന്നു. ഗാസയിലെ ഫലസ്തീൻ ക്യാമ്പിൽ തലയും മുഖവും ഒന്നാകെ കറുത്ത മുഖംമൂടികൊണ്ട് മറച്ച്, ഒരുതരം ഭീകരമായ പച്ച വേഷം ധരിച്ച് കൈയിലേന്തിയ തോക്കിൽ നിന്ന് ആകാശത്തേക്ക് തുരുതുരാ വെടിയുതിർത്ത് 'അല്ലാഹു അക്ബർ' എന്ന മുദ്രാവാക്യം കോറസ്സായി ആർത്തുവിളിച്ച് അലക്ഷ്യമായി അങ്ങോട്ടുമിങ്ങോട്ടും ഹാലിളകിപ്പായുന്ന ഫലസ്തീൻ പോരാളികളുടേതാണ് ആ ദൃശ്യങ്ങൾ. ഇങ്ങിനെ സൈനികവേഷത്തിലുള്ള തക്ബീറടിയും ഹാലിളക്കങ്ങളും ആകാശത്തേക്കു പൊയ് വെടി വെക്കലുമാണല്ലോ മുസ്‌ലിം തീവ്രവാദത്തിന്റെ പരമ സായൂജ്യം! മാധ്യമരംഗത്തോ, വിവര സാങ്കേതികരംഗത്തോ മുല്ലായിസം തിരിഞ്ഞുപോലും നോക്കാറില്ല. മാധ്യമങ്ങൾ കൊണ്ട് ലോകം ഭരിക്കാൻ പഠിച്ച ജൂതന്മാർ ഈ പണി കുറേക്കാലമായി തുടരുകയാണ്. സത്യത്തെ കളവും കളവിനെ സത്യവുമായി മാറ്റാൻ കഴിയുന്ന കൃത്രിമ യാഥാർത്ഥ്യങ്ങളുടെ മായാക്കാഴ്ചകൾ സൃഷ്ടിക്കുന്ന ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിച്ച് ജൂതന്മാർ ലോകത്തെ കബളിപ്പിച്ചു ഭരിക്കുകയാണ്.

ഗാസ പിൻമാറ്റ നാടകത്തിലെ മറ്റൊരു എപ്പിസോഡ് ഇസ്രയേലിന്റെ മുൻ പ്രധാനമന്ത്രിയും ഇപ്പോഴത്തെ ധനകാര്യമന്ത്രിയുമായ ബെഞ്ചമിൻ നെതന്യാഹുവിന്റെ രാജിയാണ്. ഫലസ്തീനികൾക്ക് വേണ്ടി യഹൂദികളെ ഒഴിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് ഷാറോൺ മന്ത്രിസഭയിൽ നിന്ന് നെതന്യാഹു ഒരൊറ്റരാജി!.. എന്നിട്ട് ഷാരോൺ വിട്ടുവീഴ്ചയിൽ പരിധി ലംഘിക്കുന്നു എന്നു പറഞ്ഞ് സ്വന്തം ജനതയോട് ചെയ്യുന്ന അനീതിയിൽ വിങ്ങിപ്പൊട്ടുകയും ചെയ്യുന്നു. കടബാധ്യതയിൽപ്പെട്ട അധമർണ്ണന്റെ


*ഗാസയിലെ ജൂതകുടുംബങ്ങളുടെ വിലാപം*


*ഗാസയിലെ പലസ്തീൻ പോരാളികളുടെ ജിഹാദ്*

ഹൃദയം മുറിച്ചെടുക്കണമെന്ന് ശഠിച്ച ജൂത വ്യാപാരി ഷൈലോക്കിന്റെ മനോനിലയുള്ള സിയോണിസ്റ്റുകൾക്ക് അന്യരിൽ നിന്ന് കവർന്നെടുത്ത ഭൂമി അവർക്കുതന്നെ തിരിച്ചു കൊടുക്കുന്നത് പണ്ട് ശിബി ചക്രവർത്തി സ്വന്തം മാസം ഗരുഡന് നൽകിയത് പോലുള്ള ത്യാഗമായി തോന്നുന്നതിൽ അത്ഭുതമില്ല.

വളരെ നഷ്ടങ്ങൾ സഹിച്ച് ഗാസയിൽ നിന്നും ഇസ്രായേൽ പിന്മാറുന്നു എന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്തി വെസ്റ്റ് ബാങ്ക്, ജെറുസലേം, ഗോലാൻ കുന്നുകൾ എന്നീ അധിനിവിഷ്ഠ ഭൂമികളിൽ സ്ഥിരാവകാശം ഉറപ്പിക്കാനും അതുപോലെ അധിനിവേശഭൂമിയിലൂടെ ഉയരുന്ന ഭിത്തി നിർമ്മാണത്തിന് സാധുത നേടാനുമാണ് ഇസ്രയേലിന്റെ പ്ലാൻ. ഭീകരാക്രമണത്താൽ നിസ്സഹായനായ കൊച്ചു ഇസ്രായേലിനെ രക്ഷിക്കേണ്ടത് തങ്ങളുടെ ചുമതലയാണെന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്താനാണ് അമേരിക്കയുടെ ശ്രമം. ഭീമാകാരനായ ഗോലിയാത്തിനെ അതിജയിച്ച കൊച്ചു ദാവീദിന്റെ പരിവേഷം സ്വയം ചാർത്തി നിഗൂഢതകളിൽ മറഞ്ഞിരിക്കുകയാണ് ഇസ്രയേലീ തന്ത്രം. അമേരിക്കയെ പോലും വെല്ലുവിളിക്കാൻ ശേഷിയുള്ള ലോകത്തിലെ വൻകിട ആണവശക്തിയാണ് ഇസ്രയേൽ എന്ന ഭീകരയാഥാർത്ഥ്യം സമർത്ഥമായി ലോകത്തിനു മുമ്പിൽ മറച്ചുവെക്കാൻ അവർക്കാവുന്നു. ഏതായാലും യഹൂദൻ കാണിക്കുന്ന ഔദാര്യങ്ങൾക്ക് പിന്നിൽ വമ്പിച്ച വിപത്തുകൾ ഒളിഞ്ഞു കിടക്കുന്നുണ്ട് എന്നാണ് ചരിത്രപാഠം. ഇസ്രയേലിന്റെ ഈ നാടകം ഒരുപക്ഷേ മുസ്‌ലിംകളോട് മുൻവിധിയുള്ളവർക്കും ജൂതന്മാരെ മനസ്സിലാവാത്തവരേയും സ്വാധീനിച്ചേക്കാം. ഫലസ്തീൻ നേതാവ് മഹ്മൂദ് അബ്ബാസ് ഗാസാ പിൻമാറ്റത്തെ സ്വാഗതം ചെയ്തെങ്കിലും ഇസ്രയേലിനെ ഇത്തരം നാടകങ്ങൾ മുസ്‌ലിം ലോകത്തെ തരിമ്പും സ്വാധീനിക്കില്ല. പണ്ടാരോ പറഞ്ഞതുപോലെ 'തീപ്പന്തലിലെ മെഴുക് പ്രതിമ ആടാറില്ല'. ●

## വാർത്തകൾ




*2005 ആഗസ്റ്റ് 13,14,15 തീയതികളിൽ കോഴിക്കോട് വെച്ച് നടന്ന മജ്‌ലിസ് ഖുദ്ദാ:അഹ്മദിയ്യാ – അത്ഫാൽ ഉത്തര മേഖലാ സമ്മേളനത്തിൽ കോഴിക്കോട് അമീർ ഏ. പി. കുഞ്ഞാമു സാഹിബ് അദ്ധ്യക്ഷ പ്രസംഗം നിർവ്വഹിക്കുന്നു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, കർണാടക സോണൽ ഖായിദ് സഹീർ അഹമ്മദ് സാഹിബ് (ഉദ്ഘാടകൻ) മലപ്പുറം അമീർ പി. മുഹമ്മദലി മാസ്റ്റർ ഡോ. സലാവുദ്ദീൻ (ഉത്തരമേഖലാ ഖായിദ്) എന്നിവർ വേദിയിൽ.*




*2005 ആഗസ്റ്റ് 6, 7 തീയതികളിൽ കരുനാഗപ്പള്ളിയിൽ വെച്ച് നടന്ന മജ്‌ലിസ് ഖുദ്ദാ:അഹ്മദിയ്യായുടെ ദക്ഷിണ മേഖലാ സമ്മേളനം തിരുവനന്തപുരം മേഖലാ അമീർ പ്രൊഫ. അബ്ദുൾ ജലീൽ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലാനാ മുഹമ്മദ് ഉമർ, ബി. ബി. അഹ്മദ് കബീർ (ഉത്തരമേഖലാ ഖായിദ്) ഡോ. സലാഹുദ്ദീൻ (ദക്ഷിണ മേഖലാ ഖായിദ്) ഏ. എം. മുഹമ്മദ് സലിം എന്നിവർ വേദിയിൽ.*

# ഹുസൂർ തിരുമനസ്സിന്റെ അഭിനന്ദനം

ഫസ്‌ലെ ഉമർ എഡ്യുക്കേഷനൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കരുളായി (മലപ്പുറം) കൂടാളി (കണ്ണൂർ) എന്നിവിടങ്ങളിലെ സ്കൂളുകൾ 2005ൽ നടന്ന സി.ബി.എസ്.സി. പരീക്ഷയിൽ നൂറുശതമാനം വിജയം നേടുകയുണ്ടായി. ഈ വിജയത്തിൽ ഹുസൂർ തിരുമനസ്സ് സന്തോഷം പ്രകടിപ്പിക്കുകയും അഭിനന്ദനം രേഖപ്പെടുത്തുകയും സ്കൂളിന്റെ വിജയത്തിനും വിദ്യാഭ്യാസ സ്ഥാപനത്തിനും പിന്നിൽ പ്രവർത്തിച്ച അല്ലാഹുവിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്തതായി ഖലീഫത്തുൽ മസീഹിന്റെ സെക്രട്ടറി മുബാറക് അഹ്മദ് സഫർ സാഹിബ് അറിയിക്കുന്നു.

# പോപ്പ് ജോൺ പോളിന്റെ വിയോഗം :
## ഖലീഫത്തുൽ മസീഹിന്റെ അനുശോചന സന്ദേശം

**പോപ്പ് ജോൺ പോൾ രണ്ടാമന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് വത്തിക്കാന് അയച്ച അനുശോചന സന്ദേശം.**

*ഏപ്രിൽ 9, 2005*

**TO**

**പരിശുദ്ധ കർദ്ദിനാൾ ജോസഫ് റാട്സിംഗർ**
**ഡീൻ ഓഫ് സേക്രഡ് കോളേജ് ഓഫ് കർദ്ദിനാൾസ്,**
**വത്തിക്കാൻ സിറ്റി**

***പരിശുദ്ധ വന്ദ്യനായ കർദ്ദിനാൾ റാട്സിംഗർ;***

***പോപ്പ് ജോൺ പോൾ രണ്ടാമന്റെ വിയോഗത്തിൽ ആഗോള അഹ്മദിയ്യാ സമൂഹത്തിന്റെ പേരിലും ഞാൻ സ്വന്തമായും ഞങ്ങളുടെ അഗാധമായ അനുതാപവും ഹൃദയംഗമമായ അനുശോചനവും അറിയിക്കുന്നു.***

***ദിവംഗതനായ പോപ്പ് ലോകമെങ്ങുമുള്ള കത്തോലിക്കർക്കും അതുപോലെ അകത്തോലികർക്കും അസന്നിഗ്ധമായ ഒരു പ്രചോദനകേന്ദ്രമായിരുന്നു. വിഭിന്ന മതവിശ്വാസികൾക്കിടയിൽ പാലം പണിയാൻ സഹായിയായി വർത്തിച്ച ജോൺ പോൾ മാപ്പരുളുന്നതിന്റേയും സമന്വയത്തിന്റേയും സഹിഷ്ണുതയുടേയും ചൈതന്യം അങ്കുരിപ്പിക്കുകയും ചെയ്തു.***

***ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ ജോൺ പോൾ രണ്ടാമനോട് എന്നും അതീവ ആദരം പ്രകടിപ്പിച്ചിരുന്നു. റോമിലെ ക്രിസ്ത്യാനികളുടെ ആഗോള കേന്ദ്രത്തിന്നരികെ മുസ്‌ലിംകൾക്ക് ഒരു മസ്ജിദ് പണിയാനുള്ള അനുമതിക്ക് വേണ്ടി തദ്ദേശീയ ഭരണാധികാരികളെ ഈ മഹാനുഭാവൻ നിർബന്ധിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ധീരതയും, ദൃഢമായ ബോദ്ധ്യങ്ങളും എല്ലാവർക്കും മാതൃകയാണ്. നീതിക്കുവേണ്ടിയും മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയും അദ്ദേഹം നിലകൊണ്ടു. ലോകനേതാക്കന്മാർക്ക് മുമ്പിൽ തന്റെ മനസ്സിലുള്ളത് തുറന്ന് പറയാൻ അദ്ദേഹം ഭയപ്പെട്ടിരുന്നില്ല.***

***ഇതര മതസ്ഥരുടേയും നമ്മുടെ കത്തോലിക്കാ സഹോദരന്മാരുടേയും പ്രാർത്ഥനയിൽ ഞങ്ങൾ പങ്കുകൊള്ളുന്നു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തി നൽകട്ടെ. ജോൺ പോൾ രണ്ടാമൻ തന്റെ ജീവിതകാലത്ത് ലോകജനതക്ക് എപ്രകാരം ദയയും മാപ്പും നൽകിയോ അപ്രകാരം ദൈവവും തന്റെ അനുഗ്രഹം അദ്ദേഹത്തിൽ വർഷിക്കട്ടെ. അദ്ദേഹത്തിന്റെ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിലും ദൈവം നിങ്ങളുടെ കൂടെയുണ്ടായിരിക്കട്ടെ (ആമീൻ)***

***അഗാധമായ അനുതാപത്തോടെ***
***മിർസാ മസ്റൂർ അഹ്മദ്***
*(ആഗോള അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ തലവൻ)*

---

*(43 -ാം പേജിൽ നിന്ന് തുടർച്ച)*

ണ്ടെന്നും മാത്രമാണ് അദ്ദേഹം പ്രഖ്യാപിച്ചത്. ദൈവം ഏകനാണെന്നും പങ്കുകാരനില്ലാത്തവനുമാണെന്ന യഥാർത്ഥ സന്ദേശം ദൈവം താൻ മുഖേന ലോകത്ത് വെളിപ്പെടുത്തുകയുണ്ടായി. ആ സർവ്വശക്തൻ തനിക്ക് ആദ്ധ്യാത്മിക സ്വർഗ്ഗത്തിന്റെ രഹസ്യങ്ങൾ അറിയിച്ചു തരികയുണ്ടായി എന്നും അദ്ദേഹം വാദിച്ചു. ആരെങ്കിലും ദൈവത്തിന് തിരുമുഖത്തെ ദർശിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ തിരുമേനി (സ.അ)യെ പൂർണ്ണമായി പിന്തുടർന്നുകൊണ്ടു അതേ മാതൃക സ്വീകരിച്ചുകൊണ്ട് ജീവിതം നയിക്കുകയാണ് വേണ്ടത്. അങ്ങിനെ ചെയ്യുകയാണെങ്കിൽ അവർക്കും ഈ ലോകത്തുവെച്ചു തന്നെ ദൈവദർശനം ഉണ്ടാകുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

സൂറാ:കഹ്ഫിലെ അവസാനഭാഗത്തെ ഈ പത്ത് സൂക്തങ്ങൾ ഉരുവിട്ടാൽ ദജ്ജാലിന്റെ ഫിത്നയിൽ നിന്നും രക്ഷപ്പെടാമെന്ന് തിരുമേനി (സ.അ) ഉപദേശിച്ചതിന്റെ പൊരുളും നമുക്ക് ഇതിൽ നിന്നും മനസ്സിലാക്കാം. (തുടരും)

## അറിയിപ്പ്

**ഈ ലക്കം സത്യദൂതൻ ചില സാങ്കേതിക കാരണങ്ങളാൽ ആഗസ്റ്റ് - സെപ്റ്റംബർ ലക്കം ഒരുമിച്ച് ഇറക്കുകയാണ്. ഇതുമൂലം വായനക്കാർക്ക് നേരിട്ട പ്രയാസത്തിന് ഖേദം പ്രകടിപ്പിക്കുകയും മാപ്പ് ചോദിക്കുകയും ചെയ്യുന്നു. സത്യദൂതനിലെ ലേഖനങ്ങളുടെ നല്ല നിലവാരത്തെപ്പറ്റിയും സത്യദൂതൻ ചെയ്തുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക സേവനത്തെപ്പറ്റിയും അഭിനന്ദിച്ചും ആശംസകളർപ്പിച്ചും നിരവധി വായനക്കാർ എഴുതികൊണ്ടിരിക്കുന്ന കത്തുകൾ ഞങ്ങളീയവസരത്തിൽ ഓർക്കുന്നു. സഹൃദയരായ എല്ലാ വായനക്കാരുടേയും സഹകരണം ഇനിയും സത്യദൂതന് ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.**

**മാനേജർ, സത്യദൂതൻ, കോഴിക്കോട്**

## അനുസ്മരണം

# പി.യം. അബ്ദുല്ലാ സാഹിബ്



കോഴിക്കോട് ജമാഅത്തിലെ അംഗവും മുൻസംസ്ഥാന പ്രചാരണ കാര്യദർശിയുമായിരുന്ന പി.യം. അബ്ദുല്ലാഹ് സാഹിബ് (72) 2005 ആഗസ്ത് 29ാംനു കോഴിക്കോട് വെച്ച് നിര്യാതനായി. ഇന്നാലില്ലാഹി.....

അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് വിദ്യാർത്ഥി ജീവിതകാലത്ത് തന്നെ അബ്ദുല്ലാ സാഹിബും ഞാനും സ്നേഹിതന്മാരായിരുന്നു. ഇരുവരും സ്പോർട്സ് രംഗത്ത് വെച്ചാണ് ആദ്യമായി പരിചയപ്പെടുന്നത്. അദ്ദേഹം ഫറൂഖ് കോളേജിലെ വോളിബോൾ പ്ലയറും ഞാൻ തലശ്ശേരി ബ്രണ്ണൻ കോളേജിലെ വോളിബോൾ ടീമിനും വേണ്ടി ജെയ്സിയണിഞ്ഞു. കോഴിക്കോട്ട് വെച്ച് ഇന്റർ കോളേജിയറ്റ് ടൂർണ്ണമെന്റ് മത്സരത്തിലാണ് ആദ്യമായി കണ്ടുമുട്ടിയത്. അന്നുമുതൽ ഞങ്ങൾ സ്നേഹിതന്മാരാണ് അതിന്ശേഷം ഞങ്ങൾ വിവിധ ക്ലബ്ബുകളിൽ ഒന്നിച്ചും എതിർചേരിയിലും കളിച്ചിരുന്നു. യുവത്വം തുടിച്ചുനിന്ന അക്കാലത്തൊന്നും ഞങ്ങളുടെ സംഭാഷണങ്ങളിൽ മതപരമായ വിഷയങ്ങൾ കടന്നുവന്നിരുന്നില്ല. പിന്നീട് നീണ്ട ഇടവേള കഴിഞ്ഞ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഉദ്യോഗത്തിൽ പ്രവേശിച്ചതിന് ശേഷമാണ് ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടുന്നത്. അപ്പോഴേക്കും ഞാൻ ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെ പറ്റി കൂടുതൽ പഠിക്കാൻ എന്റെ ജമാഅത്ത് പ്രവേശം അദ്ദേഹത്തെ പ്രചോദിപ്പിച്ചിരുന്നുവെന്ന് പിന്നീട് അദ്ദേഹം എന്നോട് പറയുകയുണ്ടായി.

കോഴിക്കോട് വെച്ചാണ് അബ്ദുല്ലാ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. പറങ്കിപടയാളികളുമായി പടവെട്ടി വീരമൃത്യു വരിച്ച ശഹീദ് കോട്ടക്കൽ കുഞ്ഞാലിമരക്കാരുടെ കുടുംബപരമ്പരയിലെ നിലവിലുള്ള ഒരു താവഴിയിലെ കാരണവർ കൂടിയായിരുന്ന അബ്ദുല്ലാ സാഹിബ്. തിരൂർ സ്റ്റേറ്റ് ബാങ്കിൽ പിന്നീട് കാഷ്യയറായി ജോലിമാറ്റം കിട്ടിയ അദ്ദേഹം അവിടെയും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായി മുഴുകുകയാണുണ്ടായത്. അവിടെ അദ്ദേഹം വീട് വെച്ച് സ്ഥിരതാമസക്കാരനുമായി. അബ്ദുല്ലാസാഹിബിന്റെ തീവ്രശ്രമത്തിന്റെ ഫലമായാണ് തിരൂരിൽ ജമാഅത്ത് രൂപംകൊണ്ടത്. പ്രസ്തുത ജമാഅത്തിന്റെ സ്ഥാപക പ്രസിഡണ്ടും അദ്ദേഹമായിരുന്നു. തിരൂരിൽ പൂക്കയിൽ എന്ന സ്ഥലത്ത് തന്റെ വീടിനോട് ചേർന്ന സ്ഥലത്ത് ഇപ്പോഴത്തെ പ്രസിഡണ്ട് എഞ്ചിനീയർ ഹൈദ്രോസ് കുട്ടി സാഹിബും ചേർന്ന് മസ്ജിദ് നിർമ്മിക്കാൻ സ്ഥലം നൽകുകയും അവിടെ ഒരു പള്ളി ഉണ്ടാക്കുകയും ചെയ്തു.

ജമാഅത്തിന്റെ ഊർജ്ജസ്വലനായൊരു പ്രവർത്തകനായിരുന്ന അബ്ദുല്ലാസാഹിബ്. കേരള ഇമാറത്തിന്റെ തബ്‌ലീഗ് സെക്രട്ടറിയും ഓഡിറ്ററായും അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. അൻസാറുല്ലായുടെ ഓഡിറ്ററുമായിരുന്നു അദ്ദേഹം. കേരളം കണ്ട തബ്‌ലീഗ് സെക്രട്ടറിമാരിൽ മുൻനിരയിലുള്ളവരിൽ ഒരാളായിരുന്നു അബ്ദുല്ലാ സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ നൂറാം വാർഷികം കൊണ്ടാടുമ്പോൾ മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വരെ നടത്തിയ വാഹനപ്രചാരണത്തിന് അബ്ദുല്ലാ സാഹിബ് നേതൃത്വം നൽകുകയുണ്ടായി. അതുപോലെ പാലക്കാട്ടെ അൽ ഖുർആൻ എക്സിബിഷൻ വമ്പിച്ച വിജയമാക്കി മാറ്റിയതിൽ അദ്ദേഹത്തിനും പങ്കുണ്ടായിരുന്നു. നല്ല ഒരു വായനക്കാരനും നിരൂപകനും കൂടിയായിരുന്നു അബ്ദുല്ലാ സാഹിബ്.

അദ്ദേഹത്തിന്റെ വേർപാടിൽ ജമാഅത്തിന് സജീവനായ ഒരു പ്രവർത്തകനെയാണ് നഷ്ടപ്പെട്ടത്. എനിക്ക് ഒരു സ്നേഹിതനേയും. അല്ലാഹു അദ്ദേഹം മൂലമുണ്ടായ നഷ്ടം ജമാഅത്തിന് പരിഹരിച്ചു തരട്ടെ. അദ്ദേഹത്തിന്റെ കുടുംബത്തിന് സൗമ്യനായ ഒരു കുടുംബനാഥനെയാണ് നഷ്ടപ്പെട്ടത്. അല്ലാഹു അദ്ദേഹത്തിന്റെ കുടുംബത്തിന് അദ്ദേഹത്തിന്റെ വിയോഗം മൂലമുണ്ടായ ദുഃഖവും നഷ്ടവും പരിഹരിച്ചുകൊടുക്കട്ടെ. അബ്ദുല്ലാസാഹിബിന്റെ ഭാര്യ സൈനബ സാഹിബ മകൻ പി.യം. സലിം സാഹിബ് ഖുദ്ദാമുൻ അഹ്മദിയ്യാ കേരളയുടെ സ്റ്റേറ്റ് ഖായിദായി സേവനമനുഷ്ഠിച്ച വ്യക്തിയാണ്. ഇപ്പോൾ കുവൈത്തിൽ ജോലി നോക്കുന്നു. മകൾ സമീറ സാഹിബ. ജാമാതാക്കൾ : സൈനുദ്ദീൻ സാഹിബ് (പള്ളിപ്പുറം), മർഹൂം കെ.പി. അസ്സുസ്സാഹിബിന്റെ മകൾ റഹ്മത്ത് സാഹിബ. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ)

**എ.പി. കുഞ്ഞാമു**
*അമീർ, കോഴിക്കോട്*

# സി. അബ്ദുല്ലാ സാഹിബ്



അലനല്ലൂർ ജമാഅത്തിലെ ആദ്യകാല അഹ് മദിയും മുൻ പ്രസിഡണ്ടുമായിരുന്ന സി. അബ്ദുല്ലാ സാഹിബ് (79) ആഗസ്ത് 20ന് വഫാത്തായി. ഇന്നാലില്ലാഹി.....

ചെട്ടിയാംതൊടി തറവാട്ടിലെ പ്രമുഖാംഗമായ അലവി സാഹിബിന്റെ മകനാണ് പരേതൻ. 1955ൽ അഹ് മദിയ്യാ ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ച അബ്ദുല്ലാസാഹിബ് വളരെയധേറെ പരീക്ഷണങ്ങൾക്ക് വിധേയനാവുകയുണ്ടായി. കുടുംബാംഗങ്ങളും, നാട്ടുകാരും ബഹിഷ്കരിച്ച അബ്ദുല്ലാസാഹിബ് കൂലിവേല ചെയ്താണ് കുടുംബം പുലർത്തിയത്. ആയിടക്ക് മരം ദേഹത്ത് വീണ് നട്ടെല്ലിന് ക്ഷതം പറ്റി കിടപ്പിലായപ്പോൾ ബന്ധുക്കൾ ഈ അവസരം മുതലെടുത്ത്. നീ ഖാദിയാനിയായതുകൊണ്ടാണ് ഈ ദുർഗതി വന്നതെന്നും ഇതൊരു ശിക്ഷയാണെന്നും പറഞ്ഞ് വിശ്വാസത്തിൽ നിന്നും പിന്തിപ്പിക്കാൻ നോക്കി. കൊടും പരീക്ഷണത്തിന്റെ ഈ ഘട്ടത്തിൽ യശ്ശഃശ്ശരീരനായ മൗലാനാ അബ്ദുല്ലാസാഹിബ് വന്നു അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചു. ഇതൊരു താത്കാലിക പരീക്ഷണമാണെന്നും താങ്കൾ എന്നെക്കാൾ ദീർഘായുഷ്മാനായിരിക്കുമെന്ന് പറഞ്ഞ് സാന്ത്വനിപ്പിക്കുകയുണ്ടായി. അക്ഷരാർത്ഥത്തിൽ അത് പുലരുകയും ചെയ്തു.

സൽഗുണങ്ങളുടെ പ്രതീകമായിരുന്ന അബ്ദുല്ലാസ്സാഹിബ് നാട്ടുകാർക്ക് വളരെ പ്രിയപ്പെട്ടവനായിരുന്നു. ഒരാൾക്കും പരേതൻ മോശമായി പെരുമാറിയ ഒരനുഭവവും ഇല്ല. അദ്ദേഹം കൃഷിപണി എടുത്തു. പണി എടുത്തുപോന്നത് ഏറെക്കാലം മംഗല ഡാമിലാണ്. അവിടുത്തുകാർ ഇദ്ദേഹത്തെ പടച്ചവൻ എന്ന് വിളിക്കും. വളരെ ആദരണീയനും ബഹുമാന്യനുമായി തന്നെ അദ്ദേഹം അംഗീകരിക്കപ്പെട്ടു.

എപ്പോഴും തബ്ലീഗ് ചെയ്യുക അബ്ദുല്ല സാഹിബിന്റെ ശീലമായിരുന്നു. മരണത്തിന്റെ രണ്ട് നാൾ മുമ്പു വരെ തബ്ലീഗ് ചെയ്യുകയുണ്ടായി. നല്ല ഒരു വായനക്കാരനായിരുന്ന അദ്ദേഹം സത്യദൂതൻ വന്നാൽ മുഴുവനും വായിച്ചെടുക്കുമായിരുന്നു.

പള്ളിയും പരിസരവും പരിപാലിക്കുക എന്നതിൽ അദ്ദേഹം പ്രത്യേക തത്പരനായിരുന്നു. പള്ളിക്ക് ചുറ്റും ആളുകൾ താമസിക്കുകയും പള്ളികാര്യങ്ങൾ നല്ലനിലയിൽ നടക്കുന്നതിലും വലിയ ആഗ്രഹക്കാരനുമായിരുന്നു. അതിന്നായി തന്റെ സ്വത്തിന്റെ ഹൃദയഭാഗത്തുനിന്ന് പുതിയ പള്ളി നിർമ്മാണത്തിന് 10 സെന്റ് സ്ഥലം വഖ്ഫ് ചെയ്യുകയും അതിലിപ്പോൾ പുതിയപള്ളി നിർമ്മാണം നടന്നുവരികയുമാണ്.

ജമാഅത്ത് പ്രസിഡന്റ്, സെക്ര: തഅ്ലീം, സെക്ര: തർബിഅത്ത് ഉമൂറെ ആമ, സഈം അൻസാറുല്ല എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മക്കളെയും പേരക്കുട്ടികളേയും ജമാഅത്തിന്റെ സേവനപാതയിൽ അണിനിരത്താനും അദ്ദേഹത്തിന് കഴിഞ്ഞു. മൗലവി ശഫീഖ് അഹ്മദ് സാഹിബ് പേരക്കുട്ടിയും മൗലവി നാസിർ അഹ്മദ് സാഹിബ് പേരകുട്ടിയുടെ ഭർത്താവുമാണ്.

സി. ഫാത്തിമ, മുഹമ്മദ്, സഫിയ, സക്കീന, ബശീർ അഹ്മദ്, അബ്ദുൾ കരീം, സിറാജുൽ മുനീർ, നുസ്രത്ത് എന്നിവർ മക്കളും അഹ്മദ് കുഞ്ഞിഹാജി കോഴിക്കോട്, മൊയ്തുട്ടി മുറിയക്കണ്ണി, ഇസ്സുദ്ദീൻ അബൂബക്കർ വാഴക്കാല, ടി.കെ ആമിന, നബീസ, ഹസീന, ഹസീന സിറാജ് എന്നിവർ ജാമാതാക്കളുമാണ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ

**അബ്ദുൾ ബഷീർ**

*പ്രസി: അഹ്മദിയ്യ മുസ്ലിം*

**ജമാഅത്ത് അലനല്ലൂർ**

# അബ്ദുറഹീം സാഹിബ്

അലനല്ലൂർ ജമാഅത്തിലെ അംഗം ജ:ബി. അബ്ദുറഹീം സാഹിബ് (56) 21–8–05ന് പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയിൽ വെച്ച് നിര്യാതനായി. ഇന്നാലില്ലാഹി.... പഴയങ്ങാടി ആദ്യകാല അഹ്മദി നാലകത്ത് ഹസ്സൻകുഞ്ഞ് സാഹിബിന്റെയും കണ്ണൂർ ജമാഅത്തിലെ കുഞ്ഞായിശ സാഹിബയുടെയും മകനാണ്. അബ്ദുറഹിം സാഹിബ്. പൂന ജമാഅത്തി ലും അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. ഭാര്യ നസീമ. മക്കൾ : ഹഫീസ് ആയിഷ, ഖൈറുന്നിസ. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തിൽ സ്ഥാനവും നൽകുമാറാകട്ടെ. ആമീൻ.

**എം. അബ്ദുൾ ബഷീർ**

*പ്രസി. അഹ്മദിയ്യാ മുസ്ലിം*


*ജമാഅത്ത്, അലനല്ലൂർ*

**അല്ലാഹുവിന്റെ ഇഷ്ടം**

വിശന്ന ഒരു ദരിദ്രനെ ഊട്ടുന്നതാണ് അല്ലാഹു ഏറ്റവും ഇഷ്ടപ്പെടുന്നത്. അല്ലെങ്കിൽ കടത്തിൽ പെട്ടുഴലുന്നവനെയോ, ഞെരുക്കത്തിൽ പെട്ടവനെയോ മോചിപ്പിക്കലുമാണ്.

***നബിവചനം***


# കേരളത്തിൽ നിയമിതരായ സോണൽ അമീർമാർ



**എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ**
(കാസർഗോഡ്, കണ്ണൂർ)



**ഏ. പി. കുഞ്ഞാമു സാഹിബ്**
(കോഴിക്കോട്, വയനാട്)




**പി. മുഹമ്മദലി മാസ്റ്റർ**
(മലപ്പുറം)



**പ്രൊഫ. അബ്ദുൽ കരീം സാഹിബ്**
(പാലക്കാട്, തൃശ്ശൂർ)



**ബി.ബി. അഹ്മദ് കബീർ സാഹിബ്**
(എറണാകുളം,ആലപ്പുഴ, ഇടുക്കി)



**പ്രൊഫ. അബ്ദുൽ ജലീൽ സാഹിബ്**
(കൊല്ലം, തിരുവനന്തപുരം)

## അല്ലാഹു നിങ്ങളുടെ കൂടെ

**ദൈവം നിങ്ങളെ നഷ്ടത്തിലാക്കുമെന്നു നിങ്ങൾ നിമിഷനേരം പോലും വിചാരിച്ചുപോകൊല്ലാ. നിങ്ങൾ ദൈവത്തിന്റെ കയ്യാൽ ഭൂമിയിൽ നടപ്പെട്ട ബീജമാകുന്നു. ഈ ബീജം മുളക്കുകയും വളരുകയും നാനാ ഭാഗങ്ങളിലും ശാഖകളായി പടരുകയും ഒരു വൻവൃക്ഷമായിത്തീരുകയും ചെയ്യുമെന്നു അല്ലാഹു പറയുന്നു. ആകയാൽ, ദൈവവിധിയിൽ വിശ്വാസം പുലർത്തുകയും ഇടയ്ക്ക് വച്ചുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവൻ അനുഗൃഹീതൻ..... അന്ത്യം വരെ സഹനം കൈക്കൊള്ളുന്നവരാകട്ടെ, ആപത്തുകളുടെ ഭൂകമ്പങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നാലും, വിപത്തുകളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും, ജനങ്ങളിൽ നിന്നു അങ്ങേയറ്റത്തെ പരിഹാസങ്ങളും നിന്ദനങ്ങളും ഏല്ക്കേണ്ടി വന്നാലും ലോകർ തങ്ങളോടു കഠിനമായ വെറുപ്പോടെ പെരുമാറിയാലും പിന്തിരിയാതെ ഒടുക്കം വിജയശ്രീലാളിതരായിത്തീരുന്നവരാകുന്നു. അനുഗ്രഹങ്ങളുടെ വാതിലുകൾ അവർക്കായി തുറന്നിടപ്പെടും.**

***ഹദ്റത്ത് അഹ്മദ് (അ) - (അൽവസിയ്യത്ത്)***